"ഒരു നല്ല അന്തഃകരണത്തിന്റെ സാക്ഷ്യം ഉള്ളിൽ ഇല്ലാത്ത ഒരു മനുഷ്യനും നിർഭയമായി ആനന്ദിക്കുവാൻ സാധിക്കുകയില്ല. എങ്കിലും നിർഭയമായ അവസ്ഥയെ പ്രാപിച്ച സിദ്ധന്മാർ എല്ലായ്പോഴും ഈശ്വരഭയം നിറഞ്ഞവരായിരുന്നു. അവർ മഹനീയഗുണങ്ങളാലും ദിവ്യാനുഗ്രഹങ്ങളാലും പരിശോഭിതരായിരുന്നു. എങ്കിലും അവരുടെ വിനയവും ശ്രദ്ധയും ഒട്ടും കുറഞ്ഞുപോയിരുന്നില്ല."

—ക്രിസ്ത്വാനുകരണം

# സത്യദീപം

"നിങ്ങൾ വേണ്ടതായവിധത്തിൽ വ്യാപരിക്കുവാനും, സകല സൽപ്രവൃത്തികളാലും ദൈവത്തെ പ്രസാദിപ്പിക്കുവാനും, ഫലങ്ങൾ നൽകുവാനും, ദൈവജ്ഞാനത്തിൽ വളരുവാനും, പൂർണ്ണമായ ക്ഷമയും ദീർഘശാന്തതയുംമൂലം ദൈവത്തിന്റെ മഹിമയുടെ വലിപ്പത്തിനൊത്തവണ്ണം എല്ലാ ശക്തിയിലും ബലം പ്രാപിക്കുവാനും...... നിങ്ങളെക്കുറിച്ച് പ്രാർത്ഥിക്കുന്നതിലും അപേക്ഷിക്കുന്നതിലുംനിന്നു ഞങ്ങൾ വിരമിക്കുന്നില്ല"

—കൊലോ. I. 10-12

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 നവംബർ 20—ബുധനാഴ്ച | Vol. 31, No. 15

# നിത്യസഹായമാതാവിനോടുള്ള ഭക്തി

(ടി. ഡി. തോമസ്, പനങ്ങാട്)

ലോകം ഒരവസരത്തു ധാർമ്മികമൂല്യങ്ങളെ മുറുകെപ്പിടിച്ചു ജീവിക്കുമ്പോൾ വേറൊരു വശത്തു അധാർമ്മികത പുരോഗമിക്കുന്ന ദയനീയകാഴ്ചയാണ് ഇന്നു നാം കാണുന്നതു്. വാളിന്റെയും തോക്കിന്റേയും ജററു വിമാനങ്ങളുടേയും കാലം മാറി, റോക്കററിന്റേയും സ്പുട്നിക്കിന്റേയും യുഗത്തിലേക്കാണു് മനുഷ്യൻ ഇന്നു കടന്നിരിക്കുന്നതു്. ഭാവിയെപ്പററി ജനങ്ങൾ ആകുലചിത്തരാകുന്നു; എന്തെല്ലാമോ സംഭവിക്കാൻ പോകുന്നതിന്റെ ആരംഭമണികിലുക്കങ്ങൾ അവരുടെ ഹൃദയത്തുടിപ്പുകളിൽ പ്രതിധ്വനിക്കുന്നു. നിമിഷങ്ങൾ കഴിയുന്നതോടൊപ്പം ആധിയും വ്യാധിയും അരക്ഷിതത്വവും ഒരു നീരൊഴുക്കുപോലെ കടന്നുപോകുന്നു. ഇതിന്റെയെല്ലാം ആരംഭം എവിടെനിന്നാണെന്നു് ഒരു പിടിയും കിട്ടുന്നില്ല. ഇങ്ങനെ അപകടപൂർണ്ണമായ ഒരു പ്രതിസന്ധിയിലാണു് നാമിപ്പോൾ നിലകൊള്ളുന്നതു്. എങ്കിലും എന്തുകൊണ്ടാണെന്നു് അറിയുന്നില്ല നമ്മിൽ അധികംപേരും അതിന്റെ ഭയാനകമായ ഉഗ്രത ദർശിക്കാത്തതു്? ഒരുനാൾ തങ്ങളെത്തന്നെ കുററപ്പെടുത്തേണ്ടിവരുമെന്ന പേടി, അല്ലെങ്കിൽ കാലത്തിന്റെ പോക്കു് അളന്നു തിട്ടപ്പെടുത്തുന്നതിനു ഒരു മാനദണ്ഡം അവർക്കില്ലെന്നുള്ളതു്. നീണ്ടുനായകഘട്ടത്തെ കുറിക്കുന്ന ഈ സന്ദർഭത്തിൽ കേരളീയ കത്തോലിക്കരുടെ ചുമതല അതർഹിക്കുന്നവിധം ഗൗരവതരമായിരിക്കുന്നെന്നു മനസ്സിലാക്കുക. കേരളത്തിൽ ഇരമ്പിപ്പൊങ്ങിക്കൊണ്ടിരിക്കുന്ന വിനാശപരിവർത്തനങ്ങളെക്കുറിച്ചു് വേണ്ടത്ര ബോധമില്ലാത്തവരാണു് നമ്മിൽ അധികംപേരും. നാം ജീവിക്കുന്ന കാലത്തിന്റെ സൂചനകൾ നമുക്കറിവുണ്ടോ? നാം സമരത്തിലേർപ്പെട്ടു. എന്നാൽ അതിന്റെ ലക്ഷ്യം പ്രാപിച്ചോ? തീർച്ചയായും ഇല്ല. ബലഹീനമായ സഹിഷ്ണുത രക്ഷ കൈവരുത്തുകയില്ല. വിശ്വാസികൾ പ്രസാദവരസ്ഥിതിയിൽ ഉറച്ചുനിന്നെങ്കിൽ! പ്രാർത്ഥനയുടെ വെളിച്ചം ലഭിച്ചിട്ടില്ലാത്തവർ അതിന്റെ വില മനസ്സിലാക്കണം. അടുത്ത തലമുറ നമ്മെ പഴിക്കാതിരിക്കാൻ, വിറകൊള്ളുന്ന നമ്മുടെ കാൽമുട്ടുകൾ നിശ്ചലമാക്കി ഉയർന്നു പ്രാർത്ഥിക്കണം.

കേരളകത്തോലിക്കർ ദൈവമാതൃഭക്തിക്കു് കാലങ്ങൾമുമ്പേ കീർത്തി നേടിയിട്ടുണ്ടു്. പരിശുദ്ധ ദിവ്യാംബികയോടുള്ള സീമാതീതമായ ഭക്തി നമ്മെ കാലങ്ങൾ കഴിയുന്തോറും പുതിയ മൂശയിൽ വാർത്തുകൊണ്ടിരിക്കുന്നു. ജപമാലയാകുന്ന ആയുധംകൊണ്ടു് എന്തെന്തു കാര്യങ്ങൾ നമ്മൾ നേടിയിട്ടില്ല! അതെല്ലാം മാതാവു് അപ്പഴപ്പോൾ നൽകുന്ന അനുഗ്രഹങ്ങളിൽ അധിഷ്ഠിതമായിരിക്കും.

പരിശുദ്ധ മറിയം നേരിട്ടും അല്ലാതേയും പലവിധ സംജ്ഞകൾ നമുക്കു നൽകിയിട്ടുണ്ടു്. അതിൽ ഏററവും ഹൃദ്യമായി തോന്നുന്നതും ഭക്തിയെ ദ്യോതിപ്പിക്കുന്നതുമായ ഒരു സംജ്ഞ നിത്യസഹായമാതാവെന്നുള്ളതാണു്. കേരളീയരിൽ സിംഹഭാഗവും ഈ പേരു് കേട്ടുതുടങ്ങിയിട്ടു് അധികം കാലമായില്ലെങ്കിലും ഇവിടെ ഏതാണ്ടു് 35 കൊല്ലത്തെ പഴക്കമുണ്ടു് ആ ഭക്തിക്കു്. റോമിൽ റെഡംപ്റററിസ്റ്റ് സഭയുടെ കേന്ദ്രസ്ഥാനമായ വി. അൽഫോൻസിന്റെ ദേവാലയത്തിൽ വളരെ ഭക്ത്യാദരപൂർവ്വം നിത്യസഹായമാതാവിന്റെ അത്ഭുതചിത്രം വണങ്ങപ്പെട്ടുതുടങ്ങിയതു് 1866 ഏപ്രിൽ 26-ാംനു മുതലാണു്. അന്നുമുതൽ മാതാവിനോടുള്ള ഭക്തി പുതിയൊരു വഴിത്തിരിവിലേക്കു പ്രവേശിച്ചിരിക്കുന്നു. ഇതിന്റെ ആദ്യഘട്ടം മുതൽ വി. അൽഫോൻസിന്റെ ദേവാലയം ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും മരിയഭക്തരെ ആകർഷിക്കത്തക്കവിധം പ്രസിദ്ധമായിത്തീർന്നു. ഇന്നു് ഇതിന്റെ പ്രസിദ്ധി ലോകമെങ്ങും വ്യാപിച്ചിട്ടുണ്ടു്. നിത്യസഹായമാതാവിന്റെ തിരുസ്വരൂപങ്ങൾ മിക്ക കത്തോലിക്കാ ഭവനങ്ങളിലും സ്ഥലം പിടിച്ചുകഴിഞ്ഞു.

ഒൻപതാം പീയൂസ് മാർപ്പാപ്പാ മാതാവിനോടുള്ള ഭക്തി പ്രചുരപ്രചാരമാക്കുന്നതിനു് ഈ അത്ഭുതസ്വരൂപത്തിൽ മാതാവിനേയും ദിവ്യഉണ്ണിയേയും ആഘോഷമായി മുടി ചൂടിക്കുന്നതിനു് കല്പിച്ചു. 1867-ൽ ആ ദിവ്യകർമ്മം യഥാവിധി നടത്തപ്പെടുകയും മാർപ്പാപ്പാ ഒരു പ്രത്യേക കല്പനവഴി ജൂൺ 27-ാംനു മാതാവിന്റെ തിരുനാൾ കൊണ്ടാടുന്നതിനു് നിശ്ചയിക്കുകയും ചെയ്തു. തുടർന്നു വി. അൽഫോൻസിന്റെ ദേവാലയത്തിൽ സ്ഥാപിച്ചിട്ടുള്ള സഖ്യത്തെ ഒരതിസഖ്യമായി ഉയർത്തുകയും അതിനെ നിത്യസഹായ മാതാവിന്റേയും വി. അൽഫോൻസിന്റേയും സഖ്യമെന്നു നാമകരണം ചെയ്യുകയുംചെയ്തു. ഇതേ കാലഘട്ടത്തിൽ റെഡംപ്റററിസ്റ്റ് സഭാ വൈദികർ മാതാവിന്റെ ഭക്തി പ്രചരിപ്പിക്കുന്നതിനായി വ്രതമെടുത്തു ലോകത്തിന്റെ നാനാഭാഗങ്ങളിലും ചുററി സഞ്ചരിക്കുവാൻ ഇടങ്ങി.

എന്നാൽ ഇന്ത്യയിൽ ഇവർ വരുന്നതിനുമുമ്പുതന്നെ നിത്യസഹായമാതാവിനെപ്പററി കേരളീയർ അറിഞ്ഞുകഴിഞ്ഞിരുന്നു. ബാംഗ്ലൂരിൽ ഇൻഡ്യയുടെ ഡലഗാട് അപ്പസ്തോലിക്കാ ആയിരുന്ന മോൺ: പിസാനിയുടെ സെക്രട്ടറിയായി 1920മുതൽ മൂന്നുകൊല്ലം പ്രശസ്ത സേവനമനുഷ്ഠിച്ചിരുന്ന റവ. ഡോ. ജോസഫ് പൈനുങ്കൽ, പിഎച്ച് ഡി, ബി ഡി ആണു് നിത്യസഹായമാതാവിന്റെ ഭക്തി ഇവിടെ പ്രചരിപ്പിക്കാൻ ആദ്യമായി ആരംഭിച്ചതു്. അദ്ദേഹം റോമിൽ പഠിച്ചിരുന്ന കാലത്തുതന്നെ നിത്യസഹായമാതാവിന്റെ ഭക്തനായിരുന്നു. മാതാവിന്റെ പ്രത്യേക അനുഗ്രഹംകൊണ്ടാണു് റോമിൽവച്ചുതന്നെ അദ്ദേഹത്തിനു പട്ടം സ്വീകരിക്കാൻ ഇടയായതു്. 1920 ഏപ്രിൽ 3-ാംനു കുർബാനപ്പട്ടം സ്വീകരിച്ചു അദ്ദേഹം അക്കൊല്ലം ഓഗസ്റ്റ്മാസത്തിൽ റോമിൽനിന്നും മടങ്ങിവന്ന ഉടനെ ഡലഗാദിന്റെ സെക്രട്ടറിയായി നിയമിതനാകുകയും ചെയ്തു. തന്റെ ആഗ്രഹംപോലെ മാതാവിന്റെ ഈ ഭക്തി പൊതുജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കാൻ 1923 വരെ തന്മൂലം സൗകര്യം ലഭിച്ചില്ല. ജോലി തീർന്നയുടനെ അദ്ദേഹത്തെ എറണാകുളം മിസ്സത്തിൽപെട്ട പുതിയകാവു പള്ളിവികാരിയായി നിയമിച്ചു. ഇക്കാലത്തായിരുന്നു നിത്യസഹായമാതാവിന്റെ നാമധേയത്തിൽ ഒരു ദേവാലയം എവിടെയായാലും സ്ഥാപിക്കാൻ അദ്ദേഹം ആഗ്രഹിച്ചതും, പുതിയകാവു് ഇടവകാതിർത്തിയിൽപെട്ട ചാത്തമ്മ എന്ന സ്ഥലത്തു ഒരു പള്ളി സ്ഥാപിക്കാൻ ആ നാട്ടുകാർ ഉൽസുകരാണെന്നറിഞ്ഞതും. തന്മൂലം ചാത്തമ്മയിൽ അതിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്യുവാൻവേണ്ടി ശ്രമിച്ചു. ആദ്യഘട്ടം വളരെ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നെങ്കിലും മാതാവിന്റെ അനുഗ്രഹങ്ങൾകൊണ്ടു് വിഷമങ്ങൾ കാലക്രമത്തിൽ പരിഹൃതമാവുകയാണുണ്ടായതു്. വെറും ചെളിപ്രദേശമായ അവിടെ ഒരു ഷെഡ്ഡ് കെട്ടിയായിരുന്നു ആദ്യകാലത്തു ദിവ്യബലി അർപ്പിച്ചുതുടങ്ങിയതു്.

1924 നവംബർ 22-ാംതിയതി ആദ്യമായി അവിടെ ദിവ്യബലി അർപ്പിച്ചു. ഈ 22-ാംനു കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണു് ഈ പള്ളിയിലെ നിത്യസഹായമാതാവിന്റെ മാദ്ധ്യസ്ഥതിരുനാൾ ആഘോഷിക്കുന്നതു്. ഇക്കൊല്ലം നവംബർ 24-ാംനു ഞായറാഴ്ചയാണതു്. നവംബർ 22-ാംതിയതിക്കു പ്രാധാന്യം കൊടുക്കാൻ കാരണമുണ്ടു്. ഒമ്പതാംപീയൂസ് മാർപ്പാപ്പായുടെകാലത്തു് തിരുസഭയ്ക്കു ഒരു ദുർഘടദശനേരിട്ടിരുന്നു. അതിൽനിന്നു തിരുസഭയെ രക്ഷിക്കാൻ റോമിലെ പരിശുദ്ധദേവമാതാവിന്റെ ഭക്തിയിൽ പ്രശസ്തിയുള്ള 30 പള്ളികൾ തിരഞ്ഞെടുത്തു. മാസത്തിൽ ഓരോ ദിവസം ഓരോ പള്ളിയിൽ മാർപ്പാപ്പായുടെ നിയോഗപ്രകാരം തിരുസഭയ്ക്കുവേണ്ടി പ്രത്യേക ഭക്തകൃത്യങ്ങൾ നടത്തുന്നതിനു് നിർദ്ദേശമുണ്ടായി. നിത്യസഹായമാതാവിന്റെ തിരുപ്പടം പ്രതിഷ്ഠിച്ചിട്ടുള്ള പള്ളിയിൽ എല്ലാ മാസത്തിലും 22-ാംതിയതിയായിരുന്നു ഈ തിരുനാൾ നടത്തിവന്നിരുന്നതു്. ഈ ദിവസം ഇവിടേയും തിരഞ്ഞെടുത്തു.

കുമ്പളം, പുതിയകാവു് എന്നീ ഇടവകയിൽപെട്ട ഏതാണ്ടു് നൂറിൽപരം വീട്ടുകാരെ ചേർത്തു് കാലാന്തരത്തിൽ ചാത്തമ്മ ഒരു ഇടവകപ്പള്ളിയാക്കി സ്ഥാപിച്ചു. കഴിഞ്ഞ 33 വർഷംകൊണ്ടു് ഈ ഇടവകയ്ക്കു ഒരു മഠവും, സ്കൂളും അതിനോടനുബന്ധിച്ചു് ഒരു പള്ളിക്കു് ആവശ്യമായ മററു സൗകര്യങ്ങളും ഉണ്ടായിട്ടുണ്ടു്. കഴിഞ്ഞ 33 കൊല്ലങ്ങളിൽ മൂന്നുനാലു കൊല്ലങ്ങൾ ഒഴിച്ചുള്ള കാലമത്രയും ഈ ഇടവകയെ ഭരിച്ചുപോന്നിട്ടുള്ളതു് ബ. പൈനുങ്കലച്ചനാണു്. ചാത്തമ്മയിലെ അത്ഭുതകരമായ പരിവർത്തനങ്ങൾക്കു് കാരണം. ബ. പൈനുങ്കലച്ചന്റെ നിരന്തരപരിശ്രമവും മാതാവിന്റെ പ്ര

(ശേഷം 5-ാംപേജിൽ)



സംഗീതമദ്ധ്യസ്ഥയായ വി. സിസിലിയാ

(തിരുനാൾ—നവംബർ 22)

# മതവും കമ്മ്യൂണിസവും

## കമ്മ്യൂണിസം മതവിരുദ്ധമായ, അക്രമപ്രസക്തമായ ഒരു സംഘടനയാണ്

(എസ്. പി. കാച്ചപ്പിള്ളി, ആലുവാ)

(തുടർച്ച)

ദൈവത്തിൽ വിശ്വസിക്കുന്ന ഒരുവനു് ദൈവനിവേശിതമായ തത്വസംഹിതയിൽ— യഥാർത്ഥത്തിൽ ദൈവസ്ഥാപിതമായ മതത്തിൽ—വിശ്വസിച്ചേ മതിയാവൂ. അല്ലാത്തപക്ഷം ആ ദൈവവിശ്വാസം നിരർത്ഥകമാണു്. സത്യാസത്യങ്ങളെ വിവേചിച്ചറിയുന്നതിനു് മനുഷ്യനു് ധാർമ്മികമായ ഒരു ചുമതലയുണ്ടു്. കാരണം അവനു് ദൈവം വിശേഷബുദ്ധിയും സ്വാതന്ത്ര്യമനസ്സും നൽകിയിരിക്കുന്നു. ഇവ രണ്ടും അനുശാസിക്കുന്നതു് എന്തു്? നന്മയെ സ്വീകരിപ്പാൻ, തിന്മയെ വർജ്ജിക്കുവാൻ. സത്യം ഗ്രഹിക്കണമെന്നു് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവൻ—ലോകത്തിലുള്ള വിവിധ മതങ്ങളിൽ ഏതാണു് സത്യപ്രകാശിതമെന്നറിവാനഭിലഷിക്കുന്ന നിഷ്പക്ഷനിരീക്ഷകൻ—ആദ്യമായി ചെയ്യേണ്ടതു് എന്താണു്? എല്ലാ മതങ്ങളെപ്പററിയും സമഗ്രമായി പഠിക്കുക. യുക്തിക്കും വിശേഷബുദ്ധിക്കും കൂടുതൽ നന്മയെന്നു തോന്നുന്നതിനെ സ്വീകരിക്കുക. ഒന്നുതീർച്ചയാണു്. ദൈവം ഒരുവൻ മാത്രമുള്ളതുപോലെ ദൈവസ്ഥാപിതമതം ഒന്നുമാത്രമേയുണ്ടാകുവാൻ പാടുള്ളു. അല്ലാത്തപക്ഷം യുക്തിഭംഗമാണു്— നീതിവിരുദ്ധമാണു്—കാര്യം. സത്യം ഏതെന്നു ഗ്രഹിച്ചാൽ അതിനെ സ്വീകരിപ്പാനുള്ള സന്മനസ്സ് ഏതൊരു സത്യാന്വേഷിക്കും ഉണ്ടായിരിക്കണം. അതു് അത്യാവശ്യം. കത്തോലിക്കാസഭ—മതം— ദൈവസ്ഥാപിതമാണെന്നു് കണ്ണടച്ചുവിശ്വസിക്കേണ്ടതില്ല. ലോകത്തിലെ മഹാന്മാരും ശാസ്ത്രജ്ഞന്മാരും അങ്ങനെ വിശ്വസിച്ചുകൊണ്ടല്ല, സഭാരാമത്തിലേക്കു്— സത്യപ്രകാശത്തിലേക്കു്— ആനീതരായിട്ടുള്ളതു്. അതു് നില്ക്കട്ടെ.

ഇനി, കമ്മ്യൂണിസത്തിനു് പൊതുവെ മതത്തെപ്പററിയുള്ള അഭിപ്രായമെന്തെന്നു് നോക്കാം. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഒരു പ്രമുഖ നേതാവായ സഖാവു് ജീ. അധികാരി മീററു് ഗൂഢാലോചനക്കേസിൽ കൊടുത്ത മൊഴി ഇങ്ങനെയാണു്: "മാർക്സിൻെറ അനുയായികളും ഭൗതികവാദികളുമെന്നനിലയിൽ ഞങ്ങൾ മതത്തിൻെറ കഠിനവിരോധികളും ദൈവത്തെ നിഷേധിക്കുന്നവരുമാണു്. പ്രചരണങ്ങൾകൊണ്ടുമാത്രം മതത്തെ ഉന്മൂലനം ചെയ്യാൻ സാധിക്കയില്ലെന്നു ഞങ്ങൾക്കറിയാം. വർഗ്ഗസമരത്തിൻെറ അടിസ്ഥാനത്തിന്മേലായിരിക്കണം മതത്തോടുള്ള പോരാട്ടം എന്നു് ലെനിൻ ശക്തിയായി പറഞ്ഞിട്ടുണ്ടു്. മതനശീകരണവേലയെ സംബന്ധിച്ചുള്ള ഞങ്ങളുടെ പ്രവർത്തനത്തെപ്പററി ഇൻറർനാഷണലിൻെറ 5-ാമത്തെ സമ്മേളനത്തിൽ വിശദമാക്കിയിട്ടുള്ളതു് ഇങ്ങനെയാണു്: മതത്തോടുള്ള പോരാട്ടം ബുദ്ധിപൂർവ്വകമായും സൂക്ഷ്മതയോടുകൂടിയും നടത്തണം. പ്രത്യേകിച്ച അനുദിനജീവിതത്തിൽ മതബോധനം ശക്തിയായി വേരൂന്നിയിട്ടുള്ള തൊഴിലാളിവിഭാഗത്തിൽ ഈ സമരം വളരെ സൂക്ഷിച്ചുവേണ്ടതാണു്."

മതം യഥാർത്ഥമായ സംസ്കാരം മനുഷ്യനു് നൽകുന്നു എന്ന വസ്തുത ലോകചരിത്രം തെളിയിക്കുന്നു. നാഥനില്ലാത്ത കുടുംബംപോലെ, മതവിഹീനമായ സമുദായരാഷ്ട്രങ്ങൾ തികച്ചും അരക്ഷിതാവസ്ഥയിലും അസാന്മാർഗ്ഗികതയിലും നിമഗ്നമാകുമെന്നുള്ളതിനു സംശയമില്ല. ഈ യാഥാർത്ഥ്യത്തെ അവഗണിച്ചുകൊണ്ടുള്ള കമ്മ്യൂണിസത്തിൻെറ ദുഷിച്ച നിലപാടു നാം കണ്ടുകഴിഞ്ഞു. ജുഗുപ്സാവഹമായ മൃഗീയപ്രവണതകളിലേക്കു് മനുഷ്യമനസ്സുകളെ ഹഠാദാകർഷിക്കുന്നതു് സാംസ്കാരികാധഃപതനമാണു്. ഈജിപ്തു്, മെസപ്പൊട്ടേമിയാ, ഗ്രീസ് മുതലായ രാജ്യങ്ങളിലെ പുരാതനസംസ്കാരങ്ങൾ എന്തുകൊണ്ടാണു് അസ്തമിച്ചതെന്നറിയാമോ? മതത്തെപ്പററിയുള്ള മതിപ്പു്, പഠനം, ജിജ്ഞാസ ഇവ കുറഞ്ഞുവന്നു. ഇതാണു് കാരണം. മതസിദ്ധാന്തങ്ങളിൽ സാർവ്വത്രികമായി കാണുന്ന ശാശ്വതമൂല്യങ്ങളെ നാം അർഹിക്കുന്ന ഗൗരവത്തിൽ സ്വീകരിച്ചു നടപ്പിൽ വരുത്തിയേ മതിയാവൂ. കാരണം, നമ്മുടെ ശരീരം ദുർബലമാണു്. ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടില്ല, "ആത്മാവു ഒരുക്കമുള്ളതാകുന്നു. ശരീരമോ ദുർബലം" എന്നു്. തക്കസമയത്തു് വേണ്ട ആദ്ധ്യാത്മികപ്രചോദനങ്ങൾ നൽകിയില്ലെങ്കിൽ, ആത്മശക്തി, വീര്യം, ആരോഗ്യപൂർണ്ണമായി വളരുകയില്ല.



വി. പത്താംപീയൂസിൻെറ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എനിക്കു സുഖം ലഭിച്ചതിനു ഉപകാരസ്മരണ.

O. M. K., Venmanad

ഇന്നത്തെ യുവതലമുറയിൽ പല അഭിപ്രായക്കാരുണ്ടു്, ആദ്ധ്യാത്മികരംഗങ്ങളെപ്പററി. എന്തു തിന്നും, കുടിക്കും എന്നു പ്രധാനമായി ചിന്തിക്കുന്ന ഉദരംഭരികൾ ഒരുവശത്തു്. മറുവശത്തു്, ദൈവത്തെ ആരുകണ്ടു എന്നെല്ലാം ബാലിശമായി പുലമ്പുന്ന പ്രത്യുന്നനിരീശ്വരന്മാർ. ദൈവമുണ്ടെങ്കിൽത്തന്നേയും മതം എന്നൊന്നു് ആവശ്യമില്ലെന്നു് വാദിക്കുന്ന നിർമ്മതസ്ഥർ മറെറാരു കൂട്ടർ. ഇനിയുമുണ്ടു് അന്യഥാ ചിന്തിക്കുന്നവർ മതം വേണം; എന്നാൽ ഒരു വ്യവസ്ഥാപിതമതം വേണമെന്നില്ല എന്നാണവരുടെ അഭിമതം അവരെ പ്രാപഞ്ചികന്മാർ എന്നു വിളിക്കാം. ഇങ്ങനെ ആശയവൈരുദ്ധ്യങ്ങൾനിറഞ്ഞ—മാർഗ്ഗഭ്രംശം സംഭവിച്ച ഒരു പുരോഗമനയുഗത്തിലാണു് ഇന്നു് നാം ജീവിക്കുന്നതു്. ഈദൃശ ഭിന്നാഭിപ്രായങ്ങൾക്കുള്ള ഉപാധി ആത്മജ്ഞാനത്തിൻെറ അഭാവമാണെന്നു പറയുന്നതിൽ തെററില്ല. താൻ ആരാണു് എന്നറിയുവാൻ പോലുമുള്ള വിനയം മനുഷ്യഹൃദയങ്ങളിൽനിന്നും പമ്പകടന്നുപോയി.

"ദൈവഭയമാകുന്നു വിജ്ഞാനത്തിൻെറ ആരംഭം" എന്നു സോളമൻ പറഞ്ഞു. ഈ തത്വത്തെ ഉദ്ധരിച്ചുകൊണ്ടു്, കേരളപുരോഗമനസാഹിത്യകാരന്മാരിൽ ഒരാളായ ശ്രീ കുററിപ്പുഴ കൃഷ്ണപിള്ള ഒക്ടോബറിലെ "യുക്തിവാദി"യിൽ എഴുതിയിരിക്കുന്നതു കണ്ടു, "സംശയമാണു് ജ്ഞാനത്തിൻെറ ആരംഭം" എന്നു്. നോക്കുക, നമ്മുടെ മാതൃരാജ്യമായ കേരളം, അല്ലാ, പുരോഗമനമാകുന്ന പഞ്ചസാരയിൽപ്പൊതിഞ്ഞ നമ്മുടെ മലയാളസാഹിത്യലോകം എത്രകണ്ടു അധഃപതിച്ചു! പു. സാ. എന്ന ഈ പാഷാണം ഭുജിച്ചു് നമ്മുടെ എത്രയോ സഹോദരങ്ങൾ ആദ്ധ്യാത്മികാപമൃത്യുവിനിരയായിട്ടുണ്ടു്. ആകുന്നുണ്ടു് എന്നാരറിഞ്ഞു! വഴിപിഴച്ച ആശയഗതികൾ—വിഷവിജങ്ങൾ—കുത്തിവയ്ക്കുന്നതിൽ ഒരു പ്രമുഖസ്ഥാനം, നമ്മുടെ പല പുരോഗമനസാഹിത്യഗ്രന്ഥങ്ങൾക്കുമുണ്ടു്. അവയുടെ പ്രചരണമാണു്, മതവിരോധികൾക്കും സർവ്വോപരി നിരീശ്വരന്മാർക്കും നമ്മുടെ കേരളക്കരയിൽ പ്രചോദനം നൽകുന്നതു് എന്ന വാസ്തവം ഞാൻ ഇതു എഴുതുന്നതിൽ, എൻെറ സ്നേഹിതന്മാർ മുഷിയരുതെ. ഉറച്ച ഈശ്വരവിശ്വാസികളുടെ ഒരു സാഹിത്യസംഘടന കേരളക്കരയിൽ ഉണ്ടായേ മതിയാവൂ അതിനു മാത്രമേ സംസ്കാരസമ്പന്നമായ — സന്മാർഗ്ഗാധിഷ്ഠിതമായ— ഒരു കേരളജനതയെ വാർത്തെടുക്കുവാൻ കഴികയുള്ളു. ഇത്രയും എഴുതിയതിൽനിന്നു്, കേരളനിവാസികളായ നാം എല്ലാവരും അസംസ്കൃതരും അസാന്മാർഗ്ഗികളുമാണെന്നു് വിവക്ഷയില്ല. പു. സാ. ക്കാരെല്ലാം ഈവിധമുള്ളവരെന്നും എനിക്കഭിപ്രായമില്ല. ഏതായാലും മലയാളസാഹിത്യത്തിൽ വിപ്ലവപരമായ ഒരു പുനഃപ്പരിവർത്തനം വന്നേ മതിയാവൂ. ഇത്രമാത്രമേ സാന്ദർഭികമായി ഇപ്പോൾ ഞാൻ പറയുന്നുള്ളു.

കമ്മ്യൂണിസത്തിൻെറ മതവിരോധം എത്ര ശക്തിമത്താണെന്നു് താഴെ എഴുതുന്ന തെളിവുകളിൽനിന്നു് മനസ്സിലാക്കാം. Religion എന്ന പേരിൽ ലെനിൻ എഴുതിയിട്ടുള്ള പുസ്തകത്തിൽ, 8-ാംപേജിൽ പറയുന്നു: "തൊഴിലാളികളെ മതബോധത്തിൽനിന്നും നിശ്ശേഷം അടർത്തിയെടുക്കുന്നതിനു്, വിപ്ലവാനന്തരമുണ്ടാകുന്ന കമ്മ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിക്കേ സാധിക്കൂ" എന്നു്.

മറെറാരു കമ്മ്യൂണിസ്റ്റ്ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ നോക്കുക: "സാംസ്കാരികവിപ്ലവത്തിനുള്ള പരിപാടിയിൽ മതബോധത്തോടുള്ള എതിർപ്പു ഏററവും പ്രധാനപ്പെട്ടതാണു്. മതത്തോടുള്ള ഈ സമരം ക്രമീകൃതവും അനുസ്യൂതവുമായിരിക്കട്ടെ." (Ref- "Answers to Communism" Page 31)

(തുടരും)

# ചോദിച്ചാൽ പറയാം

170. ചോ: പെസഹാവ്യാഴാഴ്ച ഉച്ചകഴിഞ്ഞും ദുഃഖശനിയാഴ്ചയും എന്തെങ്കിലും ജോലിചെയ്യാമോ? ചാവുദോഷത്തിൻകീഴ് കടപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം ജോലി?

(കെ. എം. എസ്. അറക്കുളം)

ഉ: ദുഃഖവെള്ളിയാഴ്ച ജോലി ചെയ്യുവാൻ പാടില്ലെന്നു ചാവുദോഷത്തിൻകീഴ് കടപ്പെടുത്തിയിട്ടില്ല. നമ്മുടെ കർത്താവു നമുക്കുവേണ്ടി പാടുപീഡകൾ സഹിച്ചതിൻെറയും കുരിശുമരണം വരിച്ചതിൻെറയും വാർഷികദിനമാണു് ദുഃഖവെള്ളിയാഴ്ച. ആകയാൽ ആ ദിനത്തെ സഭയുടെ ആരംഭകാലംമുതൽതന്നെ വിശ്വാസികൾ അത്യന്തം ഭക്തിബഹുമാനങ്ങളോടെയാണു ആചരിച്ചുപോന്നതു്. ക്രിസ്തുവിൻെറ പാടുപീഡകളെപ്പററി ധ്യാനിക്കുന്നതിനും, നമ്മുടെ ആത്മരക്ഷയെപ്പററി ചിന്തിക്കുന്നതിനും ഇതിനേക്കാൾ ഉചിതമായ ഒരു ദിനമില്ല. ആകയാൽ ദുഃഖവെള്ളിയാഴ്ച യാതൊരുവിധ ജോലിയും ചെയ്യാതെ തീർത്തും ഭക്തിമയമായ ഒരു അന്തരീക്ഷത്തിൽ കഴിച്ചുകൂട്ടുന്ന ഒരു പാരമ്പര്യമാണു നമുക്കുള്ളതു്. അടുത്ത കുറച്ചുകാലങ്ങളായി അതിനു ഒരു ലാഘവം വന്നിട്ടില്ലേയെന്നു സംശയിക്കണം. ആ പഴയ നടപടിയിലേക്കു പിന്തിരിയുക അഭിനന്ദനീയമായിരിക്കും.

യഹൂദന്മാർ സന്ധ്യയോടു സന്ധ്യയാണല്ലോ ദിവസം കണക്കാക്കിയിരുന്നതു്. തന്മൂലം നമ്മുടെ കർത്താവിൻെറ പാടുപീഡകൾ വെള്ളിയാഴ്ചയായിരുന്നുവെന്നു പറയുമ്പോൾ, യഥാർത്ഥത്തിൽ അതു് ആരംഭിച്ചതു് വ്യാഴാഴ്ചയാണു്. അന്തിമഭോജനംകഴിഞ്ഞു് അവിടുന്നു് ഗത്സെമനിയിലേക്കു പ്രാർത്ഥിക്കുവാൻ പോകുന്നതു് വ്യാഴാഴ്ച രാത്രിയിലാണു്. യൂദാസ് ഒററിക്കൊടുക്കുന്നതും അവിടുത്തെ ബന്ധിക്കുന്നതുമെല്ലാം രാത്രിയിൽതന്നെ. ആകയാൽ അവിടുത്തെ പാടുപീഡകൾ ആരംഭിക്കുന്നതു പെസഹാവ്യാഴാഴ്ച ഉത്തരാർദ്ധത്തിലാണു്. അതുകൊണ്ടായിരിക്കണം പെസഹാവ്യാഴാഴ്ചയും യാതൊരു ജോലിയും ചെയ്യാതിരിക്കുകയെന്നൊരു പാരമ്പര്യം നമ്മുടെ ഇടയിലുണ്ടായതു്. ദിവ്യകാരുണ്യസ്ഥാപനത്തിൻെറ വാർഷികദിനംകൂടിയായ അന്നു് വിശുദ്ധ കുർബാനയുടെ സന്നിധിയിലെത്തി ആരാധന നടത്തുന്നതിനു് വേലപ്രവൃത്തികളിൽനിന്നു് ഒഴിഞ്ഞിരിക്കേണ്ടതു് ആവശ്യവുമാണല്ലോ. എന്നാൽ അന്നേദിവസവും വേലകളും മററും ചെയ്യരുതെന്നു ചാവുദോഷത്തിൻകീഴ് കടപ്പെടുത്തിയിട്ടില്ല കടപ്പെടുത്തിയിട്ടില്ലെങ്കിലും അടിമവേലകളിലേപ്പെടാതെ ധ്യാനത്തിലും പ്രാർത്ഥനയിലും ആരാധനയിലും ആ ദിവസം ചെലവഴിക്കുന്നതു അഭിനന്ദനീയമായ ഒരു നടപടിയായിരിക്കും.

171. ചോ: എ. ഡി. 2000 തികയുമ്പോൾ ലോകാവസാനമാകുമെന്നു്, ബൈബിളിൽ പറഞ്ഞിട്ടുള്ള ഓരോ കാര്യങ്ങളിൽനിന്നു് വിശ്വസിച്ചു ഊഹിക്കുന്നതിൽ തെററുണ്ടോ?

(കെ. എം. എസ്. അറക്കുളം)

ഉ: ബൈബിളിൽ അങ്ങനെ വ്യക്തമായി പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു് എന്തിനു് അങ്ങനെ ഊഹിച്ചു വിശ്വസിക്കുന്നു? ലോകം എന്നവസാനിക്കുമെന്നറിയുവാൻ എല്ലാവർക്കും ഉൽക്കണ്ഠയുണ്ടെന്നുള്ളതു ശരിതന്നെ. അപ്പസ്തോലന്മാർക്കുപോലും അതുണ്ടായിരുന്നു. അതിനാൽ ലോകാവസാനത്തിൻെറ അടയാളം എന്തായിരിക്കുമെന്നു പറയുവാൻ അവർ ഗുരുവിനോടു അഭ്യർത്ഥിച്ചു. അവിടുന്നു പല അടയാളങ്ങളും പറഞ്ഞു എന്നാൽ അതിൻെറ കാലത്തെപ്പററി പറഞ്ഞതു് "ആ ദിവസത്തെക്കുറിച്ചും ആ നാഴികയെക്കുറിച്ചും പിതാവല്ലാതെ, ആരും സ്വർഗ്ഗത്തിലെ ദൂതന്മാർപോലും, പുത്രൻതന്നെയും അറിയുന്നില്ല. സമയം എപ്പോഴാകുന്നുവെന്നു നിങ്ങൾ അറിയാത്തതുകൊണ്ടു സൂക്ഷിച്ചുകൊള്ളുവിൻ; ഉണർന്നിരിപ്പിൻ; പ്രാർത്ഥിപ്പിൻ" (മർക്കോ: XII 32, 33) എന്നാണു്. ഇങ്ങനെ തൻെറ ശിഷ്യന്മാർ ചോദിച്ചിട്ടും വ്യക്തമാക്കാതിരിക്കുന്ന ഒരു കാര്യം നാമെങ്ങനെയാണു് ഊഹിച്ചെടുക്കുന്നതു്? വീണ്ടും തൻെറ പുനരുത്ഥാനത്തിനുശേഷം അവിടുന്നു ശിഷ്യന്മാരോടു പറഞ്ഞതു് "പിതാവു തൻെറ അധികാരത്തിൽ വച്ചിരിക്കുന്ന സമയമോ സമയങ്ങളോ അറിയുന്നതു നിങ്ങളുടെ കാര്യമല്ലാ"യെന്നാണു്. അതിനാൽ കഴിഞ്ഞ നൂററാണ്ടിൽ ചില പ്രോട്ടസ്റ്റൻറുസഭാവിഭാഗങ്ങൾക്കു പററിയതുപോലെ ലോകാവസാനത്തിൻെറ തിയതി മുൻകൂട്ടി ഗണിച്ചു്, അബദ്ധക്കാരാകണ്ടാ.

ലോകാവസാനത്തിൻെറ കാലമോ സമയമോ "പുത്രനുപോലും വെളിപ്പെടുത്താത്ത" പിതാവിൻെറ ഒരു രഹസ്യമായിരിക്കെ "എ. ഡി. 2000" എന്നുള്ള ഈ ഊഹം എങ്ങനെയുണ്ടായി? വിശുദ്ധ യോഹന്നാൻെറ വെളിപാടു് 20-ാം അദ്ധ്യായം വായിച്ചപ്പോൾ ചിലർക്കുണ്ടായ തെററിദ്ധാരണയാണു് ഇതിനടിസ്ഥാനമെന്നു തോന്നുന്നു. വെളിപാടു് 20-ാം അദ്ധ്യായത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്: "ആദ്യത്തെ പാമ്പായ സർപ്പത്തെ പിടിച്ചു ആയിരം സംവത്സരത്തേക്കു ബന്ധിച്ചു", "ആയിരം സംവത്സരങ്ങൾ തികയുവോളം അവനെ...പാതാളത്തിലിട്ടു പൂട്ടി മുദ്രവെച്ചു", "അവർ ജീവിച്ചു മിശിഹായോടുകൂടി ആയിരം സംവത്സരങ്ങൾ വാണു", "മരിച്ചവരിൽ ശേഷമുള്ളവർ ആയിരം സംവത്സരങ്ങൾ തികയുന്നതുവരെ ജീവിച്ചില്ല" "അവനോടുകൂടി ആയിരം സംവത്സരങ്ങൾ വാഴുകയും ചെയ്യും", "ആയിരം സംവത്സരങ്ങൾ തികയുമ്പോൾ സാത്താൻ ബന്ധനത്തിൽനിന്നു് അഴിച്ചുവിടപ്പെടും" (2—7)

"ആയിരം സംവത്സരങ്ങൾ" എന്നു് ആവൃപ്രാവശ്യം ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു്, ലോകസൃഷ്ടിക്കുശേഷം 6000 വർഷങ്ങൾ ആകുമ്പോൾ ലോകാവസാനമുണ്ടാകുമെന്നും, ലോകസൃഷ്ടിക്കുശേഷം 4000 വർഷങ്ങൾ കഴിഞ്ഞപ്പോൾ ക്രിസ്തു ജനിച്ചിരിക്കുന്നതിനാൽ ക്രിസ്തുവിൻെറ ജനനാനന്തരം 2000 വർഷം തികയുന്നതിനുമുമ്പായിരിക്കും ലോകാവസാനമെന്നും ഒരുഗണമാളുകൾ കരുതുന്നുണ്ടു്. ഇക്കൂട്ടത്തിൽ കത്തോലിക്കരും അകത്തോലിക്കരുമായ പണ്ഡിതന്മാരും ചില സഭാപിതാക്കന്മാരും ഉൾപ്പെടുന്നുണ്ടെന്നുകൂടി ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. എന്നാൽ "ആയിരം സംവത്സരങ്ങൾ" എന്ന പ്രയോഗത്തിനു "ദീർഘകാലം" എന്നാണു പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്ന അർത്ഥം. "ആദ്യത്തെ പാമ്പായ സർപ്പത്തെ പിടിച്ചു് ആയിരം സംവത്സരത്തേക്കു ബന്ധിച്ചു"വെന്നു പറഞ്ഞിരിക്കുന്നതു ക്രിസ്തുവിൻെറ ആഗമനം മുതൽ അന്തിക്രിസ്തുവിൻെറ വരവുവരെയുള്ള കാലഘട്ടത്തെയാകണമെന്നുള്ളതു സ്പഷ്ടമാണല്ലോ. അതിനാൽ എ. ഡി. 1000-ാമാണ്ടു ലോകമവസാനിക്കുമെന്നു ഒരാൾ ഊഹിച്ചുവിശ്വസിച്ചാലോ?

എ. ഡി. 2000-ാമാണ്ടു ലോകം അവസാനിക്കുമെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. അതൊരു വിശ്വാസസത്യവുമല്ല. അതുകൊണ്ടു് അതു സംഭവ്യമല്ലെന്നല്ല പറയുന്നതു്. എ. ഡി. 2000-ാമാണ്ടു ലോകം അവസാനിക്കാം; അതിനു മുൻപോ അതു കഴിഞ്ഞോ അവസാനിക്കാം. ലോകം അവസാനിക്കും എന്നതുമാത്രമാണു വിശ്വാസസത്യം. അതു് എന്നു അവസാനിക്കുമെന്നതു ദൈവത്തിനുമാത്രം അറിയാവുന്ന ഒരു വസ്തുതയാകുന്നു.

—o—

# ചെറുകഥ

## ഒരു മനുഷ്യൻ വീണ്ടും ജനിക്കുന്നു

(അബ്രാഹം, നെടുംതകിടി)

വാസുദേവൻ ആശുപത്രിക്കട്ടിലിൽ കിടന്നു വേദനകൊണ്ടു് എരിപൊരികൊള്ളുകയാണു്. ശരീരമെല്ലാം ചുട്ടുനീറുന്നപോലെ! അസ്ഥികളുടെ ഉള്ളിൽക്കൂടി സൂചികൾ ഓടിനടക്കുന്നുവോ? ഹാവൂ! വേദന സഹിക്കവയ്യ! കൺപോളകൾ ചലിപ്പിക്കാനാവുന്നില്ല; നീരുകൊണ്ടു് വീർത്തുതടിച്ചിരിക്കയാണു്. വലതുകൈയൊന്നനക്കിയപ്പോൾ ഞരമ്പുകൾ പൊട്ടിപ്പൊടിയുന്നപോലെ തോന്നി.

വാസുദേവൻ അനങ്ങാതെ കിടന്നു ശ്രദ്ധിച്ചു. തൻെറ ഇരുഭാഗത്തും നിരത്തിയിട്ടിരിക്കുന്ന കട്ടിലുകളിലോരോന്നിലും വേദനകൊണ്ടു് പുളയുന്നതും, നിരാശകൊണ്ടു് നീറുന്നതുമായി ഓരോ ജീവിതങ്ങൾ സ്പന്ദിക്കുന്നുണ്ടു്. ഒരിടത്തുനിന്നും ഒരു രോഗിയുടെ രോദനം അനന്യൂനമായി കേൾക്കുവാൻ തുടങ്ങിയിട്ടു് മണിക്കൂറുകൾ തന്നെ കഴിഞ്ഞിരിക്കുന്നു. അന്ധകാരം കട്ടപിടിച്ചുനില്ക്കുന്ന ജീവിതരംഗങ്ങൾ! നിസ്സഹായതമുഴങ്ങിക്കേൾക്കുന്ന ഉൾത്തുടിപ്പുകൾ! മരണത്തിൻെറ കരിനിഴൽ ഭയപ്പെടുത്തുന്ന വിറയാർന്ന മനസ്സുകൾ! എല്ലാം ആശ്വാസത്തിൻെറ ഒരു ചെറിയ ഭദ്രദീപത്തെ കേറിപ്പിടിക്കുവാൻ വെമ്പൽകൊള്ളുന്നു.

"ഹാവൂ! എൻെറീശോ ഞാനിപ്പം മരിക്കുവേ!" അതൊരു സ്ത്രീശബ്ദമാണു്. തൻെറയടുത്തുള്ള ഒരു കട്ടിലിന്നരികെ,കുറെയാളുകൾ കട്ടപിടിച്ചുനില്പുണ്ടു്. ഒരു ജീവിതം ഉൽക്കടമായ വേദനയിൽനിന്നും മുക്തിനേടാൻ പോകയാണെന്നു തോന്നുന്നു. നീണ്ട അയഞ്ഞു വലിഞ്ഞൊരു നേരിയ ശബ്ദംമാത്രമേ പുറപ്പെടുന്നുള്ളു.

ആശുപത്രി! ലോകത്തിൻെറ വേദനകളെ അതുൾക്കൊള്ളുന്നു. ജീവിതത്തിൻെറ നിലനില്പിനെ അതു് ചോദ്യംചെയ്യുന്നു. സുഖസമൃദ്ധിയുടെ മൂഢതയെ അതു് യാഥാർത്ഥ്യമാക്കുന്നു. സൗന്ദര്യത്തിൻെറ ശവസംസ്കാരത്തിനു് അതു് പ്രതീകമാണു്. കണ്ണുനീരിനും നെടുവീർപ്പിനും അതു് വിലകല്പിക്കയും ചെയ്യുന്നു.

ജീവിതവൈരുദ്ധ്യങ്ങൾ ചുററും തിങ്ങിനില്ക്കേ, വാസുദേവൻെറ ചിന്താമണ്ഡലം കൊല്ലങ്ങൾക്കപ്പുറത്തെ യാഥാർത്ഥ്യങ്ങളിലേക്കു് പറന്നുചെന്നു.

ആനന്ദം തളംകെട്ടിനിന്നിരുന്ന വിദ്യാഭ്യാസകാലം. സ്നേഹമണ്ഡലത്തിലൂടെ സംഗീതകാഹളമൂതി വിരാജിച്ചുല്ലസിച്ചിരുന്ന ആകർഷകമായ ദിവസങ്ങൾ. താനും തോമസും ഫോർത്തുഫോം മുതല്ക്കേ ഒന്നിച്ചു പഠിച്ചവരാണു്. തങ്ങൾ ഹൃദയംതുറന്നു് സ്നേഹിച്ചവരായിരുന്നു. ആത്മാർത്ഥത ഞങ്ങളിരുവരുടേയും ആത്മഗീതമായിരുന്നു. ഞങ്ങളുടെ വീടുകൾ തമ്മിൽ ഒരു മൈലകലമേയുണ്ടായിരുന്നുള്ളു. തോമസ് എൻെറ വീട്ടിന്നരികെ വഴിയിൽ വരുമ്പോൾ എന്നെ നീട്ടിക്കൂകി വിളിക്കും. അപ്പോൾ ഞാനിറങ്ങിച്ചെല്ലും. ഒന്നിച്ചു സ്കൂളിലേക്കു് പോകും. നാലുമണി കഴിഞ്ഞാൽ കുറച്ചു കളിക്കും. പിന്നെ വീട്ടിലേക്കു തിരിക്കും.

അങ്ങനെ ഞങ്ങൾ വളർന്നുവന്നു; നൂറുനൂറു പൊരുത്തപ്പെടലുകളിലൂടെ—എന്നാൽ ഞങ്ങൾ വളരുന്നതോടൊപ്പം ഞങ്ങളുടെ സ്നേഹബന്ധത്തിനു മുന്നിൽ ചില ദൗർബല്യങ്ങളായ കണ്ണികൾകൂടി ജന്മമെടുക്കുന്നുണ്ടെന്നുള്ളതു് ഞങ്ങളറിഞ്ഞില്ല.

സ്കൂൾഫൈനൽ ക്ലാസ്സിൽ പഠിച്ചിരുന്ന അവസരം. മതകാര്യങ്ങളെപ്പററി പലപ്പോഴും ഞാനും തോമസും തമ്മിൽ ചില തർക്കങ്ങളുണ്ടാകുമായിരുന്നു. അതിൻെറ അവസാനത്തിൽ അല്പം വെറുപ്പോടെയേ എനിക്കു് തോമസിനെ വീക്ഷിക്കാൻ കഴിഞ്ഞിരുന്നുള്ളൂ; അല്പസമയത്തേക്കു മാത്രമെങ്കിലും. ഒരിക്കൽ തോമസിൻെറ കൈയിൽ ഒരു തടിച്ച പുസ്തകമിരിക്കുന്നതു് കണ്ടു ഞാൻ ചോദിച്ചു:

"ഇതെന്താ തോമസേ, ഈ വലിയ പുസ്തകം?"

"ഇതോ! ഞങ്ങളുടെ ബൈബിളാണു്."

"ഓ, ഇതിനെയാണോ നിങ്ങൾ കത്തോലിക്കരിത്ര ആരാധിക്കുന്നതു്?"

"അതെന്താ വാസൂ, ഇത്രയൊരു പുച്ഛം! പിന്നെ, കത്തോലിക്കർ ദൈവത്തെ മാത്രമേ ആരാധിക്കുന്നുള്ളു; ബൈബിളിനെ ആരാധിക്കുന്നില്ല."

"കൊള്ളാം. ഏതോ ചില മുക്കുവന്മാരെഴുതിയ ഒരു പുസ്തകമല്ലേ അതു്. ഹൊ! എന്തൊരു പൂജ്യവസ്തുവാണെന്നോ!"

"ഇത്രയേ വാസു കേട്ടിട്ടുള്ളായിരിക്കാം, ദൈവമവരെ വെറും മുക്കുവരുടെ സ്ഥാനത്തുനിന്നും മററു ചില പദവികളിലേക്കുയർത്തിയതിനെപ്പററിയൊക്കെ ഒന്നു കേൾക്കണമല്ലോ!"

"വേണ്ട, വേണ്ട. ആരു വിശ്വസിക്കും തോമസേ, ഈ ദൈവത്തിനെപ്പററി. അദ്ദേഹം വെറും സങ്കല്പസൃഷ്ടിമാത്രമല്ലേ? അല്ലാ, ഞാനൊന്നു ചോദിക്കട്ടെ; ഈ ദൈവത്തിനെ കണ്ടിട്ടുള്ളവരെത്ര പേരുണ്ടു്?"

പരി. അമലോത്ഭവമാതാവിൻെറയും, കൊച്ചുത്രേസ്യാപുണ്യവതിയുടേയും മാദ്ധ്യസ്ഥതാൽ എൻെറ സുഖക്കേടു സുഖമായതിനു കൃതജ്ഞത.

മിസ്സിസ് എം. സി. പോൾ

"എൻെറ വാസൂ! ഈ കണ്ടുവിശ്വാസം അത്ര നല്ലതല്ലല്ലോ. വാസുവിനു് തലവേദനയുണ്ടാകുമ്പോൾ അങ്ങനെയൊന്നുണ്ടെന്നു് വാസു കണ്ടിട്ടാണോ വിശ്വസിക്കുന്നതു്?"

"ഇതെന്തു യുക്തിയാ തോമസേ. ഇങ്ങനെയാണോ തർക്കിച്ചു ജയിക്കാൻ പോകുന്നതു്? തലവേദനയുണ്ടാകുമ്പോൾ വേദന അനുഭവപ്പെടാറുണ്ടു്. ദൈവമുണ്ടെങ്കിൽ എനിക്കൊരു വേദനയും തോന്നിയിട്ടില്ലല്ലോ." എൻെറ ആ മറുപടിക്കു മുമ്പിൽ തോമസ് അല്പം വിഷമിച്ചുപോയതായി ഞാൻ കണ്ടു.

"ഓ, ക്ഷമിക്കണം." തോമസ് പറഞ്ഞു.

"വാസൂ, ഒരു നാലു തലമുറയ്ക്കു മുമ്പു് നിനക്കൊരു മുത്തച്ഛനുണ്ടായിരുന്നുവെന്നു് നീ വിശ്വസിക്കുന്നോ?"

"ഉം, തീർച്ചയായും."

"നീ അദ്ദേഹത്തെ കണ്ടിട്ടുണ്ടോ?"


"ഇ....ഇല്ല!"

"ഓ, അപ്പോ, കാണാതെയും ചിലതൊക്കെ വിശ്വസിക്കുമേ?"

എനിക്കു് പിന്നൊന്നും പറയാനുണ്ടായില്ല. എങ്കിലും ഞാനവസാനം തട്ടിമൂളിച്ചതായോർക്കുന്നു, "വല്യച്ഛനെയോ മുത്തച്ഛനെയോപോലെയാണോ ഈ ദൈവം" എന്നു്.

സ്കൂൾഫൈനൽക്ലാസ്സിൽനിന്നു ഞങ്ങൾ രണ്ടുപേരും പാസ്സായി. തോമസ് കോളേജുവിദ്യാഭ്യാസത്തിനായി പോയി. എൻെറ പിതാവു് ഒരു കമ്മ്യൂണിസ്റ്റു് പ്രവർത്തകനായിരുന്നു. എന്തോ, ഞാനുമതിനായി ഇറങ്ങിത്തിരിച്ചു. ഞങ്ങളുടെ നാട്ടിൽ ഒരു കമ്മ്യൂണിസ്റ്റു് സെൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഞാനതിലെ ഒരു വിലപ്പെട്ട പ്രവർത്തകനായി. എന്നിലുണ്ടായിരുന്ന നിഗൂഢവികാരങ്ങളെ തിററിപ്പോററുവാനും, ജീവിതത്തിലെ സുഖവശങ്ങളെപ്പററിമാത്രം ചിന്തിക്കുവാനും എനിക്കവസരം ലഭിച്ചു. പ്രവർത്തനത്തിൻെറ മാഹാത്മ്യത്തെ വെറുക്കയും നേതൃത്വത്തിൻെറ മരുപ്പച്ചയിൽ വിശ്വസിക്കയും ചെയ്തു. പലപ്പോഴും തോമസുമായി സംസാരിക്കുവാൻ അവസരം ലഭിച്ചിരുന്നു. തോമസിനെ, പാർട്ടിയിലെ ഒരംഗമായി, ഒത്തൊരുമിച്ചു് പ്രവർത്തിക്കുവാൻ പലപ്പോഴും ക്ഷണിച്ചിട്ടുണ്ടു്. അപ്പോഴൊക്കെയും ആ മുഖം ഭാവഗംഭീരമാകുമായിരുന്നു. എൻെറ പേരിൽ തോമസ് വിഷമിക്കുന്നുവെന്നു തോന്നിയിരുന്നു. ഒരിക്കൽ എൻെറ ക്ഷണത്തിനു മറുപടിയായി തോമസ് പറഞ്ഞു:

രണ്ടാം ചരമവാർഷികം



പി. സി. സേവ്യർ
വക്കീൽ
വെട്ടിക്കാപ്പിള്ളി, വൈക്കം
മരണം 20—11—1955
"ദയാപരനായ ഈശോ, ഈ ആൾക്കു നിത്യാശ്വാസം കൊടുക്കേണമെ"
R. I. P.

"എന്തിനാ സോദരാ, ആ പാർട്ടിയിൽ ചേരുന്നതു്. നിങ്ങൾ ഒത്തൊരുമിച്ചു് പ്രവർത്തിക്കയാണോ ചെയ്യുന്നതു്. വലിയൊരു വിഭാഗത്തെ—അവരെത്ര നല്ലവരായിരുന്നാലും—നിങ്ങൾ നിഷ്ഠുരണം മൃഗങ്ങളെപ്പോലെ വീക്ഷിച്ചുകൊണ്ടല്ലേ പ്രവർത്തിക്കുന്നതു്. ഇതിനാണോ ഒത്തൊരുമ എന്നർത്ഥമാക്കേണ്ടതു്?"

"പിന്നെ, ഈ മുതലാളിമാരേയും, ദൈവത്തിൻെറ പേരുംപറഞ്ഞു് മനുഷ്യരെ കബളിപ്പിക്കുന്ന കത്തനാന്മാരേയും കന്യാസ്ത്രീകളേയും ഞങ്ങളുടെകൂടെ കൂട്ടണമെന്നാണോ തോമസ് പറയുന്നതു്?"

"വാസൂ, നീ യാതൊന്നുമറിയാത്തവനെപ്പോലെ സംസാരിക്കാതെ. എന്താണു് കത്തനാന്മാർക്കും കന്യാസ്ത്രീകൾക്കുമുള്ള കുററം?"

"കുററമല്ലേ? കൊള്ളാം! അവർക്കും സ്നേഹിക്കുവാനുള്ള ഒരു നല്ല ഹൃദയമുണ്ടായിരിക്കെ അതിൻെറ വികാരങ്ങളെ ഉടുപ്പിനുള്ളിലമർത്തിവച്ചുകൊണ്ടു് വെറുതെ പണം സമ്പാദിക്കയല്ലേ ചെയ്യുക അവരും ജനസേവനത്തിനായി മുന്നോട്ടിറങ്ങണം."

"സമ്മതിച്ചു. അവരും വിവാഹജീവിതത്തിലേപ്പെട്ടു് ജീവിക്കയായിരുന്നുവെന്നു് കരുതുക. അവരാരെയാണു് സേവിക്കേണ്ടതു്. അവരവരുടെ ഭാര്യമാരുടെ മുമ്പിലല്ലേ സേവനത്തിനു് അവസരം കിട്ടൂ. അല്ലെങ്കിൽ ഭാര്യയെന്നു പറയുന്ന ആ പാവപ്പെട്ട സ്ത്രീയെ കണ്ണുനീരിലാഴ്ത്തിക്കൊണ്ടുള്ള മറെറാരുവക സേവനം. ഇതൊക്കെ കുറെ മനസ്സിലാക്കിയിട്ടുണ്ടു വാസൂ. ലോകത്തെപ്പററി അല്പമൊരു പരിജ്ഞാനമുണ്ടാകുമ്പോൾ താനേ മാറിക്കൊള്ളും നിൻെറ യിമിഥ്യാവാദങ്ങൾ. മിഷ്യൻവേല ചെയ്യുന്ന അച്ചന്മാരേയും കന്യാസ്ത്രീകളേയുംപററി വാസു കേട്ടിട്ടുണ്ടോ? അവർ വിവാഹവും കഴിച്ചു് കുറെ കുട്ടികളേയും പുലർത്തി ഇവിടെങ്ങാനും ജീവിക്കയായിരുന്നുവെങ്കിൽ ഇന്നു്, ദാരിദ്ര്യത്തിൻെറയും വിശപ്പിൻെറയും കറുത്തിരുണ്ട പുകവമിക്കുന്ന അഗ്നികുണ്ഡത്തിൽ വേവുന്ന ആയിരമായിരം ജീവിതങ്ങൾ മരണത്തിൻെറ നിത്യസാന്ത്വനത്തിനു് പാത്രീഭവിക്കുമായിരുന്നു. അതൊരു സ്വച്ഛസത്യമാണു്." തോമസ് ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞുനിർത്തി

പക്ഷേ തോമസിൻെറ ആ അടവുകളിൽ ഞാനകപ്പെട്ടില്ല. ഞാനൊരു ചോദ്യമെടുത്തിട്ടു.

"നല്ലൊരു കാര്യമായ സന്താനനിയന്ത്രണത്തിനെ നിങ്ങളുടെ അച്ചന്മാരെതിർക്കുന്നതെന്താണു്?"

"വാസൂ, നീതന്നെ നിൻെറ അച്ഛൻെറ ഏഴാമത്തെ മകനല്ലേ? നിൻെറ മററു സഹോദരന്മാരേക്കാൾ പൊതുജനസേവനം നീ ചെയ്യുന്നുണ്ടെന്നു് അഭിമാനിക്കുന്നെങ്കിലുമുണ്ടല്ലോ. നിനക്കും കുറച്ചൊക്കെ അറിയാമല്ലോ, ലോകത്തിൽ പരിവർത്തനം സൃഷ്ടിച്ചിട്ടുള്ള മഹാന്മാരിൽ ബഹൂഭൂരിപക്ഷവും അവരുടെ പിതാക്കന്മാരുടെ ആദ്യകാലങ്ങളിലുള്ള സന്താനങ്ങളല്ലെന്നു്. അതുപോകട്ടെ. ലോകാരംഭംമുതൽ ഇന്നുവരെ ദാരിദ്ര്യവും വിഷമവും നീങ്ങിയിട്ടുണ്ടോ? ജനവർദ്ധനവല്ല അപ്പോഴതിനു കാരണം. മറെറന്തോ തെററുണ്ടു്."

"തോമസിങ്ങനെ പറഞ്ഞാൽ! ഇനിയും ജനവർദ്ധനവുണ്ടായാൽ അതു് ലോകപുരോഗതിക്കു് തടസ്സമാവില്ലെന്നാണോ പറയുന്നതു്?"

"ചെ, അതും തമാശനിറഞ്ഞ ചോദ്യമാണല്ലോ. ശരി, വാദത്തിനുവേണ്ടി, ലോകപുരോഗതിയെ അതു് ബാധിക്കുമെന്നുതന്നെയിരിക്കട്ടെ. ഞാനൊന്നു ചോദിക്കയാണു്, ഈ സന്താനനിയന്ത്രണം വേണമെങ്കിൽത്തന്നെ അതാർക്കു വേണ്ടിയാണു്?"

"ജനങ്ങൾക്കുവേണ്ടിത്തന്നെ."

"എങ്കിൽ, ഇത്ര സേവനസന്നദ്ധതയും അന്യരിലനുകമ്പയുമുള്ള മനുഷ്യർ ഇക്കാര്യത്തിൽ മൃഗങ്ങളേയും പിന്നിലാക്കിക്കൊണ്ടു് പ്രവർത്തിക്കുവാൻ കാരണമെന്താണോ! അവരവർക്കുതന്നെ നന്മവരുത്തുന്ന ഒരു കാര്യത്തിൽ എന്തുകൊണ്ടു് കുറച്ചൊന്നു് സ്വയംനിയന്ത്രിച്ചുകൂടാ. ബുദ്ധിജീവികളല്ലാത്ത മൃഗങ്ങളിൽപ്പോലും ഈ സന്താനനിയന്ത്രണമില്ലാഞ്ഞിട്ടു്, അവ കാലത്തിനൊത്തു് പ്രവർത്തിക്കുന്നുവല്ലോ. പിന്നെ ഈ ബുദ്ധിജീവികൾക്കോ അതിനായി കൃത്രിമത്വത്തെ അവലംബിക്കേണ്ടതു്? നല്ല വൈചിത്ര്യം!"

അങ്ങനെ അന്നു് തോമസ് പറഞ്ഞുനിർത്തി.

എന്നെ സംബന്ധിച്ചിടത്തോളം ഒരു മാദകമായ സംഗീതത്തിൻെറ നിർവൃതിദായകമായ പരിവേഷമണിഞ്ഞു് ജീവിതം മുന്നോട്ടോടിക്കൊണ്ടിരുന്നു.

തോമസ് ഫസ്റ്റ്ക്ലാസ്സിൽ ബി ഏ പാസ്സായി. വിജയാഹ്ളാദത്തിൽ പങ്കുകൊള്ളാൻ എന്നെ ക്ഷണിച്ചു. ഞാൻ ചെന്നു. ശാന്തപൂർണ്ണമായൊരു സായാഹ്നം. മററു പല സ്നേഹിതന്മാരും സമ്മേളിച്ചിട്ടുണ്ടു്. തോമസിൻെറ അരികത്തുള്ളൊരു കസേരയിൽ ഞാൻ സ്ഥലം പിടിച്ചു. തോമസ് എന്നെ അവിടെയുള്ളവർക്കൊക്കെ പരിചയപ്പെടുത്തി. ചെറിയ തോതിലുള്ളൊരു ടീപാർട്ടിക്കുശേഷം സ്നേഹിതന്മാരോരോരുത്തരായി പിരിഞ്ഞുപോയി. ഞാനും പോകുവാനാരംഭിച്ചപ്പോൾ തോമസ് പറകയാണു്,

"വാസൂ, നീയറിഞ്ഞില്ലായിരിക്കും ഒരു കാര്യം. നീ വെറുക്കുന്ന ഒരു വൈദികനാവാൻ പോകയാണു് ഞാൻ. അടുത്തയാഴ്ചയിൽ ഞാൻ സെമ്മിനാരിയിലേക്കു പോകും."

ഞാനത്ഭുതപ്പെട്ടില്ല. കാരണം, തോമസിനു് മതകാര്യങ്ങളിലുള്ള ശുഷ്കാന്തി ആരേയും അത്ഭുതപ്പെടുത്തത്തക്ക വിധത്തിലുള്ളതായിരുന്നു. എങ്കിലും എൻെറയൊരുററമിത്രം ഈ പണിക്കിറങ്ങുവാൻ തീരുമാനിച്ചതു് എനിക്കത്ര രസിച്ചില്ല. ഞാനുടനെ അല്പം പരിഹാസദ്യോതകമായ സ്വരത്തിൽ പറഞ്ഞു,

"ഉം, അച്ചനാകു്! ഞങ്ങളും പുരോഗമിക്കയാണു്!"

തോമസതുകേട്ടപ്പോൾ എൻെറ അടുക്കലേക്കു കുറച്ചുകൂടി കസേര നീക്കിയിട്ടു. എന്നിട്ടു പറകയാണു്, "പ്രിയ സ്നേഹിതാ, അങ്ങനെതന്നെ വേണം. നിങ്ങളും പുരോഗമിക്കാൻ ഞാൻ പ്രാർത്ഥിക്കുന്നുണ്ടു്, പ്രാർത്ഥിക്കയും ചെയ്യും."

"വേണ്ട, വേണ്ട. എനിക്കുവേണ്ടിയാരും ബുദ്ധിമുട്ടേണ്ട. ഞാൻ മററുള്ളവർക്കുവേണ്ടി ബുദ്ധിമുട്ടുന്നവനാണു്. തരക്കേടില്ല, ഈ പ്രാർത്ഥനയേയുള്ളല്ലോ മിച്ചം! കേട്ടോ തോമസേ, ഇതൊക്കെ നന്നാവണമെങ്കിൽ ഞങ്ങളു കയറി ഭരിക്കണം. അടുത്ത തിരിഞ്ഞെടുപ്പു വരട്ടെ. ഇന്നത്തെ കോൺഗ്രസ്സു് നാൽക്കാലികളല്ലേ നിങ്ങൾക്കു തുണയായിട്ടുള്ള. ഈ പൂച്ചപണിയൊന്നും വിലപ്പോവില്ലെന്നു അന്നു മനസ്സിലാകും."

ഞാനതു പറഞ്ഞു കഴിഞ്ഞപ്പോഴേക്കും തോമസിൻെറ നെററിത്തടത്തിൽ വിയർപ്പുകണങ്ങൾ പൊടിഞ്ഞിരിക്കുന്നതു ഞാൻ കണ്ടു. തോമസിൻെറ സ്വരം വിദ്യോജ്വലമായി. "ശരിയാ; ദൈവത്തിലും മതത്തിലും അവിശ്വസിക്കുന്ന കുറെ ചുവപ്പന്മാർ ഭരിക്കുമ്പോൾ നാടു നന്നാവുമല്ലേ? ആ നിർഭാഗ്യമുണ്ടായാൽ നമുക്കു പ്രിയപ്പെട്ട നാടു നന്നാവാൻപോണതു് എങ്ങനെയാണെന്നു കാണാം! എന്താണീ കമ്മ്യൂണിസ്റ്റുകാർക്കു് ചുവപ്പിനോടിത്ര പ്രതിപത്തി. അവർ അംഗമായി ചേരുമ്പോൾ സ്വന്തം രക്തത്തിലൊപ്പിടുമെന്നു കേട്ടിട്ടുണ്ടു്. എന്തേ, ഇത്രയീ ചുവപ്പുപ്രേമം? രക്തമേ അവർക്കു വേണ്ടു എന്നാണോ?"

"ഞങ്ങൾ തുറന്നുതന്നെ പറയും, ദൈവത്തിലും മതത്തിലും അവിശ്വസിക്കുന്നവരാണെന്നു്. എന്തേ നിങ്ങളുടെ മതത്തിൻെറ പ്രത്യേകത? ഒരു മതവും മനുഷ്യരും!"

തോമസ് വീണ്ടും വികാരാവേശനായി "ഉം, തുറന്നുതന്നെ പറ. ദൈവമില്ലെന്നു പറഞ്ഞുനടന്നാൽ എന്തുമാവാമല്ലോ. അധികാരിയുണ്ടെങ്കിലല്ലേ ഭയപ്പെടേണ്ടു. നല്ല സൂത്രം. പക്ഷെ വിശുദ്ധിപൂർണ്ണമായിരിക്കേണ്ട ഭാര്യാഭർത്തൃബന്ധത്തേയും, വിശുദ്ധിസമ്പൂർണ്ണമായിരിക്കേണ്ട സഹോദരീസഹോദരബന്ധത്തെപ്പോലും ചിഞ്ഞളിഞ്ഞ വികാരാവേശത്തിൽ ഭയങ്കരമായി

തല്ലിത്തകക്കുന്ന ഒരു കൂട്ടർ! ഹാവൂ! അതാണസഹ്യം! പിന്നെ മതത്തിൻെറ കാര്യം. നിസ്സാരമായിട്ടുള്ള ഒററ സംഗതിയാൽ ബോദ്ധ്യപ്പെടാവുന്നതേയുള്ളല്ലോ, കത്തോലിക്കാമതമാണ് ശരിയായിട്ടുള്ള മതമെന്നു്. വളരെ വളരെ മതങ്ങളുണ്ടല്ലോ ലോകത്തിൽ. മററതൊരു മതത്തിലാണ് തങ്ങളതുതങ്ങളെന്നു വിളിക്കുന്നപോലെയുള്ള ഒററസംഭവമെങ്കിലുമുണ്ടായിട്ടുള്ളതു്?"

"എനിക്കിതൊന്നും കേൾക്കേണ്ട. തോമസേ, സമയമിത്രയുമായി. ഞാനിറങ്ങട്ടെ?" ഞാനെഴുന്നേററു.

"എന്താ വാസൂ, ഇത്ര ധൃതി. ഇരിക്കൂ. ഞാനും വഴിയിലോട്ടിറങ്ങുന്നുണ്ടു്. പിന്നെ പലരും ചില സാഹചര്യങ്ങളിൽപ്പെട്ടു് ചില "ലോകം നന്നാക്കി"കളായിട്ടുണ്ടു്. വാസുവും അക്കൂട്ടത്തിൽ പെട്ടുപോയതിൽ എനിക്കു അതിയായ സങ്കടമുണ്ടു്."

"ഓ അതിലത്ര സങ്കടപ്പെടാനുള്ള വകയൊന്നുമില്ലെന്നാണു തോന്നുന്നതു്" എനിക്കു ചിരിവന്നു.

"അതൊക്കെ പോകട്ടെ. പ്രിയ വാസൂ, ഞാനല്പം ക്ഷോഭിച്ചുപോയി എന്നു തോന്നുന്നു. അരസികത തോന്നിയെങ്കിൽ ക്ഷമിക്കുമല്ലോ? ഇത്രയും പറഞ്ഞുകൊണ്ടു് തോമസ് എഴുന്നേററു. ഞങ്ങളൊരുമിച്ചു പുറത്തേക്കിറങ്ങുകയും ചെയ്തു.

ഈ സംഭവങ്ങളെല്ലാം ഒരു മായികസ്വപ്നംപോലെ പെട്ടെന്നു കടന്നുപോയി. കമ്മ്യൂണിസ്റ്റ്സെല്ലിലെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി വളർന്നുവന്നു. എന്നാൽ കാലവും സാഹചര്യങ്ങളും എന്നെ നിർദ്ധനനാക്കിത്തീർത്തുവെന്നു് കുറെനാളുകൾ പിന്നിട്ട ശേഷമാണു് ഞാനറിഞ്ഞതു്. മനസ്സിൽ ചെയ്തിരുന്ന രൂപവൽക്കരണമെല്ലാം അസ്ഥിരമാകുവാൻതുടങ്ങി. വരണ്ട മണ്ണിൽക്കൂടിയാണു് എൻെറ പുരോഗമനമെന്നു ബോദ്ധ്യമായി. പുതിയ തിരിഞ്ഞെടുപ്പുസമയം. പണമുള്ളവർ സ്വാധീനം കൈക്കലാക്കി. പ്രാഭവത്തിൻെറ വിജയങ്ങളെല്ലാം പണം കെട്ടിപ്പട്ടത്തവയായിരുന്നു. അതിൻെറ അഭാവത്തിൽ എല്ലാം ശിഥിലമായി. മാസഫീസുകൊടുക്കുന്ന ഒരംഗംമാത്രമായി ഞാൻ. ആ അംഗത്വം ന്യായമായ വഴിയിലൂടെ കൊണ്ടുപോകാനസാദ്ധ്യമെന്നുകണ്ടു് ഞാൻ നാട്ടുവിട്ടിറങ്ങി. ബസ്സുവഴിയും തീവണ്ടിയിലൂടേയും ഈ പട്ടണത്തിലെത്തിച്ചേർന്നു. മിച്ചമുണ്ടായിരുന്ന പണം ഒരാഴ്ച എന്നെ ജീവിക്കാനനുവദിച്ചു. പിന്നെയും ജീവിക്കാനുള്ള ശക്തിമത്തായ ഹൃദയസംഘർഷം എന്നെ എന്തിനും പ്രേരിപ്പിക്കുന്നവിധത്തിലുള്ളതായിരുന്നു. അപ്പോഴാണു് രണ്ടുപേരെ കണ്ടുമുട്ടിയതു്. ലാഭകരമായ ഒരു മോഷണത്തിനവർ അടിസ്ഥാനമിടുകയായിരുന്നു. ഒരു പൈശാചികശക്തി എന്നെ അവരുടെ നേതാവാക്കി.

ഇന്നലത്തെ അന്തിസൂര്യൻ നിശാഗത്തത്തിലേക്കുരുണ്ടുവീണു. സമയം മുന്നോട്ടുനീങ്ങി. ഭീതിദമായ നിശ്ശബ്ദത എങ്ങും വ്യാപിച്ചു. അപ്പോഴും ആ പീടികത്തിണ്ണയിൽ ഞങ്ങൾ മൂവരും ഉണർന്നിരിക്കയായിരുന്നു. ഞങ്ങൾ ലക്ഷ്യംവച്ചിരുന്ന കട സ്റ്റോറിൻെറ ഒരു ഇടുങ്ങിയ മൂലയ്ക്കായിരുന്നു. താമസിയാതെ അവിടെയെത്തി. കൂട്ടുകാർ പ്രത്യേകം നിർദ്ദേശിച്ച മാർഗ്ഗത്തിലൂടെ—ഒരു ജനലഴി തകർത്തു്—ഞാനകത്തുകടന്നു. കള്ളത്താക്കോലുകൊണ്ടു് മേശവലിപ്പു തുറന്നു. കിട്ടിയതൊക്കെ എടുത്തു് പുറത്തിറങ്ങി. വേഗം തിരിച്ചു് പഴയ സ്ഥാനത്തെത്തി. കൈയിലെ തുക എണ്ണിനോക്കി. ആകെ 320 രൂപാ! അവരിരുവരുംകൂടി 300 രൂപയും കൈയിലെടുത്തു. ഇരുപതുരൂപകൊണ്ടു് എന്നെ തൃപ്തിയാക്കുവാൻനോക്കി. അവരെടുത്ത നോട്ടുകൾ ഞാൻ വാങ്ങിക്കാൻശ്രമിച്ചു. ഒരു കനത്ത കൈ എൻെറ മുഖത്താഞ്ഞുപതിച്ചു. പിന്നേയും അവിടെയാരെല്ലാമോ വന്നുവെന്നുതോന്നി. കറുത്തിരുണ്ടൊരു സാധനം നെററിക്കുനേരെ പാഞ്ഞുവന്നതായോർക്കുന്നു. പിന്നെ......

കുറച്ചുമുമ്പാണു ബോധമുണർന്നതു്. അരികത്തൊരു നേഴ്സ് നില്പുണ്ടായിരുന്നു. ഹാ! ചങ്കിൽ നീറിയുയരുന്ന തീനാളംപോലെ!

"ദേ, ഇതു കുടിക്കു്" സ്നേഹസാന്ദ്രത തുളുമ്പുന്ന വാക്കുകൾ.

ഞാൻ പതുക്കെ കണ്ണു തുറന്നു. വെള്ളഡ്രസ്സിട്ട ഒരു നേഴ്സ് കൈയിൽ ഒരൗൺസുഗ്ലാസ്സിൽ എന്തോ മരുന്നുമായി നില്ക്കുന്നു. ഞാൻ പതുക്കെ ചുണ്ടുകൾ വിടർത്തി. ആ ഔൺസ്ഗ്ലാസ്സിലെ ദ്രാവകം എൻെറ ചുണ്ടത്തുകൂടി അകത്തേക്കൊഴിച്ചിറങ്ങി. അപ്പോൾ തൊണ്ട നീറിപ്പുകയുന്നപോലെ തോന്നിപ്പോയി.

× × ×

ദിവസങ്ങൾ നിത്യദീർഘമായ പ്രയാണമാരംഭിച്ചു. കണ്ണുകൾ പൂർണ്ണമായും തുറക്കാമെന്നായിരിക്കുന്നു കൈകളിളക്കി. വേദന കുറഞ്ഞിട്ടുണ്ടു്. ഇടക്കിടയ്ക്കു ഡോക്ടർ വന്നു പരിശോധിക്കുന്നുമുണ്ടു്.

നേഴ്സ് നെററിയിലെ ഒരു കെട്ടഴിക്കയാണു്. ഒട്ടിച്ചേർന്നിരിക്കുന്ന ആ തുണിക്കഷണം വലിച്ചിളക്കുമ്പോൾ തലയോടിളകുന്നപോലെ! ഹാവൂ......

"നേഴ്സ്?" ഞാൻ വിളിച്ചു "ഒന്നു പറയണേ, ഞാനെങ്ങനെയാണിവിടെവന്നതു്?"

സ്നേഹപ്രകർഷം തുളുമ്പുന്ന ആ കണ്ണുകളിൽ ഒരു മന്ദഹാസം പൂവിടന്നു. "അനങ്ങാതെ കിടക്കു്. ഇപ്പോഴൊന്നും അന്വേഷിക്കേണ്ട" എന്നു പറഞ്ഞുകൊണ്ടു് നേഴ്സ് പതുക്കെ അടുത്ത കട്ടിലിനരികിലേക്കു നീങ്ങി.

എനിക്കിപ്പോൾ ഒട്ടുസുഖമായെന്നു തോന്നുന്നു. ഇന്നാദ്യമായി ഞാനെൻെറ ബെഡ്ഡിൽ എഴുന്നേററിരുന്നു ചുററുംനോക്കി. പ്രകാശത്തിൻെറ ഒരു രജതരേഖയ്ക്കുവേണ്ടി ദാഹിക്കുന്ന കണ്ണുകൾ! അതാ, ഡോക്ടറും നേഴ്സും വരുന്നുണ്ടു്. ഞാൻ കിടന്നു.

"എന്തിനേ, ഞാൻ പറയാതെ ഏണീററതു്?" അതു ഡോക്ടറാണു്.

ഞാനൊന്നും ശബ്ദിച്ചില്ല. നേഴ്സ് എൻെറ കൈത്തണ്ടയിലൊന്നു കുത്തിവച്ചു. ഒരാഴ്ചകൂടി കഴിയുമ്പോൾ എനിക്കു പൂർണ്ണസുഖമാകുമെന്നു ഡോക്ടർ പറഞ്ഞിട്ടുണ്ടു്. പിന്നിട്ടു്......

പോയകാലങ്ങളെപ്പററിയുള്ള ഓർമ്മകളുടെ ഓളങ്ങളൊഴുകുന്നു. ആരെന്നെ രക്ഷിച്ചു? അദ്ദേഹത്തിൻെറ മുമ്പിൽ നന്ദിയുടെ കുറച്ചുരിമല്ലപ്പൂക്കൾ വിതറിയാൽ മതിയോ? ഓ, അദ്ദേഹത്തോടുള്ള കടപ്പാടു് നിസ്സീമമാണു്! ആരായിരിക്കുമതു്!

വെളുപ്പും കറുപ്പും കണക്കെ ദിനരാത്രങ്ങൾ വാടിക്കൊഴിഞ്ഞുകൊണ്ടിരുന്നു. എനിക്കിപ്പോൾ നടക്കാറായിട്ടുണ്ടു്. അടുത്തുള്ള രോഗിയുടെ തലയ്ക്കലിരുന്ന കണ്ണാടിയെടുത്തുനോക്കി. നെററിയിൽ കറുത്തിരുണ്ടൊരു നീണ്ട പാടു്! ഇടത്തെ ചെകിട്ടിൽ കുറേഭാഗം നീലച്ചാണു്.

ഞാൻ കട്ടിലിന്മേലിരിക്കയാണു്. ഒരു വൈദികനും എന്നെ ശുശ്രൂഷിച്ച നേഴ്സും വേറെ ഞാൻ കാണാതിരുന്ന രണ്ടുപേരും കൂടി എൻെറടുക്കലേക്കു വന്നു.

"ഈ ആശുപത്രിയുടെ മാനേജരാണി വൈദികൻ. വാസുദേവനെ രക്ഷിച്ചതാരാണെന്നിപ്പോഴറിയാം" ആ മൃദുലസ്വരം നേഴ്സിൽനിന്നാണു്.

വിസ്മയം എൻെറ മനസ്സിനെ വീർപ്പുമുട്ടിച്ചു. എൻെറ കണ്ണുകൾ എല്ലാവരുടെ മുഖത്തും മാറിമാറി വീണുകൊണ്ടിരുന്നു.

"ഇതാ, ഇവർ രണ്ടുപേരുംകൂടിയാണു് വാസുദേവനെ ഇവിടാക്കിയതു്. ഇവർ ഇവിടത്തെ വിൻസെൻറ് ഡി പോൾ സംഘടനയിലെ അംഗങ്ങളാണു്" അടുത്തുനിന്നിരുന്ന രണ്ടുപേരേയും ചൂണ്ടിക്കാട്ടിക്കൊണ്ടു് ആ വൈദികൻ പറഞ്ഞു.

ആ ശബ്ദം എൻെറ ഹൃദയാഗാധതയിലേക്കു കടന്നുചെന്നു. ആകെ ഒരവ്യക്തത നിത്യദീർഘമായ ഒരു നിഴൽപോലെ പോയകാലത്തെ സംഭവങ്ങൾ മനസ്സിൽ ഒന്നു മിന്നിമറഞ്ഞു. തോമസൊരച്ചനാകുമെന്നു പറഞ്ഞിരുന്നതു്! അസഹനീയമായൊരു വീർപ്പുമുട്ടൽ. കണ്ണുകളിൽ ആനന്ദത്തിൻെറ ബാഷ്പസ്ഫുരണമുണ്ടാവുന്നു! എന്തേ, ഈ സംഭവങ്ങളിങ്ങനെ ചേർച്ചയിൽ വരാൻ! എൻെറ മുമ്പിൽ നിന്ന വൈദികൻ തോമസ്തന്നെയായിരുന്നു.

---

## സ്നേഹസ്മാരകം



മംഗ്ലാവുംതാഴത്തു പുത്തൻവീട്ടിൽ

**വറുഗീസ് ഭാര്യ അന്നമ്മ**

മരണം 25—11—1956

ദയാപരനായ ഈശോയെ, ഈ ആളിൻെറമേൽ കരുണയായിരിക്കേണമേ.

R. I. P.

Inserted by her sorrowing husband and children

---

വലിയൊരപരാധബോധം എന്നിൽ തിങ്ങിനിറഞ്ഞു. വികാരാധികൃതത്താൽ ഗദ്ഗദംപൂണ്ടു് ഞാൻ പതുക്കെ ചോദിച്ചു: "അച്ചാ, ആ പഴയ ബൈബിൾ ഒന്നു വായിക്കാൻ തരാമോ?"

ആ മുഖത്തു പെട്ടെന്നു ഓർമ്മകളുടെ ഒരു കൊടുങ്കാററു് വീശിയടിച്ചതായി ഞാൻ കണ്ടു. ആ തിളങ്ങുന്ന കണ്ണുകൾ സ്നേഹപ്രകർഷം കൊണ്ടു തുളുമ്പിവന്നു. ചുണ്ടുകൾ പെട്ടെന്നു ചലനാത്മകങ്ങളായി: "ഹാ! ഇതെൻെറ വാസുവോ!" സ്നേഹത്തിൻെറ മഹത്തായ വികാരാവേശത്തിൽ അദ്ദേഹമെന്നെ കെട്ടിപ്പുണർന്നു. ആപാദമധുരങ്ങളായ നിമിഷങ്ങൾ എന്നെ പുളകച്ചാർത്തണിയിച്ചു.

"എന്തേ വാസൂ, ഇങ്ങനെ സംഭവിക്കാൻ?" അദ്ദേഹം കൈകൾ വിടർത്തിക്കൊണ്ടു ചോദിച്ചു.

"അതൊരു നീണ്ടകഥയാണു്. ഞാനെന്തുപറയട്ടെ! സേവനത്തിനുവേണ്ടിയുള്ള സേവനം ഞാനിവിടെ ദർശിച്ചു. അതു ഞാനനുഭവിച്ചറിഞ്ഞു. ഒരിക്കലും വിട്ടുപോകാനാവാത്തവണ്ണം ഞാനതിനോടു ബന്ധപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇനി എന്നെ പഴയ വാസുവായി അങ്ങു സ്വീകരിക്കരുതു്!" ഗദ്ഗദം എൻെറ വാക്കുകൾക്കു വിരാമമിട്ടു.

ഞാനപ്പോൾ വീണ്ടും ജനിക്കുകയായിരുന്നു. എന്നിലെ ആ പഴയ വാദമുഖങ്ങൾക്കു ആ വാക്കുകൾ ശവക്കുഴിതോണ്ടുകയായിരുന്നു. മഹത്തായൊരു പുനർജ്ജന്മം!

—o—

വിമർശനപംക്തി

# പത്രോസിൻെറ പരമാധികാരം

(തുടർച്ച)

4. അപ്പസ്തോലനായ വിശുദ്ധ യോഹന്നാൻെറ ശിഷ്യനായ വിശുദ്ധ പൊലിക്കാപ്പിൻെറ ശിഷ്യൻ വി. ഇരനേവൂസിൻെറ ചില വാക്കുകൾ നമുക്കു ശ്രദ്ധിക്കാം. അക്കാലത്തെ പാഷണ്ഡരെ ലജ്ജിപ്പിക്കുവാൻ അദ്ദേഹം എഴുതുകയാണു്: "ഇതുപോലെയുള്ള ഒരു പുസ്തകത്തിൽ എല്ലാ സഭകളുടേയും പിന്തുടർച്ച കാണിക്കുക വളരെ ദീർഘമായിത്തീരുകനിമിത്തം, ഏററം മഹത്വമുള്ള ശ്ലീഹന്മാരായ പത്രോസിനാലും പൗലോസിനാലും റോമയിൽ സ്ഥാപിക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും വളരെ വലുതും പുരാതനവുമായ ആ സഭയെ നമുക്കു സൂക്ഷിക്കാം അതിൻെറ പാരമ്പര്യത്താലും, മനുഷ്യർക്കു പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നതും മെത്രാന്മാരുടെ പിന്തുടർച്ച മുഖേന നമുക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്നതുമായ അതിൻെറ വിശ്വാസത്താലും, ഏതെങ്കിലും കാരണത്താൽ.... അനുവദിക്കപ്പെടാത്തിടത്തു കൂട്ടുന്നവരെ (അതായതു പാഷണ്ഡരെ) നാം ലജ്ജിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ സഭയുടെ അതിപ്രബലമായ അധികാരം (പ്രാമുഖ്യം) നിമിത്തം ഇതിനോടു മറെറല്ലാ സഭകളും അവശ്യം യോജിക്കണം; അതായതു എല്ലാ ഭാഗത്തുനിന്നുമുള്ള വിശ്വാസികൾ ഇതിനോടു യോജിക്കണം...."(Contra Haeres I, 24)

റോമാസഭയുടെ വിശ്വാസം എല്ലാവർക്കും പ്രസിദ്ധമാക്കപ്പെട്ടിട്ടുള്ളതാണെന്നും, അതു പത്രോസിൽനിന്നും പൗലോസിൽനിന്നുമുള്ളതാണെന്നും, വി. ഇരനേവൂസ് പറയുന്നു. ഈ സഭയുടെ പ്രബലമായ അധികാരംനിമിത്തം എല്ലാ സഭകളും അതിനോടു യോജിക്കണമെന്നും അദ്ദേഹം പറയുന്നു. മെത്രാന്മാരുടെ പിന്തുടർച്ച മുഖേന ഭരമേല്പിക്കപ്പെട്ടതും പാഷണ്ഡരെ ലജ്ജിപ്പിക്കുന്നതിനു പര്യാപ്തമായതുമായ വിശ്വാസത്തോടുകൂടിയ ആ സഭയുടെ അധികാരം അഥവാ പ്രാമുഖ്യം വൈദികമായിരിക്കണമല്ലോ. കാരണം അന്നു് ഉഗ്രമായ പീഡനത്തിനു വിധേയമായിരുന്ന റോമാസഭയ്ക്കു് സാമുദായികമോ രാഷ്ട്രീയമോ ആയ യാതൊരു പ്രാധാന്യവും ഉണ്ടായിരുന്നില്ല. വിശ്വാസസംരക്ഷണാത്മമാണല്ലോ എല്ലാ സഭകളും റോമാസഭയോടു യോജിക്കേണ്ടതു്. മാർപ്പാപ്പായുടെ പരമാധികാരത്തോടൊപ്പം അപ്രമാദിത്വവും ഈ വാക്കുകളിൽ സൂചിതമായിട്ടുണ്ടു്.

5. രണ്ടാം നൂററാണ്ടിൽ പലരും റോമായിലേക്കു "തീർത്ഥയാത്ര" കഴിച്ചിരുന്നതായി നാം കാണുന്നു. റോമായോടു വിശ്വാസത്തിൽ യോജിച്ചിരുന്നവരായ, പലസ്തീനായിൽനിന്നു യൂസ്തിനോസ്, സുറിയായിൽനിന്നു ഹെജെസിപ്പസ്, അസീറിയായിൽനിന്നു താസ്യൻ ഫ്രൂഗിയായിൽനിന്നു അബേറിക്കൂസ് മാർച്ചെല്ലൂസ് മുതലായവർ ഇങ്ങനെ സന്ദർശിച്ചവരിൽ പെടുന്നു. എന്നാൽ ആ വിശ്വാസത്തിൽനിന്നു വ്യതിചലിച്ചവരും റോമയിലേക്കു ഓടിക്കൂടിയിരുന്നതായി നാം കാണുന്നു പോന്തുസിൽനിന്നു മർക്കിയാനോസ്, ഈജിപ്തിൽനിന്നു വലന്തീനിയാനൂസും മാർസെല്ലിയൂസും, സുറിയായിൽ നിന്നു കർദോയും ഗ്നോസ്റ്റിക് പതിതനായ പ്ലോറിനൂസും ഏഷ്യമൈനറിൽനിന്നു പ്രാക്സോസും എപ്പഗോനൂസും ഫ്രൂഗിയായിൽനിന്നു മോന്തനിസ്റ്റുകളും ഇങ്ങനെ ഓടിക്കൂടിയവരാണു്. അതുപോലെതന്നെ അഡോപ്ഷ്യൻ, മൊണാക്കിയൻ പാഷണ്ഡതകളിൽപ്പെട്ട അപ്പെല്ലെസ്സ് പൊത്തീനൂസ്, ബസിലിക്കൂസ്, സീനെറോസ് ആദിയായവരും, കാപ്പൊക്രേഷ്യൻ പാഷണ്ഡതയുടെ സ്ഥാപകയായ മർസെല്ലീനായും, തയൊദോത്തസ്, ആർമറമൊൻ, ക്ലെയോമോനസ്, സാബെല്ലിയൂസ് മുതലായ മററു പതിതരും റോമാ സന്ദർശിക്കുകയുണ്ടായി.

ഇവരിൽ പലരും പൗരസ്ത്യരായിരുന്നു. തങ്ങളുടെ അബദ്ധസിദ്ധാന്തങ്ങൾക്കു റോമാമെത്രാൻെറ ആനുകൂല്യം നേടുകയെന്നതായിരുന്നു ഇവരുടെ യാത്രോദ്ദേശ്യം. ഇവരിൽ പലരെയും ഹിജീനൂസ്, വിക്ടർ മുതലായ മാർപ്പാപ്പാമാർ ശപിക്കുകയുണ്ടായി. അന്യരാജ്യക്കാരും അന്യ"സഭ"ക്കാരുമായവരുടെ മേൽ മാർപ്പാപ്പാ അധികാരം പ്രയോഗിച്ചിരുന്നുവെന്നല്ലേ ഇതു തെളിയിക്കുന്നതു്? അവരിൽ പലരും മാർപ്പാപ്പായുടെ ശാപത്തെ സ്വീകരിച്ചതായിട്ടാണു ചരിത്രം സാക്ഷിക്കുന്നതു്. ഏതായാലും മാർപ്പാപ്പായ്ക്കു അധികാരമില്ലെന്നുപറഞ്ഞു് ആരും എതിർത്തുനിന്നില്ല. മോന്തനിസ്റ്റുകളുടെ അബദ്ധോപദേശങ്ങൾ നിമിത്തം പ്രക്ഷുബ്ധമായ ഏഷ്യയിലെ പള്ളികളിൽ സമാധാനം പാലിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നു കാണിച്ചു് 188-ൽ ലെയോൻസിലെ വേദസാക്ഷികൾ എലിത്തേരിയൂസ് മാർപ്പാപ്പായുടെ പക്കൽ നിവേദനം നടത്തിയതായി ചരിത്രകാരനായ എവുസേബിയൂസ് പ്രസ്താവിക്കുന്നു. ഇതു സംബന്ധിച്ചു വാദപ്രതിവാദങ്ങൾ ഏഷ്യയിലും ഫ്രൂഗിയായിലും വച്ചു നടത്തപ്പെടുകയും, റോമാ മാർപ്പാപ്പായുടെ വിധിയോടെ തർക്കമവസാനിക്കുകയും ചെയ്തു. (Cf Mgr. Duschesne. The Churches Separated from Rome)

6. രണ്ടാം നൂററാണ്ടിലെ മറെറാരു സംഭവവും നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണു്. യഹൂദന്മാരുടെ പെസഹാത്തീയതിയനുസരിച്ചാണു ഏഷ്യാമൈനറിലെ സഭകൾ ഉയിർപ്പു തിരുനാൾ ആഘോഷിച്ചിരുന്നതു്. തന്മൂലം അതു് എല്ലാംക്കൊല്ലവും ഞായറാഴ്ച തന്നെയായിരുന്നില്ല വി. യോഹന്നാൻ ശ്ലീഹാ അങ്ങനെ ചെയ്തിരുന്നു എന്നതായിരുന്നു അവരുടെ ന്യായം. റോമായിലാകട്ടെ. ഞായറാഴ്ച മാത്രമേ ആ തിരുനാൾ ആഘോഷിച്ചിരുന്നുള്ളൂ. ഇക്കാര്യത്തിൽ ഒരു ഐകരൂപ്യം വരുത്തണമെന്നു പലരും ആഗ്രഹിച്ചു. സ്മിർണ്ണാസഭയുടെ അദ്ധ്യക്ഷനായ വി. പൊലിക്കാപ്പുതന്നെ, തൻെറ 80-ാമത്തെ വയസ്സിൽ, ഇതിലേക്കു റോമയിലെത്തി നിവേദനം നടത്തി. പാരമ്പര്യം എങ്ങനെയാണെന്നു തീർച്ചയാക്കുന്നതുവരെ ഐകരൂപ്യം വരുത്തേണ്ടെന്നായിരുന്നു ആനിസെററസ് മാർപ്പാപ്പായുടെ തീരുമാനം ഈ അഭിപ്രായം വിശുദ്ധ പൊലിക്കാപ്പിനു യുക്തിയുക്തമായി തോന്നിയില്ലെങ്കിലും, അദ്ദേഹം അതിനെ എതിർത്തില്ല.

ആനിസെററസ് മാർപ്പാപ്പായുടെ പിൻഗാമിയായ വിക്ടർ റോമാസഭയുടെ മുറ എല്ലായിടത്തും അനുസരിക്കപ്പെടണമെന്നു കർശനമായി ആജ്ഞാപിച്ചു വിക്ടറിൻെറ കല്പനപ്രകാരം പൗരസ്ത്യദേശങ്ങളിൽ പല ആലോചനാസം

ഘങ്ങളും കൂടി. എഫേസൂസു സഭയുടെ അദ്ധ്യക്ഷനായിരുന്ന പൊലിക്രാത്തസ് വിക്ടറിന്റെ ആവശ്യപ്രകാരം സംഘം കൂടിയെങ്കിലും, വിക്ടറിന്റെ കല്പനയനുസരിക്കുവാൻ വിസമ്മതിച്ചു. യഹൂദമുറയനുസരിച്ചു ഉയിർപ്പുതിരുനാൾ ആഘോഷിക്കുകയത്രേ ദൈവപ്രമാണമെന്നായിരുന്നു പൊലിക്രാത്തെസിന്റെ ശഠ്യം. കല്പന അനുസരിക്കാത്തവരെ സാർവ്വത്രികമായ ഐക്യത്തിൽനിന്നു വിച്ഛേദിക്കുവാൻ വിക്ടർ തീരുമാനിച്ചു. (വിക്ടർ അങ്ങനെ ചെയ്തെന്നു പറയുന്നവരും ഇല്ലാതില്ല) എന്നാൽ അങ്ങനെ ചെയ്യരുതെന്നു ഇരനേവൂസും മററും അദ്ദേഹത്തോട് അഭ്യർത്ഥിച്ചുവെന്നു എവുസേബിയസ് പ്രസ്താവിക്കുന്നു.

വിക്ടറും മററു വൈദികാദ്ധ്യക്ഷന്മാരും സമന്മാരായിരുന്നെങ്കിൽ, വിക്ടറിന്റെ കല്പനയനുസരിച്ചു പൊലിക്രാത്തെസും മററും ആലോചനായോഗം നടത്തുമായിരുന്നോ? സാർവ്വത്രികസഭയോടു കല്പിക്കാനും കല്പന അനുസരിക്കാത്തവരെ ശിക്ഷിക്കുവാനും തനിക്ക് അധികാരമുണ്ടെന്നുള്ള ബോധത്തോടെയാണു വിക്ടർ പ്രവർത്തിക്കുന്നതു്. പൗരസ്ത്യസഭയിലും തനിക്ക് അധികാരമുണ്ടെന്നു റോമാമെത്രാൻ വാദിക്കുന്നു. എന്നാൽ ഒരൊററ പൗരസ്ത്യമെത്രാനെങ്കിലും താദൃശമായ ഒരധികാരം തനിക്കാണെന്നു വാദിച്ചിട്ടില്ല. മാത്രമല്ല, വിക്ടറിന്റെ ആജ്ഞയനുസരിച്ചു അവർ യോഗം വിളിച്ചുകൂട്ടുന്നു, പൊലിക്രാത്തെസ് ഒഴികെയുള്ളവർ വിക്ടറിന്റെ തീരുമാനത്തെ ചോദ്യം ചെയ്യാതെ അംഗീകരിക്കുകയും ചെയ്യുന്നു. സഭയുടെ പരമശത്രുവായിരുന്ന റെനാൻ വീണ്ടും പറയുന്നു: "At the end of the second century we can already recognise by signs which it is impossible to mistake, the spirit which in 1870 will proclaim the infallibility of the Pope" (Hibbert Lectures, 1880)" 1870ൽ പ്രഖ്യാപനം ചെയ്യപ്പെട്ടവാനിരുന്ന മാർപ്പാപ്പായുടെ അപ്രമാദിത്വത്തിന്റെ ഭാവം, തെററിക്കൂടാത്ത അടയാളങ്ങളിൽനിന്നു്, രണ്ടാം ശതാബ്ദത്തിന്റെ അവസാനത്തിൽ നമുക്കു മനസ്സിലാക്കാം" എന്നാണു റെനാൻ പറയുന്നതു്.

(തുടരും)

---

(1-ാംപേജ് തുടർച്ച)

ത്യേകാനുഗ്രഹങ്ങളുമാണു്. 1924 മുതലേ ശനിയാഴ്ചഭക്തി ആചരിച്ചുപോരുന്നു. അന്നു ആഘോഷമായ പാട്ടുകുർബാനയും നൊവേനയും ഉണ്ടു്. ഏതാണ്ടു പത്തുകൊല്ലമായിട്ട് ദിവസവും നൊവേന അവിടെ നടത്തിപ്പോരുന്നുണ്ടു്. ചാത്തമ്മയിലാണു് ഇൻഡ്യയിലെ ആദ്യത്തെ നിത്യസഹായമാതാവിന്റെ നാമധേയത്തിലുള്ള ദേവാലയം പണിയാൻ ഇടയായതെന്നുള്ളതു് ഒരു പ്രത്യേകതയാണല്ലോ.

ലോകത്തിൽ പല സ്ഥലത്തും റെഡംപ്റററിസ്റ്റ് വൈദികർ മാതാവിന്റെ ഭക്തി പ്രചരിപ്പിക്കാൻ തീവ്രമായ ശ്രമം നടത്തുന്നുണ്ടു്. അതുമൂലം സീമാതീതമായ അനുഗ്രഹങ്ങളും ജനങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കുന്നു. ഇൻഡ്യയിൽ ബോംബെ, ബാങ്കളൂർ മുതലായ പട്ടണങ്ങളിൽ ഗതാഗതത്തിനു തടസ്സം വരത്തക്കവിധത്തിൽ മാതാവിന്റെ നൊവേനയിൽ പങ്കുകൊള്ളാൻ ജനങ്ങൾ ഓടിയണയുന്നു. കേരളത്തിൽതന്നെ പല ദേവാലയങ്ങളിലും നിത്യസഹായമാതാവിന്റെ തിരുസ്വരൂപം വച്ച് ശനിയാഴ്ച നടത്തുന്ന നൊവേനകളിൽ ആയിരക്കണക്കിനു് ഭക്തജനങ്ങൾ ജാതിമതഭേദമെന്യേ സംബന്ധിക്കുന്നതുതന്നെ വർദ്ധിച്ചുവരുന്ന മരിയഭക്തിക്കു തെളിവല്ലേ? സീമാതീതമായി വർദ്ധിച്ചുവരുന്ന ഈ ഭക്തിക്കു് കാരണം ജനങ്ങളിൽ പാപബോധവും അനുതാപവും അധികരിച്ചുവരുന്നതിന്റെ ലക്ഷണമാണു്. വെള്ളം ഒഴുകുന്നതു് എപ്പോഴും താഴ്ചയുള്ള സ്ഥലത്തേക്കായിരിക്കുമല്ലോ! ലോകം ഒരു അസ്വസ്ഥമേഖലയായിരിക്കുന്ന ഇക്കാലത്തു് കത്തോലിക്കർ മാതാവിനോടുള്ള ഭക്തി ഉത്തരോത്തരം വർദ്ധിപ്പിച്ച് നാട്ടിൽ ശാന്തിയും സമാധാനവും കൈവരുവാൻ തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

—o—

---

ലീജിയൻ പംക്തി

# ലീജിയൻ കോൺഗ്രസ്സ്




ലീജിയൻ കോൺഗ്രസ്സ് ആദ്യമായി നടത്തപ്പെട്ടതു 1939-ലെ ഉയിർപ്പു ഞായറാഴ്ച അയർലണ്ടിൽ ക്ലെയർ കൂരിയായുടെ ആഭിമുഖ്യത്തിലായിരുന്നു. അതു വമ്പിച്ചൊരു വിജയമായിരുന്നതിനാൽ പിന്നീടു പലയിടങ്ങളിൽ വച്ചു കോൺഗ്രസ്സുകൾ നടത്തപ്പെടുകയും ലീജിയൻ പദ്ധതിയിൽ കോൺഗ്രസ്സുകൾക്കു പ്രധാനമായൊരു സ്ഥാനം ലഭിക്കുകയും ചെയ്തു. പുതിയ നിയമഗ്രന്ഥത്തിൽ കോൺഗ്രസ്സിനെപ്പററി പ്രതിപാദിക്കുന്ന ഒരു ഭാഗമുണ്ടു്. ആ ഗ്രന്ഥം കൈവശമില്ലാത്തവരുടെ അറിവിലേക്കായി അതിന്റെ സംക്ഷേപം താഴെ ചേർക്കുന്നു.

ലീജിയൻ കോൺഗ്രസ്സ് ഒരു കമ്മീസിയത്തിന്റേയോ കൂരിയായുടേയോ പരിധിയിലാണ് നടത്തപ്പെടേണ്ടതു്. കൂടുതൽ വിപുലമായ തോതിലുള്ള സമ്മേളനങ്ങൾ കോൺഗ്രസ്സിന്റെ ഉദ്ദേശ്യങ്ങൾക്കു അനുയോജ്യമല്ല; നിർദ്ദിഷ്ടഫലം പുറപ്പെടുവിക്കുയുമില്ല. അവയ്ക്കു കോൺഗ്രസ് എന്നു പേരു നൽകുകയോ കോൺഗ്രസ്സിനു് പകരമായി അവ നടത്തുകയോ ചെയ്യുവാൻ പാടില്ല.

ഒരേ അതിർത്തിയിൽവച്ചു രണ്ടു കൊല്ലത്തിനുള്ളിൽ ലീജിയൻ കോൺഗ്രസ് നടത്തിക്കൂടെന്നു കൺസിലിയം തീർപ്പുചെയ്തിട്ടുണ്ടു് കോൺഗ്രസ്സിനായി ഒരു ദിവസം മുഴുവനും വിനിയോഗിക്കണം. സാദ്ധ്യമെങ്കിൽ കാലത്തു ദിവ്യപൂജയോടുകൂടി അതു ആരംഭിക്കുകയും പരിശുദ്ധ കുർബാനയുടെ ആശീർവ്വാദത്തോടുകൂടി അവസാനിക്കയും വേണം. പല സമ്മേളനങ്ങൾ അന്നു നടത്തപ്പെടും. അവ ഒരു വിഷയത്തെ മാത്രമോ പല വിഷയങ്ങളെയോ ആസ്പദിച്ചാവാം. സംവാദവിഷയം ഒരു ലഘുപ്രസംഗത്തോടുകൂടി അവതരിപ്പിക്കുകയും സംവാദങ്ങളിൽ എല്ലാവരും സജീവമായി പങ്കെടുക്കുകയും ചെയ്യണം. എല്ലാവരുടേയും ഭാഗഭാഗിത്വത്തിലാണു് കോൺഗ്രസിന്റെ ജീവൻ അടങ്ങിയിരിക്കുന്നതു്. സമ്മേളനാദ്ധ്യക്ഷൻ സുദീർഘമായോ തുടരെത്തുടരെ ഇടപെട്ടുകൊണ്ടോ സംസാരിക്കാതെ യോഗത്തെ നയിക്കേണ്ടതാണു്. വാഗ്വിലാസം പ്രകടിപ്പിക്കുന്ന പ്രസംഗങ്ങൾ ആവശ്യമില്ല. അവകൊണ്ടു താല്ക്കാലികമായ ആവേശമല്ലാതെ യാതൊരു പ്രശ്നത്തിനും കാര്യമായ പരിഹാരമൊന്നും ഉണ്ടാകുകയില്ല. എങ്കിലും ലീജിയന്റെ ഭക്തിക്രമം, ആദർശം, ചുമതലകൾ ആദിയായവയിലേതെങ്കിലും വിഷയത്തെ പററിയുള്ള പ്രസംഗം കൂടിയേ തീരൂ.

പ്രസീദിയം ഭാരവാഹികളെ ഉദ്ദേശിച്ചോ, അഥവാ എല്ലാം ലീജിയൻകാരെയും ഉദ്ദേശിച്ചോ കോൺഗ്രസ് നടത്താവുന്നതാണ്. എല്ലാവരെയും ഉദ്ദേശിച്ചുള്ളതാണെങ്കിൽ ഒന്നാം സമ്മേളനത്തിൽ ഭാരവാഹികളെ അവരുടെ ഉദ്യോഗമനുസരിച്ചും മററു ലീജിയൻകാരെ അവരുടെ പ്രവർത്തനങ്ങൾ അനുസരിച്ചും വേർതിരിച്ചു പ്രത്യേകയോഗങ്ങൾ നടത്താം. ബാക്കിയുള്ള സമ്മേളനങ്ങൾപൊതുവായി നടത്തണം. കോൺഗ്രസ്സിന്റെ പേരിൽ എല്ലാവരും വന്നുചേർന്ന ശേഷം അവരെല്ലാം വെവ്വേറെ യോഗങ്ങൾ കൂടിക്കൊണ്ടിരിക്കുന്നതിൽ അർത്ഥമില്ലല്ലൊ സംവാദങ്ങളിൽ എല്ലാവർക്കും സജീവമായി പങ്കെടുക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടി ഗ്രൂപ്പു തിരിഞ്ഞുള്ള യോഗങ്ങൾ ആവശ്യമാണു താനും.

കോൺഗ്രസ്സിന്റെ ഉദ്ദേശ്യം ലീജിയന്റെ മൂലതത്വങ്ങൾ കൂലങ്കഷമായി മനസ്സിലാക്കുകയും തദനുസൃതം ഭാവിപ്രവർത്തനപരിപാടികൾ രൂപീകരിക്കുകയും ചെയ്യുക എന്നതാണു്. ആകയാൽ ലീജിയന്റെ ഭക്തിക്രമം, ലീജിയൻകാർക്കുണ്ടായിരിക്കേണ്ട വിശിഷ്ടഗുണങ്ങൾ, ലീജിയൻ പ്രവർത്തനപദ്ധതി, പുതിയ പ്രവർത്തനങ്ങൾ എന്നിത്യാദി വിഷയങ്ങൾ പ്രതിപാദിക്കപ്പെടണം. ഓരോ കോൺഗ്രസിലും ചുരുക്കം ചില വിഷയങ്ങൾ മാത്രമേ കൈകാര്യം ചെയ്യുവാൻ സാധിക്കയുള്ളു എങ്കിലും ഏതാനും വർഷങ്ങൾ കൊണ്ടു പ്രാധാന്യമർഹിക്കുന്ന മിക്ക വിഷയങ്ങളെപ്പററിയും ആലോചന നടത്താൻ സാധിക്കും.

ഒരേ സ്ഥലത്തുവച്ചുതന്നെ നടത്തപ്പെടുന്ന കോൺഗ്രസ്സുകൾ തമ്മിൽ ഐകരൂപ്യം ഉണ്ടായിരിക്കരുതു്. ആദ്യത്തെ കോൺഗ്രസ്സ് വളരെ വിജയിച്ചിട്ടുണ്ടെങ്കിൽ പിന്നീടും അതേ പരിപാടിതന്നെ അവിടെ സ്വീകരിക്കാൻ എളുപ്പമുണ്ടു്. എന്നാൽ അതു തെററാണു്. ഒരു പക്ഷെ ആദ്യത്തെ വിജയത്തിനുള്ള കാരണം അതിന്റെ നവീനത്വം ആയിരുന്നിരിക്കാം. ആകയാൽകേവലം വ്യത്യാസത്തിനുവേണ്ടി മാത്രമായാലും ശരി കുറെ വ്യത്യാസങ്ങൾ ഏതെങ്കിലും വിധത്തിൽ പിന്നീടുള്ള കോൺഗ്രസ്സിൽ ഉണ്ടാക്കുവാൻ ശ്രമിക്കണം. അതിനു കുറെയേറെ ആലോചനയും ആസൂത്രണവും ആവശ്യമാണു്.

---

## Thanksgiving



**For Favours Received**

By a firm believer, Ollur

---

## കൃതജ്ഞത

വിശുദ്ധ റീത്താ പുണ്യവതിയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി.

Mrs. K. A. ഫ്റാൻസിസ്

അവിട്ടത്തൂർ

---



ഇന്ത്യയിലെ ഇൻറർ നൺഷിയോ മോസ്റ്റ് റവ. ഡോക്ടർ നോക്സ് തിരുമേനി റോമിൽനിന്നു പുറപ്പെടുന്നതിനു മുമ്പു ഇന്ത്യയിലെ മുൻഇൻറർനൺഷിയോയായിരുന്ന (പരേതനായ) മോസ്റ്റ് റവ. ഡോക്ടർ കീയക്കിൽസ് തിരുമേനിയുമൊന്നിച്ചെടുത്തഫോട്ടോ.



എറണാകുളം അതിരൂപതയുടേയും കോതമംഗലം രൂപതയുടേയും വകയായ ജൂബിലി പാരിതോഷികങ്ങൾ റവ. ഫാദർ ആൻറണി പുതുശ്ശേരി (എറണാകുളം അതിരൂപത) യും റവ. ഫാദർ വെള്ളാങ്കലും (കോതമംഗലം രൂപത) അത്യുന്നത കർദ്ദിനാൾ തിസ്സരാൻ തിരുമനസ്സിലേക്കു സമർപ്പിക്കുന്നു

---

## ഒരു ചരമം



കോടിക്കുളം പള്ളി ഇടവക തറയിൽ ഔസേപ്പ് കുര്യാക്കോസ് 57-ാമത്തെ വയസ്സിൽ നവംബർ 9-ാംനു- ശനിയാഴ്ച രാവിലെ 4-30നു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ഒരു വലിയ ജനക്കൂട്ടത്തിന്റേയും, ദർശനസമൂഹത്തിന്റേയും പല ബ. വൈദികരുടേയും സഹകരണത്തിൽ മൃതദേഹം കോടിക്കുളം പള്ളിസെമിററിയിൽ സംസ്കരിക്കപ്പെട്ടു. പെ. ബ. ജയിക്കബ്ബ് തേവർപാടം അവർകൾ ചരമപ്രസംഗം നടത്തി. പരേതന്റെ സുദീർഘമായ ദേവാലയശുശ്രൂഷയിൽ പ്രദർശിപ്പിച്ചുപോന്ന കൃത്യനിഷ്ഠയേയും ഭക്തരീതികളേയും, കുടുംബത്തിൽ പുലർത്തിപ്പോന്ന കത്തോലിക്കാചൈതന്യത്തേയും, അൽമായപ്രേഷിതത്വപരമായ സംഘടനാപ്രവർത്തനങ്ങളിൽ നിലനിർത്തിയിരുന്ന ശുഷ്കാന്തിയേയും പ്രസംഗകൻ മാതൃകയായി ചൂണ്ടിക്കാണിക്കുകയുണ്ടായി.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 NOVEMBER 20 || No. 15


# വിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കുത്തകയാക്കാമോ?

ആധുനികകാലത്ത് പല രാജ്യങ്ങളിലും പൊന്തിവന്നിട്ടുള്ള ചൂടുപിടിച്ച ഒരു പ്രശ്നമാണത്. രാഷ്ട്രത്തിന്റെ സ്വേച്ഛാമേധാവിത്വം കല്ലുബന്ധം ചെയ്തുറപ്പിക്കുന്നതിനുള്ള സാഹസികയത്നത്തിലെ ഒരു പരിപാടിയായിട്ടാണ് അതുത്ഭവിക്കുന്നത്. തന്മൂലം രാഷ്ട്രാധികാരം സ്വേച്ഛാധിപത്യം നടത്തുന്ന കമ്മ്യൂണിസ്റ്റ് സമ്പ്രദായത്തിൽ വിദ്യാഭ്യാസം പിടിച്ചടക്കുന്നത് ഒരു പ്രാഥമികനടപടിയാണ്. നമ്മുടെ കേരളസ്റ്റേററിലും കമ്മ്യൂണിസ്റ്റ് പാർട്ടി ഭരണത്തിൽ വന്നപ്പോൾ ഈ നടപടി സ്വീകരിച്ചത് അതിന്റെ സ്വാഭാവികമായ ഒരു വികാസമായിരുന്നു. അതുകൊണ്ട് സാമാന്യജനങ്ങൾ നിരവധി ക്ലേശങ്ങളും ത്യാഗങ്ങളും സഹിച്ച് അവരുടെ അവകാശങ്ങളെ സുരക്ഷിതമാക്കുവാൻ ഇന്നു നിർബന്ധിതരായിത്തീർന്നിരിക്കുകയാണ്. ഈ ധർമ്മസമരം അടിപതറാതെ, അണിമുറിയാതെ പുരോഗമിപ്പിക്കേണ്ടതും പരിപൂർണ്ണവിജയത്തിലെത്തിക്കേണ്ടതും, വളരുന്ന തലമുറയുടെ ധാർമ്മികശിക്ഷണത്തേയും നമ്മുടെ നാടിന്റെ നല്ല ഭാവിയേയും അഭിലഷിക്കുന്ന ഏതൊരു പൗരന്റേയും സർവ്വപ്രധാനമായ കർത്തവ്യമാണ്. കമ്മ്യൂണിസ്റ്റ് ഗവർമ്മേണ്ട് ഒളിഞ്ഞും തെളിഞ്ഞും, കൗശലത്തിലും കൈയ്യൂക്കുകൊണ്ടും പ്രൈവററുവിദ്യാലയങ്ങളെ തുലയ്ക്കുന്നതിനും കൈയടക്കുന്നതിനും സകല അടവുകളും പ്രയോഗിക്കുമെന്നുള്ളത് സംശയാതീതമായി തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. നിയമനിർമ്മാണം വഴി ഒററയടിക്കു എല്ലാം പാട്ടിലാക്കാമെന്നു ആദ്യം വിചാരിച്ചു പക്ഷേ, ഇന്ത്യൻ ഭരണഘടന അതിനൊരു വിലങ്ങുതടിയായി. അദ്ധ്യാപകന്മാരെ ചാക്കിട്ടുപിടിക്കാനും പണം കാണിച്ചു പ്രലോഭിപ്പിച്ചു വശത്താക്കാനും ഭീഷണിപ്പെടുത്തി സ്വാധീനിക്കാനും അങ്ങിനെ പ്രൈവററുസ്കൂൾ ഭരണം രാഷ്ട്രത്തിൽ ലയിപ്പിക്കുവാനുമാണ് ഇപ്പോഴത്തെ സംരംഭം. മാനേജർക്കെതിരായല്ല, വിദ്യാഭ്യാസാദർശത്തിനെതിരായി തന്നെ കാലുമാറുവാൻ അദ്ധ്യാപകരെ പ്രലോഭിപ്പിക്കുന്ന ഈ വശീകരണങ്ങളെ ധാർമ്മികപാരമ്പര്യമുള്ള കേരളത്തിലെ അദ്ധ്യാപകലോകം ചെറുത്തുനില്ക്കുമെന്നു വേണം വിചാരിക്കുവാൻ. വളരെയധികം ത്യാഗങ്ങൾ അവരുടെ മുമ്പിൽ ഉയർന്നുവരുന്നുണ്ട്; വളരെയധികം ഭീഷണികൾ അവരെ തുറിച്ചുനോക്കുന്നുണ്ട്. പക്ഷേ ആദർശത്തിന്റേയും ആഭിജാത്യത്തിന്റേയും പേരിൽ അവയെ നേരിടുന്നതിനുള്ള തന്റേടം അവർ പ്രത്യക്ഷപ്പെടുത്താതിരിക്കയില്ല. മാനേജുമെൻറും പൊതുജനങ്ങളും അവരോടു സന്മനോഭാവവും സഹാനുഭൂതിയും ഉള്ളവരായി കാണിക്കേണ്ടിയിരിക്കുന്നു. ആദർശത്തെ മാറിലൊട്ടിച്ചു പണത്തിനുവേണ്ടി കാലുമാറുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവരെ ഒററപ്പെടുത്താനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതായാലും ഒരു ധർമ്മസമരം നമുക്ക് ഇന്നു അനിവാര്യമായിക്കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ നില വ്യക്തമായി ഗ്രഹിക്കുന്നതിനും, സ്വാതന്ത്ര്യത്തിനും ജന്മാവകാശങ്ങൾക്കും ധാർമ്മികമൂല്യങ്ങളുടെ പരിരക്ഷണത്തിനുംവേണ്ടിയുള്ള നമ്മുടെ ധർമ്മസമരം എന്തെന്തു ത്യാഗങ്ങളും ക്ലേശങ്ങളും സഹിക്കേണ്ടിവന്നാലും ഉപേക്ഷിക്കുവാൻ നമുക്കു നിവൃത്തിയില്ലെന്നു മനസ്സിലാക്കുവാനും നാം അലസത ഭാവിക്കരുത്.

യൂറോപ്യൻ രാജ്യങ്ങളിൽ ആവിർഭവിച്ചിട്ടുള്ള ഏതാദൃശവിദ്യാഭ്യാസപ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുന്നതിനു വിവിധരാജ്യങ്ങളിൽനിന്നുള്ള പ്രൈവററ്സ്കൂൾ പ്രവർത്തകപ്രതിനിധികൾ ഈയിടെ റോമിൽവച്ചു ഒരു പൊതുസമ്മേളനം നടത്തുകയുണ്ടായി. അവർക്കു പരിശുദ്ധപിതാവ് ഒരു പ്രത്യേകസന്ദർശനം അനുവദിക്കുകയും, വിദ്യാഭ്യാസരംഗത്ത് എവിടേയും ആവിർഭവിച്ചുകൊണ്ടിരിക്കുന്ന ഉദ്ധൃതപ്രശ്നത്തെ സംബന്ധിച്ച് ലോകത്തിലെ പൊതുപ്പിതാവും ധാർമ്മികസമ്രാട്ടുമായിരിക്കുന്ന തിരുമേനി സുവ്യക്തം അവരെ ഉൽബോധിപ്പിക്കുകയുംചെയ്തു. സ്വകാര്യവിദ്യാലയങ്ങളെ സംബന്ധിക്കുന്ന കൈമാററം ചെയ്യാനാവാത്ത ചുമതലകളിൽ വിശ്വസിക്കുന്നവർ തങ്ങളുടെ ആദ്ധ്യാത്മികമായ ആസ്തികൾ ദൃഢതയോടുകൂടി വിനിയോഗിക്കുവാൻ പരിശുദ്ധമാർപ്പാപ്പാ അവരെ ആഹ്വാനം ചെയ്തുകൊണ്ടു ഇങ്ങനെ തുടർന്നു: രാഷ്ട്രീയാധികാരത്തിനു പരിപൂർണ്ണമായും അധീനമാണ് പ്രൈവററുസ്കൂളുകൾ എന്നു തെററിദ്ധരിക്കാതെ, മനുഷ്യന്റെ വികാസത്തിനും വളർച്ചയ്ക്കും നിദാനമായ കുടുംബത്തിന്റെ തത്വാടിസ്ഥാനത്തിൽ ശരിയായി പ്രവർത്തിക്കുന്നതിനുള്ള സാക്ഷാത്തായ സ്വാതന്ത്ര്യം അവയ്ക്കു നൽകപ്പെടേണ്ടതാണ്. വിദ്യാഭ്യാസകുത്തക അതിന്റേതാണെന്നു അവകാശവാദം നടത്തുകയും, വ്യക്തികൾക്കും, സ്വകാര്യസംഘടനകൾക്കും വിദ്യാഭ്യാസരംഗത്തുള്ള പ്രവർത്തനസ്വാതന്ത്ര്യം തടസ്സപ്പെടുത്തുകയും ചെയ്യുന്ന ഒരു സ്റ്റേററ് മനുഷ്യവ്യക്തിയുടെ മൗലികമായ ആവശ്യങ്ങൾക്കു അനുയോജ്യമല്ലാത്ത നടപടിയിലാണ് ഏർപ്പെടുന്നത്. പരിശുദ്ധപിതാവിന്റെ ഈ പ്രസ്താവം കേരളത്തിലെ സ്ഥിതിഗതികളെ സസൂക്ഷ്മം മനസ്സിലാക്കി ചെയ്ത ഒന്നാണോ എന്നുപോലും പ്രഥമദൃഷ്ടിയിൽ തോന്നിപ്പോകാം. കേരളത്തെപ്പററി തിരുമേനിക്കു അത്രയും സൂക്ഷ്മമായ അറിവു ലഭിക്കുവാൻ ഇടയായിട്ടില്ലെങ്കിലും മററു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ആദർശവും നടപടിയും അവിടുത്തേക്കു സൂക്ഷ്മമായി അറിവുള്ളതാണ്. ആ രാജ്യങ്ങളിലെ പരിപാടികൾതന്നെ കമ്മ്യൂണിസ്റ്റ്പാർട്ടിക്കധീനമായ നമ്മുടെ കേരളഗവർമ്മേണ്ടിന്റെ നടപടികളിലും ആവർത്തിക്കപ്പെടുന്നു എന്നുള്ള വാസ്തവമാണ് ഈ പ്രസ്താവത്തിന്റെ ആകസ്മികമായ ഒത്തിണക്കത്തിൽ പ്രകടമാകുന്നത്. അതുകൊണ്ട് കമ്മ്യൂണിസ്റ്റ്സ്വേച്ഛാധിപത്യത്തിനു അടിപ്പെട്ടുപോയ യൂറോപ്പിലെ ദുർഭഗരാജ്യങ്ങൾക്കു വന്നുഭവിച്ചതായ ദുരദൃഷ്ടം കേരളത്തിലും വേരുറക്കാതിരിക്കണമെങ്കിൽ കേരളഗവർമ്മേണ്ടിന്റെ കമ്മ്യൂണിസ്റ്റുപ്രോക്തവും ജനാധിപത്യാദർശത്തിനും മനുഷ്യന്റെ മൗലികാവകാശങ്ങൾക്കു കടകവിരുദ്ധവുമായ നടപടികളെ ചെറുക്കുന്നതിനു നാം ധർമ്മസമരം നടത്തണം. വിദ്യാഭ്യാസസ്വാതന്ത്ര്യത്തിലാണ് അതിപ്പോൾ കൈവച്ചിരിക്കുന്നത്. ഇതു മൗലികമായ ഒരു പ്രശ്നമാണ്. അതിന്റെ ആരംഭത്തിൽതന്നെ നാമുണർന്നതു അത്രയും നന്നായി. പക്ഷേ പ്രബലമായ പ്രതിരോധങ്ങളെക്കണ്ടു നാം മനസ്സുമടുക്കരുത്. അവസാനംവരെയും നാം ചെറുക്കണം, വിജയംവരെയും സമരം ചെയ്യണം. പുറകെ ഇനിയും വരും പ്രശ്നങ്ങൾ. അതിനും നാം തയാറാകണം. കമ്മ്യൂണിസത്തെ ജനഹിതത്തിനു വിരുദ്ധമായി ഇവിടെ അടിച്ചേല്പിക്കുവാൻ ഏതു മഹച്ഛക്തി സമരം നടത്തിയാലും നാമതിനു വഴിപ്പെടുകയില്ല എന്നു തെളിയിക്കുവാൻ ഉശിരോടുകൂടി നാം മുന്നേറുക.

## പ്രസാധകക്കുറിപ്പുകൾ

### ക്രിസ്തീയസ്നേഹത്തിന്റെ വ്യാപ്തി

റോമിൽ നടന്ന അൽമായപ്രേഷിതകോൺഗ്രസ്സിൽ ഒരു പ്രസംഗകനായിരുന്ന മിലാൻമെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ മൊന്തീനി തിരുമനസ്സുകൊണ്ട് അവിടുത്തെ പ്രസംഗമദ്ധ്യേ ക്രിസ്തീയസ്നേഹത്തെ അധികരിച്ചു ശക്തിയായി ഉൽബോധിപ്പിക്കുകയുണ്ടായി. തിരുസഭയുടെ പ്രേഷിതത്വം രാഷ്ട്രീയത്തേയോ, സാമ്പത്തികത്തേയോ, സാമൂഹികത്തേയോ നേരിട്ടു സ്പർശിക്കുന്നതല്ല എന്നു പ്രസ്താവിച്ചുകൊണ്ട് തിരുമേനി തുടർന്നു: "തിരുസഭയുടെ പ്രേഷിതത്വം ക്രിസ്തുവിന്റെ ജീവിതത്തെ ലോകത്തിൽ പുരോഗമിപ്പിക്കുന്നതിലാണടങ്ങിയിരിക്കുന്നത്. അൽമായപ്രേഷിതത്വത്തിന്റെ മുഖ്യമായ ഉദ്ദേശ്യം ലോകത്തിൽ ക്രിസ്തുമതത്തെ ആകർഷകവും അനുഭാവാർഹവുമാക്കുന്നതിലായിരിക്കണം. സാമൂഹികവും, സാമ്പത്തികവും, കലാപരവും, രാഷ്ട്രീയവും, വ്യക്തിപരവുമായി അൽമായപ്രേഷിതർ ഏർപ്പെടേണ്ട വിവിധ പ്രവർത്തനങ്ങളെസംബന്ധിച്ച് തിരുസഭതന്നെയാണ് അവയുടെ പ്രാധാന്യത്തെ നിർണ്ണയിക്കേണ്ടതു. അൽമായപ്രേഷിതത്വം ഒരു പിടിച്ചടക്കലല്ല, പ്രത്യുത ശുശ്രൂഷചെയ്യലാണ്. നാം നമ്മുടെ മാതൃരാജ്യത്തേയും മററുള്ളവരുടെ മാതൃരാജ്യങ്ങളേയും സ്നേഹിക്കണം; നമ്മുടെ മിത്രങ്ങളേയും ശത്രുക്കളേയും സ്നേഹിക്കണം. കത്തോലിക്കരായാലും, ശീശ്മയിൽ പെട്ടവരായാലും, പ്രോട്ടസ്റ്റൻറുകാരായാലും, ആംഗ്ലിക്കന്മാരായാലും, അക്രൈസ്തവരായാലും, മുസ്ലീമിങ്ങളായാലും, അവിശ്വാസികളായാലും, നിരീശ്വരന്മാരായാലും വേണ്ടതില്ല, അവരെയെല്ലാം നാം സ്നേഹിക്കണം. സാമൂഹികമായ വ്യത്യാസങ്ങളെ മറന്ന് എല്ലാവരേയും നാം സ്നേഹിക്കണം; പ്രത്യേകിച്ച് കൂടുതൽ അവശതയനുഭവിക്കുന്നവരെ സ്നേഹിക്കണം. അവർ നമ്മുടെ സ്നേഹത്തിനർഹരാകട്ടെ, അനർഹരാകട്ടെ; എല്ലാവരേയും നാം സ്നേഹിക്കണം. നമ്മുടെ കാലത്തേയും, നമ്മുടെ സംസ്കാരത്തേയും, നമ്മുടെ സാങ്കേതികനേട്ടങ്ങളേയും, കലാബോധത്തേയും, മത്സരക്കളികളേയും, നമ്മുടേതായ ഈ ലോകത്തെ മുഴുവനും നാം സ്നേഹിക്കണം. കുട്ടികളേയും വയോവൃദ്ധന്മാരേയും, ദരിദ്രരേയും രോഗികളേയും, നമ്മെ വെറുക്കുന്നവരേയും അധിക്ഷേപിക്കുന്നവരേയും, എതിർക്കുന്നവരേയും മർദ്ദിക്കുന്നവരേയും നമുക്കു സ്നേഹിക്കണം. നാം ദൈവത്തെ സ്നേഹിക്കുന്നതു വ്യാപ്തിയിൽതന്നെ ഇവരേയും സ്നേഹിക്കണം." പരസ്പരവിദ്വേഷത്തിന്റേയും അക്രമാസക്തിയുടേയും ലഹരികൊണ്ടു ഉന്മത്തമായിരിക്കുന്ന ലോകത്തിൽ സമാധാനത്തിന്റെ പ്രകാശം പ്രസരിക്കണമെങ്കിൽ സഹോദരസ്നേഹം പ്രായോഗികമാക്കപ്പെടാതെ ഗത്യന്തരമില്ല. "സർവ്വോപരി നീ ദൈവത്തെ സ്നേഹിക്കുക; നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക" എന്നുള്ള അലംഘനീയമായ പ്രമാണത്തെ അവഗണിച്ചുകൊണ്ടുള്ള ലോകത്തിന്റെ പോക്ക് അസമാധാനത്തിലേക്കും അധഃപ്പതനത്തിലേക്കുമാണെന്നു മാനവവംശം മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. മൊന്തീനിമെത്രാപ്പോലീത്തായുടെ മനോഹരമായ ഈ പ്രഭാഷണം സഹൃദയലോകത്തെ ഹഠാദാകർഷിക്കുമെന്നു പ്രതീക്ഷിക്കാം. സർവ്വരേയും സർവ്വത്തേയും യഥാക്രമം സ്നേഹിക്കുന്നതിനു ലോകത്തെ പഠിപ്പിക്കുന്ന ക്രിസ്തീയസിദ്ധാന്തം പ്രായോഗികമാക്കുന്നതിലാണ് ഇതു സഫലമാവുക.

x x x

### സെക്കുലർസ്റ്റേററിനു വിദ്യാഭ്യാസാദർശം കരുപ്പിടിപ്പിക്കുക സാദ്ധ്യമല്ല

മനുഷ്യരെ രണ്ടു വീക്ഷണകോണങ്ങളിൽനിന്നാണ് ആധുനികലോകം ദർശിക്കുന്നത്. ഒരുകൂട്ടർക്കു മനുഷ്യൻ ദൈവസുതനാണ്; ഇതരർക്കു അവൻ ഒരു വെറും ഭൗതികവസ്തുവാണ്. മനുഷ്യനെ ഒരു വെറും ഭൗതികസത്തയായി പരിഗണിക്കുന്നവർക്കു അവന്റെ വിദ്യാഭ്യാസത്തിൽ ഭൗതികമായ ലക്ഷ്യങ്ങളെമാത്രമേ ഉൾപ്പെടുത്തുവാൻ സാധ്യമാവുകയുള്ളു. അതുകൊണ്ട് ആദർശപരമായ ഒരു വിദ്യാഭ്യാസം സാദ്ധ്യമാവുകയില്ല. ഇംഗ്ലണ്ടിലെ വിക്ടോറിയൻസ്റ്റേററിലെ വിദ്യാഭ്യാസമന്ത്രി അവിടത്തെ വിദ്യാഭ്യാസപദ്ധതിയിൽ ഭൗതികമാത്രമായ ലക്ഷ്യങ്ങളെ ആധാരമാക്കി നിർമ്മിച്ച ചില പരിഷ്കാരങ്ങളെ വിമർശിച്ചുകൊണ്ട് മെൽബോൺ അതിരൂപതയിലെ സഹായമെത്രാൻ സീമോണ്ട്സ് തിരുമേനി ഒരു പൊതുയോഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "ഒരു ശിശുവിന്റെ സ്വഭാവത്തേയും ജീവിതലക്ഷ്യത്തേയും സംബന്ധിച്ച് സുനിശ്ചിതമായ ഒരു തത്വബോധമില്ലാതെ അതിന്റെ വിദ്യാഭ്യാസത്തെപ്പററി തൃപ്തികരമായ ഒരു തത്വസംഹിത നിർമ്മിക്കുവാൻ സാധിക്കുന്നതല്ല. ഒരു സെക്കുലർസ്റ്റേററിനു അതിന്റെ പ്രകൃതത്തിൽ, അതു വിദ്യ അഭ്യസിപ്പിക്കുന്നതിനു ഭരമേല്ക്കുന്ന കുട്ടികളുടെ സ്വഭാവത്തെ സംബന്ധിച്ചിടത്തോളം യാതൊരു തത്വസംഹിതയുമില്ല. നമ്മുടെ സെക്കുലർസ്റ്റേററ് തത്വശാസ്ത്രത്തേയും മതത്തേയും സംബന്ധിച്ച കാര്യങ്ങളിൽ പരിപൂർണ്ണമായ നിഷ്പക്ഷത പാലിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതു; അതുകൊണ്ട് ആദർശപരമായ് ഏതെങ്കിലും ഒരു സംഹിതയെ അതിന്റെ ജനങ്ങളുടെമേൽ അടിച്ചേല്പിക്കുന്നതിൽനിന്നു അതു ഒഴിഞ്ഞിരിക്കേണ്ടതാണ്. [illegible] അദ്ധ്യാപകന്മാരെ ഏതെങ്കിലും രീതിയിലുള്ള പ്രത്യേകആദർശപരിപാടികൾക്കു വിധേയരാക്കാനും നിവൃത്തിയില്ല. ഒരു സ്കൂളിൽതന്നെ അദ്ധ്യാപകരിൽ ഒരാൾ ക്രിസ്ത്യാനിയും വേറൊരാൾ ഒരു നിരീശ്വരനും മററൊരാൾ ഒരു കമ്മ്യൂണിസ്റ്റും ആയി എന്നു വരാം. ഇവരോരോരുത്തർക്കും അവർ പഠിപ്പിക്കുന്നതിനുള്ള കുട്ടികളുടെ സ്വഭാവത്തേയും ജീവിതലക്ഷ്യത്തേയുംകുറിച്ചു പരിസ്പഷ്ടം വ്യത്യസ്തങ്ങളായ തത്വങ്ങളാണുള്ളത്. വിഭിന്നങ്ങളായ അവരുടെ ആദർശങ്ങൾ എങ്ങിനെയാണ് അവരുടെ ശിക്ഷണത്തിനേല്പിക്കപ്പെടുന്ന കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിൽ പ്രതിഫലിക്കാതിരിക്കുക എന്നു മനസ്സിലാക്കുവാൻ പ്രയാസമാണ്. ധാർമ്മികശിക്ഷണത്തെ സംബന്ധിച്ച് അവരിൽനിന്നു പരമാവധി പ്രതീക്ഷിക്കാവുന്നത്, മനുഷ്യരുടെ സ്വഭാവത്തേയും ജീവിതലക്ഷ്യത്തേയുംപററി വിവിധങ്ങളായ അവരുടെ വീക്ഷണഗതികൾക്കെല്ലാം ഒരുപോലെ യോജിക്കുന്ന വ്യാപകവും അനിശ്ചിതവുമായ ചില ജീവകാരുണ്യപരമായ പൊതുനിയമങ്ങൾ മാത്രമായിരിക്കും. പക്ഷേ ശുഷ്കമായ ഈ നിയമസംഹിതപോലും മനസ്സാക്ഷിക്കുതകുംവിധത്തിൽ വിദ്യാർത്ഥികളിൽ നിർബന്ധിതമാക്കാൻ സാദ്ധ്യമല്ല. മനുഷ്യന്റെ മനസ്സാക്ഷിയെ സ്പർശിക്കുന്നവിധത്തിൽ അവനെ നിർബന്ധിക്കുവാൻ മതത്തിനുമാത്രമേ അവകാശമുള്ളു; രാഷ്ട്രത്തിനില്ല. സിവിലധികാരം കൈകാര്യം ചെയ്യുന്നതിൽ രാഷ്ട്രത്തിന്റെ നിയമങ്ങളെ ലംഘിക്കുന്നവരെ ബാഹ്യമായി ശിക്ഷിക്കുവാൻ അതിനു കഴിയും. പക്ഷേ മനസ്സാക്ഷിയുടെ ആന്തരികമായ രംഗത്തിലേക്കു കടന്നു പ്രവർത്തിക്കുവാൻ അതിനു ശക്യമല്ല. മനുഷ്യൻ അവന്റെ മനസ്സാക്ഷിയെ സംബന്ധിച്ചിടത്തോളം നേരിട്ടു ദൈവത്തോടുമാത്രമേ ഉത്തരവാദപ്പെടുന്നുള്ളു."

തിരുമനസ്സിലെ ഈ പ്രസ്താവനയിൽ വിശദമായി ആർക്കും കാണുവാൻ സാധിക്കും, ശരിയായ സ്വഭാവരൂപവൽക്കരണവും ശിക്ഷണവും വളരുന്ന തലമുറയ്ക്കു പ്രദാനംചെയ്യുവാൻ ധാർമ്മികമായ ഒരു ശക്തിയുടെ പിൻബലം അവശ്യാവശ്യമാണെന്നും, അതു രാഷ്ട്രം കൈകാര്യംചെയ്യുവാൻ ശ്രമിക്കുന്നതു വിഫലമാകുകയേ ഉള്ളുവെന്നും, ഈ വിടവു നികത്തുന്നതിനുള്ള മാർഗ്ഗം മതത്തിനു—സഭയ്ക്കു—വിദ്യാഭ്യാസരംഗത്തു അർഹമായ പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കുകമാത്രമാണെന്നും. ഏതാദൃശമായ ഒരു പ്രവർത്തനസരണിയിൽ സഹകരിക്കുന്നതിനുള്ള സന്മനസ്സു ആധുനികരാഷ്ട്രങ്ങൾ പ്രദർശിപ്പിച്ചാൽ വലിയൊരു പ്രശ്നം ക്ഷണേന പരിഹൃതമാകുന്നതാണ്.

—o—

## കൃതജ്ഞത

വി. യൗസേപ്പുപിതാവിന്റെ മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ത്രേസ്യാ

## അടുത്തയാഴ്ചയിൽ

നവംബർ

21 വ്യാ: കന്യാമറിയത്തെ ദേവാലയത്തിൽ കാഴ്ചവച്ചതു

22 വെ: വി. സിസിലിയാ

23 ശ: വി. ക്ലീമീസ്

24 ഞാ: പന്തക്കു: 24-ാം ഞായർ

25 തി: വി. കത്രീനാ

26 ചൊ: വി. ലെയൊനാർദോസ്

27 ബു: വി. പ്രെക്ലേദീസ്


കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# മാർഷൽ സുക്കോവ് എങ്ങിനെ തെറിച്ചുപോയി?

(നിരീക്ഷകൻ)

മാർഷൽ സുക്കോവിന്റെ ബഹിഷ്കരണത്തെപ്പററി പല പല അഭിപ്രായങ്ങളും ഇപ്പോൾ പ്രചരിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ സോവ്യററു യൂണിയനിലെ രാഷ്ട്രീയ പരിണാമങ്ങൾ പുറത്തുനിന്നു വീക്ഷിച്ചിരുന്നവർക്കു മുൻപ്രതിരോധവകുപ്പുമന്ത്രിമാർഷൽ സുക്കോവിന്റെ അധഃപ്പതനം അത്രവളരെ അത്ഭുതകരമായി തോന്നാൻ ന്യായമില്ല. ക്രെംലിനിൽ ഒരു സംഘട്ടനമുണ്ടായേക്കാമെന്ന ഊഹം പ്രചരിക്കാൻ തുടങ്ങിയിട്ടു കുറച്ചു കാലമായി. അതേപ്പററിയുള്ള വിമർശനങ്ങൾ പല തരത്തിലായിരുന്നു. ക്രൂഷേവിന്റെതന്നെ അധഃപ്പതനത്തെപ്പററി പ്രവചനങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ പരിതസ്ഥിതികളെ ആധാരമാക്കി സുക്കോവിന്റെ ബഹിഷ്കരണം അദ്ദേഹവും ക്രൂഷേവും തമ്മിലുള്ള വ്യക്തിമത്സരം മൂലമുണ്ടായതാണെന്നും, അതല്ല പാർട്ടിക്കോ സൈന്യത്തിനോ ഏതിനാണ് അധികാരമേധാവിത്വം വേണ്ടതെന്നുള്ള മത്സരത്തിന്റെ ഫലമാണീ സംഭവമെന്നും രണ്ടഭിപ്രായഗതികളാണ് ഇപ്പോൾ പ്രധാനമായുള്ളതു്. ഇവ രണ്ടിലും കുറച്ചൊക്കെ യാഥാർത്ഥ്യം കണ്ടേക്കാമെങ്കിലും ശരിയായ കാരണം വേറെയാണ്. വ്യക്തികൾ തമ്മിലുള്ള കിടമത്സരംകൊണ്ടു കുറെയെല്ലാം സാധിച്ചേക്കാമെങ്കിലും സോവ്യററു സെൻട്രൽ കമ്മിററി പ്രസിഡിയത്തിലെ അംഗങ്ങൾക്കു പാർട്ടിയിൽനിന്നു ലഭിക്കുന്ന രാഷ്ട്രീയനിർദ്ദേശങ്ങളിൽനിന്നു വിട്ടു നിൽക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു വ്യക്തിമത്സരമാണ് കാരണമെന്നു പറയുന്നതു തെററിദ്ധാരണയ്ക്കു വഴിതെളിക്കുന്നതാണ്. പാർട്ടിയും സൈന്യവും തമ്മിലുള്ള അധികാരവടംവലിയാണ് കാരണമെന്നു പറയുന്നതും അടിസ്ഥാനരഹിതമാണ്. കാരണം സ്റ്റേററിനെതിരായി കൈയുയർത്തത്തക്കവണ്ണം സോവ്യററു സൈന്യം സ്വതന്ത്രമായ ഒരു ഘടകമല്ല. മാത്രമല്ല അങ്ങനെ ഏതെങ്കിലും ഒരു പ്രക്ഷോഭണത്തിന്റെ അടയാളങ്ങളൊന്നും അടുത്ത കാലത്തുണ്ടായിരുന്നിട്ടുമില്ല. അതുകൊണ്ടു് ഈ പരിണാമം ഒരാകസ്മികസംഭവമല്ല, സ്റ്റാലിന്റെ മരണത്തോടുകൂടുണ്ടായിക്കൊണ്ടിരുന്ന സംഭവവികാസങ്ങളിലെ ഒരു ഘട്ടം മാത്രമാണെന്നു പറയുന്നതായിരിക്കും യാഥാർത്ഥ്യം.

സ്റ്റാലിൻ മരിച്ചപ്പോൾ സോവ്യററു നേതാക്കന്മാരെ അഭിമുഖീകരിച്ച പ്രശ്നം, കമ്മ്യൂണിസ്റ്റു ഭരണം ഒരു വ്യക്തിയുടെ ഏകാധിപത്യത്തിൽ നടക്കണമോ അതോ പാർട്ടിയുടെ സംയുക്താഭിമുഖ്യത്തിൽ നടക്കണമോ എന്നതായിരുന്നു. അതിനിയും തീരുമാനിക്കപ്പെട്ടിട്ടില്ലെന്നു തന്നെ പറയാം. ഏതായാലും തൽക്കാലം അവർ സംയുക്ത നേതൃത്വമാണ് സ്വീകരിച്ചതു്. വ്യക്തിയുടെ ഏകാധിപത്യത്തിൽ മററു നേതാക്കന്മാരുടെ ഭാവി എന്തായിരിക്കുമെന്നു സ്റ്റാലിന്റെ അധികാര കരേററ ചരിത്രം അറിയാമായിരുന്ന അവർക്കു ബോദ്ധ്യമായിരുന്നു എന്നുള്ളതും, സ്റ്റാലിന്റെ അനന്തരഗാമികളാകാനുള്ള നേതൃമണ്ഡലത്തിൽ പാർട്ടിയുടെ ഭൂരിപക്ഷ പിന്തുണയുള്ളതായി ആരുംതന്നെ ഉണ്ടായിരുന്നില്ല എന്നുള്ളതും, സ്റ്റാലിന്റെ മരണാവസരത്തിൽ രാഷ്ട്രീയമായ ഏകച്ഛത്രാധിപത്യം ഒരു വ്യക്തിയിൽ നിക്ഷേപിക്കുന്നതപകടമാണെന്നു പൊതുവെ സെൻട്രൽ കമ്മററിക്കഭിപ്രായമുണ്ടായിരുന്നു എന്നുള്ളതും ഈ നടപടി സ്വീകരിക്കുന്നതിനു കാരണങ്ങളായിരുന്നു. എന്നാൽ ഇതിൽ വലിയൊരപകടമുണ്ടായിരുന്നു. പൊതുജനങ്ങളുടെ അഭിപ്രായമനുസരിച്ചു സ്വതന്ത്രവോട്ടുമൂലം സെൻട്രൽ കമ്മിററിയെ തിരിഞ്ഞെടുക്കുകയും അവരിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായമനുസരിച്ചു നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ജനാധിപത്യസമ്പ്രദായം സോവ്യററു കമ്മ്യൂണിസ്റ്റു സിദ്ധാന്തവുമായി ഒത്തുപോകുക സാദ്ധ്യമല്ല. പാർട്ടി അതോടെ തകർന്നു തരിപ്പണമാകും. കമ്മ്യൂണിസ്റ്റു ഭരണത്തിൽ ഏകാധിപത്യത്തിന്റെ ഇരുമ്പുമുഷ്ടി അല്പമൊന്നയച്ചാൽ മതി ഹങ്കറിയും പോളണ്ടും അടുത്ത നിമിഷത്തിൽ അവിടെയെല്ലാം ആവർത്തിക്കപ്പെടും. ഇങ്ങനെ അധികാരവികേന്ദ്രീകരണത്തിനുള്ള അഭിലാഷം ഒരു വശത്തും "ഇരുമ്പു



വി. പത്താം പീയൂസ് മാർപ്പാപ്പായുടെ മാദ്ധ്യസ്ഥതാൽ ലഭിച്ച രോഗശാന്തിക്കു് ഉപകാരസ്മരണ.
കെ. എം. തോമസു്

മുഷ്ടിഭരണ"ത്തിനുള്ള ആവശ്യം മറുവശത്തുംനിന്നു സോവ്യററു രാഷ്ട്രത്തെ ഉലച്ചുകൊണ്ടിരിക്കുകയാണ്, 1953 മുതൽ പ്രത്യേകിച്ചും. ഇതിനെയാണ് "നെയോസ്റ്റാലിനിസം" എന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു്. ഈ ആശയമാത്സര്യത്തിന്റെ നിഴലിലാണ് നികിതാ ക്രൂഷേവു് ഒരു ഏകാധിപതിയായി രൂപംകൊണ്ടു വരുന്നതു്.

സ്റ്റാലിൻ ദീർഘനാൾ വഹിച്ചിരുന്നതായ സെൻട്രൽ കമ്മിററിയുടെ ഒന്നാം സിക്രട്ടറിസ്ഥാനം 1953 സെപ്റ്റംബറിൽ ക്രൂഷേവിനു ലഭിച്ചു. അന്നു സ്റ്റാലിന്റെ അനന്തരഗാമികളായ പലരിലൊരാൾ എന്നുള്ള പ്രാധാന്യമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. മാത്രമല്ല, ആയോധനപാരമ്പര്യമില്ലാത്തതുകൊണ്ടു് ഒരു സ്വേച്ഛാധിപതിയാകാൻ അദ്ദേഹം ശ്രമിക്കയില്ലെന്നും അവർ വിചാരിച്ചു. ഇതു ക്രൂഷേവിന്റെ ശുക്രദശയായി പരിണമിച്ചു. മയത്തിൽ പാർട്ടിഘടകങ്ങൾ അഴിച്ചുചേർത്തു അദ്ദേഹത്തിന്റെ അഭിപ്രായം പാർട്ടിയുടെ അഭിപ്രായം എന്നുള്ള നിലവരുത്തി. അതോടെ ഒരു ഏകാധിപതിയുടെ നില നിർബന്ധപൂർവ്വം അദ്ദേഹത്തിൽ ആരോപിതമാകുന്ന സാഹചര്യം കൈവന്നു. ക്രൂഷേവിനും [illegible] വിരോധമൊന്നും [illegible] കാണാനില്ല. നേരെ [illegible] നിലപാടു സ്വീകരിക്കുകയും[illegible]ൻ അദ്ദേഹം ബുദ്ധിപൂർവ്വം കിണഞ്ഞു പരിശ്രമിച്ചിരുന്നതായിട്ടാണ് തെളിവുള്ളതു്. ഒന്നാമത്തെ സിക്രട്ടറിയുടെ സ്ഥാനം കൈവന്നപ്പോൾ തന്റെ മേധാവിത്വം ഉറപ്പിക്കുന്നതിനു രണ്ടു കൂട്ടരോടെതിരിടേണ്ടതായി അദ്ദേഹം മനസ്സിലാക്കി. സ്റ്റാലിന്റെ കാലത്തു നേതൃത്വത്തിലിരുന്നവരും ഇപ്പോൾ തന്നെ തട്ടിമാററി അധികാരത്തിൽ ഉയരുമെന്നു ഭയപ്പെട്ടിരുന്നവരും ഒന്നാമത്തെ കൂട്ടർ; തങ്ങളുടെ പഴയകാലത്തെ സേവനവും തൽക്കാലത്തെ ഉയർന്ന സ്ഥാനവും കൊണ്ടു ക്രൂഷേവിനെ വകവയ്ക്കേണ്ട കാര്യമില്ല എന്നു വിശ്വസിച്ചിരുന്നവർ രണ്ടാമത്തെ കൂട്ടരും. സൂത്രശാലിയായ ക്രൂഷേവു് ഈ സാഹചര്യങ്ങളെ ശരിക്കു മനസ്സിലാക്കുകയും അവയെ നേരിടുന്നതിനുള്ള അടവുകൾ കണക്കിനു പ്രയോഗിക്കുകയും ചെയ്തു. പൊതുജനങ്ങളുടെ ആനുകൂല്യം സമ്പാദിക്കുന്നതിനും സെൻട്രൽ കമ്മററിക്കകത്തു സ്വാധീനം വർദ്ധിപ്പിക്കുന്നതിനുംവേണ്ട കരുക്കൾ അദ്ദേഹം നീക്കിത്തുടങ്ങി. സ്റ്റാലിൻ അധികാരത്തിൽ കയറിപ്പററുന്നതിനു പ്രയോഗിച്ച കൗശലങ്ങൾ ക്രൂഷേവിനും നിശ്ചയമുണ്ടായിരുന്നു. സ്റ്റാലിൻ ആദ്യമായി ഒരു വ്യവസായികരണപദ്ധതിയാണ് കൊണ്ടുവന്നതു്. രാഷ്ട്രീയ പരിഗണനകൾ മാററിവച്ചിട്ടു പൊതുജനങ്ങൾ രാജ്യത്തിനു അന്ത്യാവശ്യമായി കരുതിയിരുന്ന ആ പദ്ധതിയെ പിന്താങ്ങി. അതുപോലെ ക്രൂഷേവും ഒരു പദ്ധതി ആവിഷ്കരിച്ചു, രാജ്യത്തിന്റെ അടിയന്തിരാവശ്യമായ കാർഷികവികസനം. രാജ്യത്തിന്റെ ശ്രേയസ്സിനും കമ്മ്യൂണിസത്തിന്റെ വിജയത്തിനും, ജനതയുടെ സുഭിക്ഷതയ്ക്കും സഹായകമായ ഈ പദ്ധതിയിൽ പൊതുജനശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടു. ഈ അനുകൂലാഭിപ്രായപ്രവാഹത്തിൽ ക്രൂഷേവു് അദ്ദേഹത്തിന്റെ ലക്ഷ്യം സുഗമമായി പുരോഗമിപ്പിക്കുകയും ചെയ്തു. 1955 ഫെബ്രുവരിയിൽ പ്രാരംഭമായി മലങ്കോവിനെ കൗൺസിൽ ചേയർമാൻ സ്ഥാനത്തുനിന്നും എടുത്തെറിഞ്ഞു. സ്റ്റാലിന്റെ ഭരണദൂഷ്യങ്ങളെ എണ്ണിയെണ്ണി ആരോപിച്ചുകൊണ്ടു് ഇരുപതാം പാർട്ടികോൺഗ്രസ്സിൽ ക്രൂഷേവു് ചെയ്ത "രഹസ്യ പ്രഭാഷണം" അതിന്റെ മകുടീകരണമായി പരിഗണിക്കാം. 1937-നു ശേഷവും പ്രത്യേകിച്ചു് മഹായുദ്ധമവസാനിച്ചതിൽ പിന്നീടും സ്വേച്ഛാധിപത്യപരമായ നടപടികൾ ക്രൂഷേവിന്റെ ശക്തിയായ പ്രതിഷേധത്തിനു വിഷയമായിരുന്നു. അതിനു പ്രത്യേക ഉദ്ദേശവുമുണ്ടായിരുന്നു. അവസാനഘട്ടത്തിൽ സ്റ്റാലിന്റെ സഹവർത്തികളായിരുന്ന ഉററമിത്രങ്ങളെ തുരത്തുന്നതിനുള്ള ഒരടവായിരുന്നു അതു്. കഴിഞ്ഞ ജൂൺ മാസത്തിൽ ക്രൂഷേവിനു് സെൻട്രൽ കമ്മിററിയിൽനിന്നും സ്റ്റാലിന്റെ ഉററമിത്രങ്ങളായിരുന്ന മൊളോട്ടോവു്, മലങ്കോവു്, കഗനോവിച്ചു് എന്നീ മൂന്നു ഒന്നാംകിട നേതാക്കന്മാരെ എടുത്തു ദൂരെ എറിയുവാൻ സാധിച്ചതു് ഈ വഴിക്കായിരുന്നുവല്ലോ. പിന്നീടു ശേഷിച്ച ഒരു വലിയ പ്രതിബന്ധമാണ് സുക്കോവു്. അദ്ദേഹം രാജ്യത്തിനു ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങളും തന്മൂലം പൊതുജനങ്ങളുടെ ഇടയിൽ സമാർജ്ജിച്ചിരുന്ന സ്വാധീനവും ക്രൂഷേവിനെ വളരെയധികം അലട്ടുകയും ഭീതിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. ഈ വ്യക്തിയെ തുരത്തുന്നതിനാണ് അദ്ദേഹം തന്ത്രപരമായി പ്രവർത്തിച്ചതു്. അല്ലാതെ സൈന്യവും പാർട്ടിയും തമ്മിലുള്ള [illegible] മററു [illegible]ളോ ഒന്നും യഥാർത്ഥത്തിൽ ഇല്ലായിരുന്നു. സുക്കോവിന്റെ പുറന്തള്ളൽവഴി അവിടെ എന്തെങ്കിലും വ്യത്യസ്ത നടപടികൾ സ്വീകരിക്കുന്നതായി സെൻട്രൽ കമ്മിററി പ്ലീനത്തിന്റെ തീരുമാനത്തിലും കാണുന്നില്ല. അതുകൊണ്ടു സുക്കോവിന്റെ ബഹിഷ്കരണം ഒരിക്കൽകൂടി വ്യക്തമാക്കുന്ന വസ്തുത ഇതു മാത്രമാണ്: സോവ്യററു റഷ്യയിലെ ഭരണകൂടത്തിന്റെ ഘടനയിൽ സ്വേച്ഛാധിപതിയായ ഒരു സിക്രട്ടറിക്കും അയാളുടെ അഭിപ്രായത്തെ പിന്താങ്ങുന്ന പാർട്ടി മേധാവികൾക്കും മാത്രമേ സ്ഥാനമുള്ളു. വ്യക്തിഗതമായ ശ്രേഷ്ഠതകൊണ്ടോ, ധീരമായ സേവനംകൊണ്ടോ ആരെങ്കിലും അവിടെ പ്രാധാന്യത്തിൽ വരുകയാണെങ്കിൽ അയാൾ അയാളുടെ സ്ഥാനവും ജീവനും അപകടത്തിലാണെന്നു ധരിക്കണം.

## എറണാകുളം അതിരൂപതാകച്ചേരിയിൽനിന്നും അറിയിക്കുന്നതു്

# ചൈനയിലെ രക്തസാക്ഷികളുടെ തിരുനാൾ

രക്തചൈനയിൽ വിശ്വാസത്തിനുവേണ്ടി ജീവിതമർപ്പിച്ച രക്തസാക്ഷികളെ സ്മരിക്കുന്നതിനും അവിടെ ഇപ്പോൾ മർദ്ദനമനുഭവിച്ചുകൊണ്ടിരിക്കുന്ന മൂന്നരക്കോടി കത്തോലിക്കർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും റോമിൽനിന്നു "ചൈനയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനാസംഘ"ത്തിന്റെ കേന്ദ്രക്കമ്മിററി ആഹ്വാനം ചെയ്തിരിക്കുന്നു. ഈമാസം 24-ാം തിയതിയാണു അതിനായി നിശ്ചയിച്ചിരിക്കുന്ന ദിവസം അന്നുതന്നെയാണ് ചൈനയിലെ രക്തസാക്ഷികളുടെ തിരുനാളും. അന്നേദിവസം റോമിൽ പ്രത്യേകപ്രാർത്ഥനകൾ നടത്തുന്നതാണ്. ഈ പ്രാർത്ഥനാസമരത്തിൽ ലോകം മുഴുവൻ പങ്കെടുക്കണമെന്നു കമ്മിററി ഉൽബോധിപ്പിക്കുന്നു.

24-ാം തിയതി ഞായറാഴ്ച മേൽപ്രസ്താവിച്ച പ്രാർത്ഥനാസമരത്തെക്കുറിച്ചു ബ: വികാരിമാർ ജനങ്ങളെ അറിയിക്കേണ്ടതാണ്. അന്നു പരി: കർബാനയുടെ വാഴ്വിന്റെ സമയത്തു പരിഹാരജപം ചൊല്ലുകയുംവേണം. കൂടാതെ കേരളത്തിന്റെ ഇന്നത്തെ സ്ഥിതിഗതികളെ ഓർത്തു് അന്നത്തെ പ്രാർത്ഥനകൾ കേരളത്തിനുവേണ്ടിയും കാഴ്ചവയ്ക്കുന്നതു സമുചിതമായിരിക്കും.

എറണാകുളം
16-11-1957 } കല്പനപ്രകാരം
സെക്രട്ടറി

ആദ്ധ്യാത്മികവീഥി

# അത്ഭുതങ്ങൾ

ദൈവത്തിന്റെ വത്സലമക്കളേ,

കഴിഞ്ഞലക്കത്തിൽ ലൂർദ്ദിൽവച്ചു് ക്ഷയരോഗികൾ പെട്ടെന്നു സുഖപ്പെടുന്നതു പ്രകൃതിനിയമത്തിനു വിരുദ്ധമായിട്ടാണെന്നു പറഞ്ഞല്ലോ. ഒരാളുടെ അന്ധത സുഖപ്പെട്ടതും പ്രത്യേകം പ്രസ്താവ്യമാണ്. പൂർണ്ണസുഖം പ്രാപിച്ച രോഗിയെ പരിശോധിച്ച വിദഗ്ദ്ധന്മാർ കാഴ്ചയ്ക്കു അവശ്യം ആവശ്യമായ ചില ഭാഗങ്ങൾ കണ്ണിൽ കാണുന്നില്ലെന്നും അതിനാൽ രോഗി സുഖപ്പെട്ടെന്നു പറയുന്നതു ശാസ്ത്രരീത്യാ വിശ്വസിക്കാൻ പാടില്ലെന്നും വിധിയെഴുതി. എങ്കിലും "നിങ്ങളുടെ ശാസ്ത്രമൊന്നും എനിക്കറിഞ്ഞുകൂടാ; നിങ്ങൾ എന്തെങ്കിലും വായിക്കാൻ തരുക, ഞാൻ വായിക്കാം. എനിക്കു കാഴ്ചയുണ്ടോ എന്നു മറേറതുവിധത്തിലെങ്കിലും പരിക്ഷിച്ചുനോക്കിക്കൊള്ളുക" എന്നു രോഗി വെല്ലുവിളിച്ചു. വിദഗ്ദ്ധന്മാർ തോല്ക്കുകതന്നെയാണു ചെയ്തതു്. ഇവിടെയും പ്രകൃതിനിയമങ്ങൾ മാറിനിന്നുകൊടുക്കുകയായിരുന്നു; അഥവാ ദൈവം പ്രകൃതിനിയമങ്ങളെ തൽക്കാലത്തേക്കു മാററിനിറുത്തുകയായിരുന്നു.

ഇനി 1917 ഒക്ടോബർ 13-ാം തിയതി ഫാത്തിമായിൽവച്ചു നടന്ന വേറൊരുതരം അത്ഭുതത്തെ നമുക്കു പരിശോധിക്കാം. ഇന്ന സ്ഥലത്തുവച്ചു ഇന്നദിവസം ഇത്ര മണിക്കു ഒരു വലിയ അത്ഭുതം സംഭവിക്കാൻ പോകുന്നുവെന്നു ദൈവജനനിയുടെ നിർദ്ദേശാനുസരണം ലൂസി വളരെ മുൻകൂട്ടി അറിവുകൊടുത്തിരുന്നതനുസരിച്ചു് കോരിച്ചൊരിയുന്ന മഴയെപ്പോലും വകവയ്ക്കാതെ എഴുപതിനായിരത്തോളം ആളുകൾ നിർദ്ദിഷ്ട സ്ഥലത്തു തടിച്ചുകൂടി. തങ്ങൾ എന്താണ് കാണാൻപോകുന്നതെന്നു ആർക്കും വിവരമുണ്ടായിരുന്നില്ല. അക്കാര്യം മുൻകൂട്ടി പറഞ്ഞിരുന്നെങ്കിൽ "ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാം അവനെന്നുതോന്നും" എന്ന ചൊല്ലനുസരിച്ചു കാണാൻപോയതു കണ്ടു എന്നൊരു മിഥ്യാബോധത്തോടുകൂടി ജനങ്ങൾ തിരിച്ചുപോന്നതാണെന്നു ഒരാക്ഷേപം ചിലർ ഉന്നയിച്ചേനെ. അതിനു ദൈവജനനി അവസരംകൊടുത്തില്ല.

മാത്രമല്ല അവിടെ കൂടിയിരുന്നവരിൽ ഒരു നല്ല ശതമാനം അവഹേളിക്കുന്നതിനുമാത്രം വന്നിരുന്ന അവിശ്വാസികളും നിരീശ്വരന്മാരുമായിരുന്നു. ഇവരുടെ എല്ലാവരുടേയും മുൻപിൽവച്ചാണ് ഉച്ചയോടുകൂടി മഴ നിശ്ശേഷം മാറി ആർക്കും വിഷമമില്ലാതെ നോക്കിനിൽക്കത്തക്ക ഒരു വിശേഷദീപ്തിയോടെ സൂര്യൻ പ്രകാശിച്ചതും മഴവില്ലിന്റെ വർണ്ണത്തിലുള്ള രശ്മികളെ ചുററും വിശിക്കൊണ്ടു പമ്പരംപോലെ കറങ്ങിയതും താഴോട്ടു വീഴുന്നതുപോലെ അല്പസമയത്തേക്കു കാണപ്പെട്ടതും.

പലരും അതിന്റെ ഫോട്ടോയെടുത്തു. സ്ഥലത്തെ സകല പത്രങ്ങളിലും അതിന്റെ വിശദവിവരങ്ങൾ കൊടുത്തിരുന്നു. ഒരു രോഗി സുഖപ്പെട്ടാൽ ഇത്രയധികം പേർക്കു ഒരേസമയം കാണാൻ സാധിക്കയില്ലല്ലോ. അതുകൊണ്ടായിരിക്കാം അവിടെ കൂടിയിരുന്ന എല്ലാവർക്കും ഒരേസമയം കണ്ടു ഗ്രഹിക്കത്തക്കവണ്ണം ഇപ്രകാരം ഒരത്ഭുതം ചെയ്തതു്. ഇതുകണ്ട യുക്തിവാദികൾ തങ്ങളുടെ മനസ്സാക്ഷിയെ വഞ്ചിക്കാതെ അതു ഒരു അത്ഭുതമേ അല്ലെന്നു എങ്ങനെ പറയും? പ്രകൃത്യാ സൂര്യനിൽ ഉണ്ടായ ഏതെങ്കിലും മാററമായിരുന്നുവെങ്കിൽ ഭൂഗോളത്തിന്റെ ഒരു പകുതിയിലുള്ള എല്ലാവരും അതു കാണണമായിരുന്നു.

ഈ അത്ഭുതങ്ങളെല്ലാംതന്നെ ഒരൊററ ഉദ്ദേശത്തോടുകൂടിയാണ് ദൈവം പ്രവർത്തിക്കുന്നതു്. ആ ഉദ്ദേശം മനുഷ്യർ മരണാനന്തരജീവിതത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചു ഗ്രഹിച്ചു് നിത്യഭാഗ്യത്തിൽ ചെന്നെത്തണമെന്നുള്ളതാണ്. ലോകം ചുററി പ്രദക്ഷിണം നടത്തിയ ഫാത്തിമാനാഥയുടെ

പ്രതിമ കണ്ടിട്ടുള്ള ഒരു വ്യക്തി ക്കെങ്കിലും സ്വർഗ്ഗത്തിൻെറ അസ്തിത്വത്തെക്കുറിച്ചു തനിക്കു ഒരറിവും ലഭിച്ചിട്ടില്ല എന്നു പറയുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

## ഇടവകവാർത്തകൾ

**എറണാകുളം:** മലയാളസുറിയാനി ഹയരാർക്കിസ്ഥാപനബുള്ളം പ്രസിദ്ധീകരണത്തിൻെറ 33-ാംവാർഷികം പ്രമാണിച്ചു് നവംബർ 16-ാംതിയതി എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ അരമനക്കപ്പേളയിൽ പരിശുദ്ധകുർബാനയുടെ വാഴ്വും "ലാക് ആഡാഹാ" എന്ന സ്തോത്രഗീതാലാപവും നടത്തപ്പെട്ടു.

**ചെറുകുന്നു:** ഫാത്തിമാമാതാവിൻെറ നാമത്തിൽ 20 കൊല്ലം മുമ്പേ ഇവിടെ സ്ഥാപിക്കപ്പെട്ട പള്ളിയിൽ ഇക്കൊല്ലം മാതാവിൻെറ തിരുനാൾ 4 ദിവസങ്ങളിലായി നടത്തപ്പെട്ടു. ദിവസവും റവ. ഫാദർ ഫിലിപ്പു് ടി ഒ സി ഡി യുടെ ധ്യാനപ്രസംഗങ്ങളുണ്ടായിരുന്നു. സമാപനദിവസം ജോസഫ് കൈമാപറമ്പൻ സ്നാപകയോഹന്നാൻെറ ശിരച്ഛേദത്തെ അധികരിച്ചു ഭക്തിസംവർദ്ധകമായ രീതിയിൽ കഥാപ്രസംഗം നടത്തുകയുണ്ടായി.

**പെരിഞ്ഞനം:** മതിലകം സുറിയാനിപ്പള്ളിയിടവക ശ്രീ പി ആർ ഫ്രാൻസീസും കല്ലാമ്പു് ഇടവക കുമാരി എ ടി മേരിയും തമ്മിലുള്ള വിവാഹം നവമ്പർ 11-ാംതിയതി സമംഗളം നടന്നിരിക്കുന്നു വരൻെറ മിത്രങ്ങളുടെ മംഗളോപഹാരങ്ങളും ശ്രീ സി പി പടമാടൻ ആൻറു പാർട്ടിയുടെ പാട്ടുകച്ചേരിയുമുണ്ടായിരുന്നു.


**ഒല്ലൂർ:** ബമ്മയിൽ ഗവമ്മെണ്ടുവക ഒരു ഓട്ടുകമ്പനിയിൽ ഇന്ത്യാഗവമ്മെണ്ടിൻെറ ശുപാശപ്രകാരം നിയമിക്കപ്പെട്ട തോമസ് എ മൊയലൻ പ്രസ്തുത ജോലി സ്വീകരിക്കുന്നതിനു ബമ്മയിലേക്കു പോയിരിക്കുന്നു. സുഹൃത്തുക്കളുടെവക ഒരു യാത്രയയപ്പു് തദവസരത്തിൽ നൽകപ്പെട്ടു.

**പോണ്ടിച്ചേരി:** കോട്ടയം രൂപതയിൽനിന്നും ആദ്യമായി മിഷനറിയായി പോണ്ടിച്ചേരി രൂപതയിൽചേന്ന റവ ഫാദർ ജയിക്കബ്ബ് പഴയമ്പള്ളിൽ അവർകളുടെ പൗരോഹിത്യരജതജൂബിലി ഇപ്പോഴത്തെ അദ്ദേഹത്തിൻെറ ജോലിസ്ഥലമായ മുത്തിയാൽപേട്ടയിൽ ആഘോഷിച്ചിരിക്കുന്നു. ഇവിടെ ഒരു ഹൈസ്കൂളും കന്യകാലയവും ആതുരാശ്രയകേന്ദ്രവും മററും സ്ഥാപിക്കുന്നതിൽ അദ്ദേഹം വലുതായ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

**ഐക്കൊമ്പു്:** ഈ ഇടവക പാലത്തുങ്കൽ ചാലിൽ തോമസ്സു് മകൾ കുമാരി മേരിക്കുട്ടിയും പിഴകുഇടവക കമ്പല്ലാങ്കൽ ആഗസ്തി മകൻ ജോസഫും തമ്മിലുള്ള വിവാഹം മാനത്തൂർപള്ളിയിൽവച്ചു് നവ: 11-ാം തിയതി നടന്നു. റവ ഫാദർ പൊടിമററത്തിൽ അവർകളാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്.

**കട്ടിപ്പാറ:** കട്ടിപ്പാറ സാമൂഹ്യസേവാസമിതിയുടെ ഉൽഘാടനം പ്രൊഫസർ പി ജെ സെബാസ്റ്റ്യൻ എം എ നിർവ്വഹിച്ചിരിക്കുന്നു. തദവസരത്തിൽ കൂടിയ പൊതുയോഗത്തിൽ ശ്രീ പി വി ജോർജ്ജ ആദ്ധ്യക്ഷം വഹിക്കുകയും മി. എൻ കെ കൃഷ്ണൻ പ്രസംഗിക്കുകയുംചെയ്തു. യോഗാനന്തരം സമിതിയംഗങ്ങൾ സ്ഥലത്തെ സഞ്ചാരയോഗ്യമല്ലാതെ കിടന്നിരുന്ന റോഡിൻെറ പണി ആരംഭിക്കുകയും ചെയ്തു.

**In fond everloving memory of**



*Mrs. Rosakutty Joseph*
Karuthedath, Alwaye
who Left us on
20th November '53
R. I. P.

K. P. Esthapanose & Sons,
Alwaye

## അവശക്രൈസ്തവരുടെ പേരിൽ അനധികൃതമായ പണപ്പിരിവു്

അവശക്രൈസ്തവ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള നടപടികൾക്കുവേണ്ടി എന്നു പറഞ്ഞു ചില വ്യക്തികൾ പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പണപ്പിരിവുകൾ നടത്തിവരുന്നതായി അറിയുന്നു. ഇങ്ങനെ ഒരു പിരിവുനടത്തുവാൻ അവശക്രൈസ്തവസംഘടനകളിൽനിന്നു ആരെയെങ്കിലും അധികാരപ്പെടുത്തിയിട്ടുള്ളതായി അറിവില്ല. അതിനാൽ പൊതുജനങ്ങൾ ഇവരുടെ വഞ്ചനയിൽ പെടാതിരിപ്പാൻ ശ്രദ്ധിക്കേണ്ടതാണു്.

എന്നു സെക്രട്ടറി
അവശകത്തോലിക്ക
മഹാജനസഭ

(12-ാം പേജ് തുടർച്ച)

ൻെറ ഒരു പ്രതിയുമെടുത്തു് കസാലയിൽ വന്നിരുന്നു.

അപ്പോഴാണു് ആ കുന്നിൻെറ അപ്പുറത്തായി മനുഷ്യവ്യൂഹത്തിൻെറ ഒരാരവം കേൾക്കുന്നതു്. സംഭവമറിയാൻ ഞാൻ റോഡിനെ അഭിമുഖീകരിച്ചു് ആ കുന്നിൻമുകളിൽ കയറിനിന്നു. അപ്പോഴാണു് ആ വലിയ ജനക്കൂട്ടത്തെ എനിക്കു ദർശിക്കുവാൻ സാധിച്ചതു്. കൈയിൽ ജപമാലയുമേന്തി ഭക്തഗാനങ്ങൾ ആലപിച്ചുകൊണ്ടു് ഒരു രണ്ടായിരത്തോളംവരുന്ന ജനക്കൂട്ടം ഘോഷയാത്രയായി ആ 60 അടി റോഡിൽക്കൂടി മന്ദംമന്ദം നീങ്ങുകയാണു്. "ക്രിസ്തുരാജൻ ജേ...യ്", "രാജാധിരാജൻ ജേ...യ്", "പോപ്പുരാജൻ നീണാൾ വാഴട്ടെ" എന്നു തുടങ്ങിയ മുദ്രാവാക്യങ്ങൾ പ്രാർത്ഥനകൾക്കിടയ്ക്കു അന്തരീക്ഷത്തെ മുഖരിതമാക്കുകയാണു്.

ആ മുദ്രാവാക്യത്തിൻെറ പ്രതിദ്ധ്വനി നിരീശ്വരന്മാരുടെ ചെവികളിൽവന്നു തറയ്ക്കുകയാണെന്നെനിക്കുതോന്നി. എത്രയെത്ര ജാഥകൾ വിപ്ലവത്തിൻെറ മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞു് ആ വഴിയിലൂടെ കടന്നുപോയിട്ടുണ്ടു്. ഞാൻ ആ വഴിയുടെ പൂർവ്വകാലസ്മരണകളിലേക്കു ഒന്നു തിരിഞ്ഞുനോക്കി. അതിൻെറ ചരിത്രത്തിൽ ഇത്ര വലിയ ഒരു ജാഥ ഉണ്ടായിട്ടില്ലതന്നെ. ഇത്രേമാതിരി ഒരു ഘോഷയാത്ര ഇദംപ്രഥമമായി എന്നെ അഭിമുഖീകരിക്കുകയാണു്. എൻെറ ഹൃദയം ആവേശംകൊണ്ടു തുള്ളിച്ചാടി. എൻെറയും കരങ്ങൾ ആകാശത്തിലേക്കു ഉയന്നു "ക്രിസ്തുരാജൻ ജേയ്" ഞാനും ഏററുപറഞ്ഞു.

അസ്തമനസൂര്യൻെറ തങ്കക്കിരണങ്ങൾ ഏററുകൊണ്ടു് ആ "ജാഥ"മന്ദംമന്ദം നീങ്ങുകയാണു്. ഞാനും ആ ജനസമൂഹത്തിൻെറ പിന്നാലെ അണിനിരന്നു. സ്നേഹത്തിൻെറ മധുരഗാനങ്ങൾ ഞാനും ഏററുപാടി. ആ സ്നേഹനാഥൻെറ മഹത്തായ ദിവ്യസന്ദേശങ്ങൾ അന്തരീക്ഷത്തിൽ അലയടിക്കുമ്പോൾ നിരീശ്വരത്വപ്രേമികൾ ഞെട്ടിവിറയ്ക്കട്ടെ എന്നായിരുന്നു എൻെറ അഭിലാഷം.

ആ ജാഥ യോഗസ്ഥലത്തെത്തിയപ്പോഴും ആദിത്യൻെറ അസ്തമനാഭയിൽ ആ പുഞ്ചപ്പാടത്തിലെ പച്ചനെൽക്കതിരുകൾ കാററിലാടി ഉലയുന്നുണ്ടായിരുന്നു.

## ചരമവാർത്തകൾ

**ഞാറയ്ക്കൽ:** ഈ ഇടവക കണ്ണമ്പുഴ (കാളിയാടൻ) വക്കി മാത്തുണ്ണി അവർകൾ നവംബർ 16-ാംതിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞു രണ്ടു മണിക്കു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു ശവസംസ്കാരം പിറേറദിവസം ഞായറാഴ്ച വൈകിട്ടു് 5 മണിക്കു് എറണാകുളം അതിരൂപതാ ചാൻസലർ വെരി റവ. ഫാ. പോൾ വടക്കുംചേരി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും പല ബ. അച്ചന്മാരുടേയും, ദർശനസമൂഹങ്ങളുടേയും വമ്പിച്ച ഒരു ജനാവലിയുടേയും സഹകരണത്തിലും ഞാറയ്ക്കൽപള്ളി ശിമത്തേരിക്കപ്പേളയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. പരേതൻെറ മാതൃകാപരമായ ജീവിതത്തെ പുരസ്കരിച്ചു ചരമപ്രഭാഷണം റവ. ഫാദർ ജോസഫ് വീതയത്തിൽ അവർകൾ നിർവ്വഹിച്ചു.

**വൈക്കം:** ഈ പള്ളി ഇടവക അന്നാശ്ശേരിൽ തോമസ് ഭാര്യ കുഞ്ഞന്നമ്മ 75-ാമത്തെ വയസ്സിൽ നവംബർ 12-ാംനു രാത്രി 9-30നു് കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരകർമ്മം പിറേറദിവസം യഥാവിധി നടത്തപ്പെട്ടു.

**ഏലിക്കുളം:** സ്ഥലത്തെ കുമ്പളപ്പള്ളിൽ കുര്യാക്കോസു് റോസ 84-ാമത്തെ വയസ്സിൽ നവം: 2-ാംനു വെളുപ്പിനു് ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. സംസ്കാരകർമ്മം പിറേറദിവസം റവ. ഫാ കുര്യാക്കോസു് ഏണിയക്കാട്ടു് എം. എ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടന്നു. റവ. ഫാദർ ജോസഫ് ഏണിയക്കാട്ടു അവർകൾ ചരമപ്രസംഗം ചെയ്തു.



എറണാകുളം സെൻറു ഫ്രാൻസീസ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന പരി. നിത്യസഹായമാതാവിൻെറ അനുഗ്രഹത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

റപ്പേൽ കല്ലുവീട്ടിൽ
എറണാകുളം

## സ്നേഹസ്മാരകം



ശ്രീ മാളിയേക്കൽ ആഗസ്തി
ചാക്കു, കുഴുപ്പിള്ളി
54-ാമത്തെ വയസ്സിൽ
1957 നവംബർ 14-ാംനു
കർത്താവിൽ നിദ്രപ്രാപിച്ചു.
ദയാപരനായ ഈശോ, ഈ
ആളുടെ ആത്മാവിനു് നിത്യാ
ശ്വാസം കൊടുത്തരുളേണമെ.
R. I. P.

**നീലൂർ:** ഈ പള്ളി ഇടവക അരിപറമ്പിൽ ചുമ്മാരു ചുമ്മാരു് (കൊച്ചുകുഞ്ഞു്) അവർകൾ ഒക്ടോബർ 27-ാംനു ഞായറാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം റവ. ഫാ. ജേക്കബ് തൈത്തോട്ടം അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നീലൂർ പള്ളി സിമിറററിയിൽ യഥാവിധി നടത്തപ്പെട്ടു.

സംഭവകഥ

## ഒരുത്യാഗവും അധികമല്ല

(വിൻസെൻറു് പോൾ, ഇരിങ്ങാലക്കുട)

തൻെറ ജീവനെ രക്ഷിക്കുവാൻവേണ്ടി സ്വയം വലത്തെ കൈ മുറിച്ചുകളയേണ്ടിവന്ന ഒരു നിർഭാഗ്യമനുഷ്യൻെറ കഥയാണു് താഴെ കൊടുത്തിരിക്കുന്നതു്.

ഒരു ലോഹനിർമ്മാണശാലയിൽ ജോലിചെയ്യുകയായിരുന്നു അയാൾ. ലോഹസാധനങ്ങൾ ഉരുക്കുന്നതിനുവേണ്ട അടുപ്പിൽ കൽക്കരി നിറയ്ക്കുകയായിരുന്നു അയാളുടെ ജോലി. ഒരുദിവസം യദൃച്ഛയാ അയാളുടെ വലത്തുകൈ അടുപ്പിൻെറ ഇരിമ്പുവാതിലിനിടയിൽപ്പെട്ടു. തീവ്രവേദനയോടെ അയാൾ കൈ വലിച്ചുനോക്കി. കൈ കിട്ടുന്ന ലക്ഷണമില്ല. സമയം പാഴാക്കിയാൽ അയാൾ വെന്തു മരിക്കുമെന്നതു നിശ്ചയമായിരുന്നു.

ഒരേയൊരു വഴിമാത്രമേ ബാക്കിയുള്ളു. ദൃഢനിശ്ചയത്തോടെ അയാളുടെ ഇടത്തുകൈ കീശയിലേക്കു പാഞ്ഞു. ഒരു കത്തിയുമായി ആ കൈ പുറത്തുവന്നു. പല്ലുകളുടെ സഹായത്തോടെ നിവത്തപ്പെട്ട ആ കത്തി വലത്തെ കൈപ്പത്തി മുറിച്ചുനീക്കി.

× × ×

ഒരു മനുഷ്യനു് അവൻെറ ജീവൻ രക്ഷിക്കാൻ ഇത്രത്തോളം ധീരമായി പ്രവർത്തിക്കാമെങ്കിൽ, വിലതീരാത്ത നിത്യജീവിതത്തിനുവേണ്ടി ചെയ്യേണ്ടിവരുന്ന ഏതു ത്യാഗമാണു് അധികമായിപ്പോവുക?

"നിൻെറ വലത്തുകൈ നിനക്കു പാപകാരണമാവുന്നെങ്കിൽ അതു മുറിച്ചുനീക്കുക; ഒരു കൈയുമായി സ്വർഗ്ഗത്തിൽ പോകുന്നതു് രണ്ടു കൈകളുമായി നരകത്തിൽ പോകുന്നതിനേക്കാൾ നല്ലതാകുന്നു" (മത്തായി 5: 30)

**പ്രവിത്താനം:** ഈ പള്ളി ഇടവക ഐപ്പൻപറമ്പിക്കുന്നേൽ ഇട്ടിയവിരാ മറിയം 75-ാമത്തെ വയസ്സിൽ നവം: 5-ാംനു ചൊവ്വാഴ്ച വെളുപ്പിനു് കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം ബുധനാഴ്ച പ്രവിത്താനം പള്ളി സിമിറററിയിൽ വമ്പിച്ച ഒരു ജനാവലിയുടെയും പല ബ. വൈദികരുടേയും സഹകരണത്തിൽ യഥാവിധി നടത്തപ്പെട്ടു.

**വടക്കൻപറവൂർ:** ശ്രീ ആനത്താഴത്തു വക്കി 78-ാമത്തെ വയസ്സിൽ നവം: 3-ാം തിയതി കർത്താവിൽ നിദ്രപ്രാപിച്ചു പല ബ. വൈദികരുടെ കാർമ്മികത്വത്തിലും ബന്ധുമിത്രാദികളുടേയും മററും സഹകരണത്തിലും ശവസംസ്കാരം ആഘോഷമായി നടത്തപ്പെട്ടു.

**തൃശ്ശൂർ:** ലൂർദ്ദ് പള്ളി ഇടവക ഒല്ലൂക്കാരൻ ഔസേപ്പു ചുമ്മാരു് നവം: 5-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. 6-ാംനു റവ ഫാ. അബ്രാഹം കിഴക്കൂടൻെറ പ്രധാനകാർമ്മികത്വത്തിൽ ലൂർദ്ദ്പള്ളി സെമിററിയിൽ മൃതശരീരം സംസ്കരിക്കപ്പെട്ടു.

R. I. P.



# സലാമ റമ്പാൻെറ അപവാദവ്യവസായം

(ഫാദർ തോമസ്സ് വടശ്ശേരി, എൽ. ഡി.)

(തുടർച്ച)

## 2. വ്യാജപ്രസ്താവനകൾ

1) കത്തോലിക്കർ മാർപ്പാപ്പായെ ദൈവമായിട്ടു വിശ്വസിച്ചുവരുന്നെന്നും, ഫെരാരി എന്ന കത്തോലിക്കൻ രചിച്ച സഭാനിഘണ്ടുവിൽ (Ferrari's Ecclesiastical Dictionary) പാപ്പാ ദൈവമാണെന്നു എഴുതിയിട്ടുണ്ടെന്നും "വിശ്വാസത്യാഗി" മൂന്നാംപുറത്തു സലാമ റമ്പാൻ പറയുന്നു.

ലോകത്തിലുള്ള യാതൊരു കത്തോലിക്കനും മാർപ്പാപ്പാ ദൈവമാണെന്നു വിശ്വസിക്കുന്നില്ല. എട്ടു വാല്യങ്ങൾ അടങ്ങിയ ഫെരാരിയുടെ സഭാനിഘണ്ടു എന്ന ഗ്രന്ഥസഞ്ചയം ആലുവാ സെമ്മിനാരിയിലെ ഗ്രന്ഥശാലയിലുണ്ട്. അതിലൊന്നിലും മാർപ്പാപ്പാ ദൈവമാണെന്നു പറഞ്ഞിട്ടില്ല. ഇക്കാര്യങ്ങൾ വി. സി. ഗീവറുഗീസ് കോർഎപ്പിസ്ക്കോപ്പാ എഴുതിയ "ശകാരവർഷങ്ങൾ" എന്ന ലഘുലേഖയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇതിനു മറുപടിയായി സലാമ റമ്പാൻ "കാതോലികസഭയും റോമ്മാവാദങ്ങളും" എന്ന തൻെറ പുതിയ ഗ്രന്ഥത്തിൻെറ മുഖവുര 3-ാം പുറത്ത് ഇങ്ങനെ പറയുന്നു: "വിശ്വാസത്യാഗി എന്ന ലഘുലേഖയുടെ 3-ാം വശത്തു ചേർത്തിട്ടുള്ള ഫെരാരിയുടെ സഭാനിഘണ്ടു എന്ന പുസ്തകത്തിലെ ഉദ്ധരണി കോതമംഗലം ക്രിസ്തീയസുവിശേഷ പ്രചരണ സംഘം വകയായി "പേപ്പൽ മതപീഡ" എന്ന പേരിൽ 1931-ൽ മൂന്നാം നമ്പരായി പ്രസിദ്ധപ്പെടുത്തിയ പുസ്തകം 6, 7 വശങ്ങളിൽ കണ്ടതാണ്. മനഃപൂർവ്വം തെററിദ്ധരിപ്പിക്കുവാൻ വ്യാജപ്രസ്താവനകൾ ഞങ്ങൾ ചെയ്യുമെന്നു അച്ചൻ വിചാരിക്കേണ്ട." വിലക്കപ്പെട്ട വൃക്ഷത്തിൻെറ ഫലം തിന്നതു എന്തിനാണെന്നു ദൈവം ആദാമിനോടു ചോദിച്ചപ്പോൾ "എൻെറ സഖിയായി എനിക്കു നീ തന്ന സ്ത്രീയാണു എനിക്കു തന്നതു്" എന്നും, ദൈവം ഹവ്വായോടു ചോദിച്ചപ്പോൾ "പാമ്പു എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി" എന്നും പറഞ്ഞ് രണ്ടുപേരും കുററത്തിൽനിന്നു ഒഴിയുവാൻ ശ്രമിച്ചു. എന്നാൽ ദൈവം ഈ മറുപടികേട്ടു തൃപ്തനാകാതെ മൂന്നുപേരേയും കഠിനമായി ശിക്ഷിച്ചു (ഉല്പത്തി 3, 11-19). റമ്പാച്ചൻ വലിയ പണ്ഡിതനാണെന്നു പറയപ്പെടുന്നു. കോതമംഗലത്തു ആരോ എഴുതി അച്ചടിപ്പിച്ച പുസ്തകത്തിൽ കണ്ടതു തെററോ ശരിയോ എന്നു പരിശോധിച്ചറിയാതെ തൻെറ ഗ്രന്ഥത്തിൽ പകർത്തിയ റമ്പാച്ചൻെറ പ്രവൃത്തി സ്തുത്യർഹമോ? അനേകം പണ്ഡിതന്മാരുള്ള കത്തോലിക്കസഭയെപ്പററി ഇത്ര ആക്ഷേപകരമായി എഴുതുന്നതിനുമുമ്പു കോതമംഗലം ഗ്രന്ഥകർത്താക്കൾക്കു എന്തു പഠിപ്പുണ്ടെന്നു റമ്പാച്ചൻ അന്വേഷിച്ചോ? അച്ചടിച്ചുകാണുന്നതെല്ലാം ശരിയാണെന്നു വിശ്വസിക്കുന്നതോ പണ്ഡിതന്മാരുടെ ലക്ഷണം? പണ്ടൊരാൾ വെയിലത്തു കിടന്ന പട്ടിയുടെ പുറത്തു കള്ളുംപാള ചാരിയിട്ടു ഏതോ ജോലിക്കുപോയി തിരികെ വന്നപ്പോൾ കള്ളുംപാള മറിഞ്ഞു കള്ളെല്ലാം നഷ്ടപ്പെട്ടതായി കണ്ടു വിസ്മയിച്ചു. പട്ടി എഴുന്നേററു പോകുന്ന കാര്യം ചിന്തിക്കാതെയാണ് അയാൾ പട്ടിയുടെമേൽ കള്ളുംപാള ചാരിയതു്. കോതമംഗലംകാർ റമ്പാച്ചനെ ചതിക്കുമെന്നു റമ്പാച്ചൻ അറിഞ്ഞില്ല. പാവം! എന്നാൽ "മാർപ്പാപ്പാ മുമ്പു ദൈവമായി വിശ്വസിക്കപ്പെട്ടിരുന്നു"വെന്നു വിശ്വാസത്യാഗിയെന്ന ലഘുലേഖയുടെ മൂന്നാംപുറത്തു മറെറാരുഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നതു കോതമംഗലംകാരുടെയല്ല, റമ്പാച്ചൻെറ സ്വന്തം അഭിപ്രായമാണല്ലോ. അതു എവിടെനിന്നു കിട്ടിയ അറിവാണ്? അതിലും ചതിവു പററിയോ?

2) ക്രിസ്തു "ബേസ്പുക്കാനാ"യിൽ (ശുദ്ധീകരസ്ഥലത്തിൽ) പാപികളോടുകൂടി ഇപ്പോഴും പീഡ സഹിക്കുന്നുണ്ടെന്നും, ക്രിസ്തുവിനെ അവിടെനിന്നു രക്ഷിക്കുവാൻവേണ്ടി കത്തോലിക്കർ ഇപ്പോഴും പ്രാർത്ഥിക്കുന്നുണ്ടെന്നും പ്രസ്താവിച്ചുകൊണ്ട് ഓർശ്ലെമിൽ അച്ചടിപ്പിച്ച ഒരു പുസ്തകത്തിൽനിന്നു റമ്പാച്ചൻ താഴെക്കാണുന്ന പ്രാർത്ഥന ഉദ്ധരിക്കുന്നു:-

"ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ബേസ്പുക്കാനാ അതിലെ ആത്മാക്കൾക്കുവേണ്ടി മാത്രമല്ലെന്നും അവരോടുകൂടെ അങ്ങും ദണ്ഡനമനുഭവിക്കുന്നതുകൊണ്ട് ബേസ്പുക്കാനാ അങ്ങേക്കും ഉള്ളതാണെന്നും ഞങ്ങൾ നന്നായി അറിയുന്നു. ഞങ്ങളുടെ പ്രവർത്തനംമൂലം അങ്ങേക്കും ഈ ആത്മാക്കൾക്കുംവേണ്ടി പ്രാർത്ഥിക്കുന്നതു എത്രയോ യുക്തമാണെന്നു അങ്ങു ഞങ്ങൾക്കു കാണിച്ചുതന്നു. അതിഭയങ്കരമായ ബേസ്പുക്കാനായുടെ ദണ്ഡനങ്ങളിൽനിന്നു അങ്ങേയും ആ ആത്മാക്കളേയും വിടുവിക്കാനുള്ള സകല മാർഗ്ഗങ്ങളേയും തരണംചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു" (പുറം 4—5)

അന്ത്യോക്യാപാത്രിയർക്കീസിൻെറ പ്രതിനിധിയായ മാർ ജൂലിയോസ് തിരുമേനി 22 കൊല്ലങ്ങൾക്കുമുമ്പു റാന്നിയിൽ പറഞ്ഞ ഒരു പ്രസംഗത്തിൽ ഇക്കാര്യങ്ങൾ പ്രസ്താവിച്ചിട്ടുള്ളതാണ്. അന്നു റാന്നി കത്തോലിക്കാപ്പള്ളിയിൽ പ്രസംഗത്തിനു ചെന്നിരുന്ന റവ. ഡോക്ടർ പ്ലാസിഡും, റവ. ഫാദർ തോമസ് തറയിലും (ഇപ്പോൾ തറയിൽ തിരുമേനി) ഇക്കാര്യങ്ങളെപ്പററി മാർ ജൂലിയോസ് തിരുമേനിയോടു സംസാരിച്ചു ആ പുസ്തകം കാണിക്കുവാൻ ആവശ്യപ്പെട്ടതാണ്. ഇതേപ്പററി "എൻെറ തെങ്ങേലിപ്രസംഗം" എന്ന ഗ്രന്ഥം പുറം 107-114-ൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

ക്രിസ്തു ശുദ്ധീകരസ്ഥലത്തിൽ ഒരു നിമിഷമെങ്കിലും കിടന്നതായോ, ഇപ്പോഴും കിടക്കുന്നതായോ ഭൂമുഖത്തുള്ള യാതൊരു കത്തോലിക്കനും വിശ്വസിക്കുന്നില്ല. അങ്ങനെയുള്ള വിശ്വാസം മഹാ പാഷണ്ഡതയാണ്. കത്തോലിക്കാ മേല്പട്ടക്കാരുടെ അനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള യാതൊരു ഗ്രന്ഥത്തിലും ഇങ്ങനെയുള്ള വിശ്വാസം എഴുതിയിട്ടുള്ളതായി കാണുകയില്ല. ദൈവവരപ്രസാദത്തിൽ മരിച്ചെങ്കിലും ഈ ലോകത്തിൽവച്ചു ചെയ്ത കഠിനപാപങ്ങൾക്കും ചെറിയ പാപങ്ങൾക്കും മുഴുവനായി പരിഹാരം ചെയ്യാതെ മരിച്ചിട്ടുള്ളവരുടെ ആത്മാക്കളാണ് ശുദ്ധീകരസ്ഥലത്തിൽ പീഡ അനുഭവിക്കുന്നതെന്നത്രെ കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. പാപം ചെയ്യാതെ ജീവിച്ചിട്ടുള്ളവരുടേയും പാപങ്ങൾക്കെല്ലാം പൂർണ്ണപരിഹാരംചെയ്തു മരിച്ചിട്ടുള്ള മഹാവിശുദ്ധന്മാരുടേയും ആത്മാക്കൾ ശുദ്ധീകരസ്ഥലത്തിൽ പോകുമെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. എല്ലാ ക്രൈസ്തവസഭകളേയുംപോലെ കത്തോലിക്കാസഭയും ക്രിസ്തുവിൽ യാതൊരു പാപവുമില്ലെന്നും, ഒരു ചെറിയ പാപംപോലും ചെയ്യാതെയാണു ക്രിസ്തു മരിച്ചതെന്നും പഠിപ്പിക്കുന്നു. യാക്കോബായസഭയെപ്പോലെ ക്രിസ്തുവിൻെറ ഉയിർപ്പുതിരുനാൾ കഴിഞ്ഞു നാല്പതാം ദിവസം ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണതിരുനാളും കത്തോലിക്കാസഭയിലെ എല്ലാ ദേവാലയങ്ങളിലും പ്രതിവർഷം കൊണ്ടാടിവരുന്നു. വാസ്തവം ഇങ്ങനെയിരിക്കെ ക്രിസ്തു ഇപ്പോഴും ശുദ്ധീകരസ്ഥലത്തിൽ കിടന്നു പീഡ സഹിക്കുന്നതായി കത്തോലിക്കാസഭ വിശ്വസിക്കുന്നുണ്ടെന്നു പറഞ്ഞു ഓർശ്ലെമിൽ അച്ചടിപ്പിച്ച ഏതോ അറബിപുസ്തകത്തിൽനിന്നു പ്രാർത്ഥന ഉദ്ധരിക്കുന്നതു വ്യാജവും കൃത്രിമവുമല്ലെങ്കിൽ പിന്നെ എന്താണ്? സംഗതികൾ പറഞ്ഞുവരുമ്പോൾ ഫെരാരിയുടേയും കോതമംഗലംകാരുടേയും പുസ്തകത്തിൻെറപോലെയിരിക്കും ഇതും. പണ്ടൊരോ പുലിയെ കണ്ടതു ചോദിച്ചുവന്നപ്പോൾ കരിയില ഇളകിയതായി കണ്ടെന്നു പറഞ്ഞതുപോലെ. ദൈവപുത്രനായ ക്രിസ്തു കന്യകമറിയത്തിൽനിന്നു ജനിക്കാതെ, ഒട്ടകപ്പക്ഷിയുടെ മുട്ടപോലെ ഏതോ വലിയ ഒരു മുട്ടയിൽനിന്നു മനുഷ്യനായി വിരിഞ്ഞിറങ്ങുകയായിരുന്നെന്നു യാക്കോബായക്കാർ വിശ്വസിച്ചുവരുന്നെന്നും, "ക്രിസ്തുവിൻെറ ജീവചരിത്രം" എന്ന പേരിൽ 1930-ൽ അന്ത്യോക്യായിൽ അച്ചടിപ്പിച്ച ഒരു പുസ്തകത്തിൻെറ 58 ാം പുറത്തു ഇക്കാര്യങ്ങളെല്ലാം പ്രസ്താവിച്ചിട്ടുണ്ടെന്നും ഞാൻ പറഞ്ഞാൽ സലാമറമ്പാൻ എന്തു മറുപടി നൽകും? ആ മറുപടിതന്നെയാണ് ക്രിസ്തു ശുദ്ധീകരസ്ഥലത്തിൽ കിടക്കുന്നതായി കത്തോലിക്കർ വിശ്വസിക്കുന്നെന്നും ഓർശ്ലെമിൽ അച്ചടിപ്പിച്ച ഒരു പുസ്തകം ഇന്ന പുറത്തു ക്രിസ്തുവിനുവേണ്ടിയുള്ള ഒരു പ്രാർത്ഥനയുണ്ടെന്നും പറഞ്ഞ് അതു ഉദ്ധരിക്കുന്ന റമ്പാച്ചനും നൽകുവാനുള്ളതു്. ഇതുപോലെയുള്ള വ്യാജപ്രസ്താവനകൾകൊണ്ടു യാക്കോബായസഭയുടെ നിലയെ ഉറപ്പിക്കാമെന്നു വ്യാമോഹിക്കുന്ന യാക്കോബായപണ്ഡിതന്മാരുടെ പാണ്ഡിത്യവും സദാചാരബോധവും എത്ര പ്രശംസാർഹം!

3) എന്നാൽ ഇവയൊക്കെക്കാൾ വ്യാജപ്രസ്താവനകളും കൃത്രിമങ്ങളും സലാമറമ്പാൻ പ്രയോഗിക്കുന്നതു കത്തോലിക്കാസഭയിലെ സുപ്രസിദ്ധ സന്മാർഗ്ഗശാസ്ത്രജ്ഞന്മാരിൽ ഒരാളായ വി. അല്ഫോൻസു ലിഗോരി എഴുതിയ "സന്മാർഗ്ഗശാസ്ത്രം" (Moral Theology) എന്ന ഗ്രന്ഥസഞ്ചയത്തിൽനിന്നും ഉദ്ധരണികൾ നൽകുമ്പോഴാണ്. വി. ലിഗോരിയുടെ പുസ്തകത്തിൻെറ വാല്യവും പുറവുമെല്ലാം റമ്പാച്ചൻ പറയുന്നുണ്ടെങ്കിലും അതു എവിടെ അച്ചടിപ്പിച്ചതാണെന്നോ, ആര് അച്ചടിപ്പിച്ചതാണെന്നോ പറയുന്നില്ല. വി. ലിഗോരി എഴുതിയിട്ടുള്ള പുസ്തകത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കു നേരെ വിപരീതമായവ റമ്പാച്ചൻ ഉദ്ധരിക്കുന്നതുകൊണ്ട് ഈ പുസ്തകം റമ്പാച്ചനു എവിടെ കിട്ടിയെന്നു അറിഞ്ഞാൽ കൊള്ളാമായിരുന്നു. റമ്പാച്ചൻ പറയുന്നവിധത്തിൽ കാര്യങ്ങൾ അടങ്ങിയ ഒരു പുസ്തകം വി. ലിഗോരിയോ, കത്തോലിക്കാസഭയിൽ ആരെങ്കിലുമോ എഴുതിയിട്ടില്ല. മാർ ജൂലിയോസ് തിരുമേനിയുടെ സെക്രട്ടറിയായി ദീർഘകാലം മഞ്ഞനിക്കരെ വസിച്ചിരുന്ന ദേഹവും, ഇപ്പോൾ ശീമയിലുള്ള ബെയ്റൂട്ടിൽ മാർ സെവേരിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായുമായ അബ്ദുൽ ആഹാദ് റമ്പാനായിരിക്കയിൽ "മാർത്തോമ്മാ ദിയസ്ക്കോറോസിൻെറ തിരുസഭ" എന്നൊരു "തെറിപുസ്തകം" കത്തോലിക്കാസഭയെ ആക്ഷേപിച്ചു എഴുതുകയുണ്ടായി. അതിലെ ചരക്കുകളെയാണ് ശരിയോ തെറേറാ എന്നു പഠനംചെയ്യാതെ പണ്ഡിതനായ സലാമറമ്പാനും തൻെറ ഗ്രന്ഥത്തിൽ പകർത്തിയിരിക്കുന്നതു് (പുറം 4-7). ആഹാദ റമ്പാൻെറ ആ പുസ്തകം വായിക്കണമെന്നാണ് സലാമറമ്പാൻ വായനക്കാർക്കു കൊടുത്തിരിക്കുന്ന നിർദ്ദേശവും. കോതമംഗലംകാരെക്കാൾ തൻെറ സ്വദേശിയായ ആഹാദ്റമ്പാൻ വിശ്വസ്തനും പണ്ഡിതനുമാണെന്നു സലാമ റമ്പാൻ ഊഹിച്ചിരിക്കണം. എൻെറ ഈ മറുപടി കാണുമ്പോൾ ആഹാദ്റമ്പാൻെറ പുസ്തകത്തിൽ കണ്ടതാണ് ഇവയെല്ലാം എന്നു പറഞ്ഞ് സലാമറമ്പാനു ഒഴിയുകയുംചെയ്യാം. അഗാധപണ്ഡിതനായ സലാമറമ്പാൻെറ പാണ്ഡിത്യത്തിൻേറയും സത്യാവസ്ഥ വായനക്കാരെ ഗ്രഹിപ്പിക്കുന്നതിലുള്ള ശുഷ്കാന്തിയുടേയും മാനദണ്ഡം എത്ര ഉന്നതമെന്നു കണ്ടാലും!

"എൻെറ തെങ്ങേലിപ്രസംഗം" എന്ന എൻെറ ഗ്രന്ഥത്തിൽ ആഹാദ്റമ്പാൻെറ പുസ്തകത്തെ വിമർശിക്കയിൽ സലാമ റമ്പാൻ തൻെറ ഗ്രന്ഥത്തിൽ ഇപ്പോൾ ഉദ്ധരിച്ചിട്ടുള്ള ഇക്കാര്യങ്ങൾ മിക്കതിനേയും സവിസ്തരം പ്രതിപാദിച്ചു മറുപടികൊടുത്തിട്ടുണ്ട് (പുറം 116-152). അവ ഇവിടെ പകർത്തിയാൽ ഈ ലേഖനം വലിയ പ്രതിപാദനമായിത്തീരും. എന്നാൽ ഈ ലേഖനം വായിക്കുന്നവർ സലാമറമ്പാൻെറ വ്യാജപ്രസ്താവനകളും കൃത്രിമങ്ങളും ഗ്രഹിക്കുന്നതിനുവേണ്ടി റമ്പാച്ചൻ ഉദ്ധരിച്ചിട്ടുള്ള കാര്യങ്ങളും അല്ഫോൻസു ലിഗോരിയും കത്തോലിക്കാസഭയും സാക്ഷാൽ പഠിപ്പിക്കുന്ന കാര്യങ്ങളും എന്തെന്നു സംക്ഷിപ്തമായി പറയാം. ആലുവാസെമ്മിനാരിയിലെ ഗ്രന്ഥശാലയിൽ വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രമുണ്ട്. അതിൽനിന്നാണു ഞാൻ ഉദ്ധരണികൾ നൽകുന്നതു്. ഈ വിഷയത്തെ സംബന്ധിച്ച് കൂടുതൽ അറിയണമെന്നു ആഗ്രഹിക്കുന്നവർ "എൻെറ തെങ്ങേലിപ്രസംഗം" എന്ന ഗ്രന്ഥം വായിച്ചാൽമതി.

1. "മരിക്കാറായ പൂർണ്ണഗർഭിണിസ്ത്രീയുടെ ഉദരംകീറി കുട്ടിയെ പുറത്താക്കി മാമ്മോദീസാ മുക്കേണ്ടതാണെ"ന്നു വി. ലിഗോരി പഠിപ്പിക്കുന്നതായി ആഹാദ്റമ്പാൻ എഴുതിയെങ്കിലും സലാമറമ്പാൻ അതു "ഗർഭിണികളുടെ വയർ കീറി അവരുടെ ഉരുവുകളെ മാമ്മോദീസാ മുക്കുന്നതു" എന്നു പകർത്തി. മരിക്കാറായ ഗർഭിണിസ്ത്രീയുടെ വയർ കീറണമെന്നു വി. ലിഗോരി പറഞ്ഞിട്ടില്ല. സലാമ റമ്പാൻ പറയുന്നതു കേട്ടാൽ എല്ലാ ഗർഭിണികളുടേയും വയർ കീറണം—സ്വാഭാവികമായി ഒരു സ്ത്രീയേയും പ്രസവിക്കുവാൻ അനുവദിക്കരുതു്—എന്നു വി. ലിഗോരി പഠിപ്പിക്കുന്നതായി തോന്നിപ്പോകും. എന്നാൽ ലിഗോരി പറയുന്നതു് "ഗർഭിണിയായ സ്ത്രീ മരിക്കുകയും പ്രജ ജീവിക്കുകയും ചെയ്യുന്നെങ്കിൽ ശസ്ത്രവിദ്യ

---

(11-ാം പേജ് തുടർച്ച)

ങ്കിലും അയാളുടെ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു. സ്നേഹമസൃണവും, ദയാനചിതവും, ശാന്തിപ്രദവുമായ ഒരു വീക്ഷണത്തിനു ബറാബാസിനെ വിഷയമാക്കിക്കൊണ്ട് ഇഷ്ടൻ പറഞ്ഞു; "അദ്ദേഹം ദൈവപുത്രനായിരുന്നു, ബറാബാസ്. അദ്ദേഹം നിങ്ങളെയും മററുള്ളവരെയും രക്ഷിച്ചു. ഒരു ദിവസം നിങ്ങൾ, പോരാ എല്ലാവരും അതു് ഗ്രഹിക്കും."

ഒരക്ഷരം പോലും ശബ്ദിക്കാതെ ബറാബാസ് സ്നേഹിതനിൽനിന്നു് പിരിഞ്ഞു, ജറൂസലം നഗരത്തെ ആവരണംചെയ്ത കൂരിരുട്ടടഞ്ഞ രാത്രിയെ ശരണീകരിച്ചു. (തുടരും)

THE SOUTH INDIAN BANK LTD.

Estd: 1929 **H. O. TRICHUR** A Scheduled Bank

SAVINGS BANK ACCOUNTS

3% p. a. Interest allowed without limit.
Maximum withdrawal allowed per week
Rs. 1000. Operation by cheque.

*CALL DEPOSITS & FIXED DEPOSITS FOR PERIODS OF 1 to 24 MONTHS ACCEPTED AT VERY ATTRACTIVE RATES*

BRANCHES:

ALLEPPEY
ALWAYE
BHAVANI
COCHIN
COIMBATORE
ERNAKULAM
GOBICHETTIPALAYAM
IRINJALAKUDA
KUNNAMKULAM
KOZHIKODE
KOLLENGODE
MADRAS
MANJERI
MANNARGHAT
NILAMBUR
OTTAPALAM
PALGHAT
POLLACHI
PONANI
SALEM
TIRUPUR
TRICHUR
&
WADAKANCHERI

ന്മാർ ശസ്ത്രക്രിയചെയ്തു കുട്ടിയെ എടുത്തു മാമ്മോദീസാ മുക്കണം" എന്നാണ് (സന്മാർഗ്ഗശാസ്ത്രം. പുസ്തകം 6, ഖണ്ഡിക നമ്പർ 106). പൂർണ്ണഗർഭിണിയായ തള്ള മരിച്ചശേഷം കുട്ടി ജീവിക്കുന്നെങ്കിൽ അതിനെ മരിക്കാതെ രക്ഷിക്കുവാൻ ശസ്ത്രവിദഗ്ദ്ധന്മാരായ ഡോക്ടർമാർക്കു സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യാൻ പാടില്ലെന്നു മനുഷ്യസ്നേഹിയായ ആരെങ്കിലും പറയുമോ? അങ്ങനെ രക്ഷിക്കപ്പെടുന്ന കുട്ടിക്കു മാമ്മോദീസാ നൽകുന്നതു തെറ്റോ? മരിച്ച ഗർഭിണിസ്ത്രീയുടെ വയർ ശസ്ത്രവിദഗ്ദ്ധന്മാർ കീറി ജീവനുള്ള കുട്ടിയെ രക്ഷിക്കണമെന്നു ലിഗോരി പറയുമ്പോൾ, മരിക്കാറായ ഗർഭിണിസ്ത്രീയുടെ—എല്ലാ ഗർഭിണികളുടേയും—വയർ കീറണം എന്നു ആഹാദ്‌റമ്പാനും സലാമറമ്പാനും പറയുന്നതു വായനക്കാരെ തെറ്റിദ്ധരിപ്പിക്കാനല്ലേ? ഡോക്ടർമാർ ഒരു കുട്ടിയെ രക്ഷിക്കാനായി മരിച്ച സ്ത്രീയുടെ വയർ കീറുന്നതും, മരിക്കാറായ അഥവാ മരിക്കാതെ സുഖമായിരിക്കുന്ന സ്ത്രീയുടെ വയർ കീറുന്നതും ഒരുപോലെയാണോ?

2 "തുപ്പൽകൊണ്ടുള്ള മാമ്മോദീസാ സ്വീകാര്യമാണ്" എന്നു ലിഗോരി പറയുന്നതായി ആഹാദ്‌റമ്പാൻ എഴുതുമ്പോൾ "തുപ്പൽകൊണ്ടുള്ള മാമ്മോദീസാ" എന്നു മാത്രം സലാമറമ്പാൻ എഴുതുന്നു. കത്തോലിക്കാസഭയിലെ മാമ്മോദീസായെല്ലാം തുപ്പൽകൊണ്ടാണെന്നു വായനക്കാർ ധരിക്കാൻവേണ്ടിയായിരിക്കാം സലാമറമ്പാൻ ഇങ്ങനെ എഴുതിയതു്. കത്തോലിക്കാസഭ പഠിപ്പിക്കുന്നതു മാമ്മോദീസാ ശരിയാകണമെങ്കിൽ സ്വാഭാവികജലം (natural water) ഉപയോഗിക്കണമെന്നാണ്. മരിക്കാറായി കിടക്കുന്ന ഒരാളെ മാമ്മോദീസാ മുക്കേണ്ട അത്യാവശ്യമുണ്ട്, എന്നാൽ സ്വാഭാവികജലം ഉടനെ കിട്ടാനില്ല എന്നു കരുതുക. അങ്ങനെ വന്നാലും പാൽ, എണ്ണ, നെയ്യ്, വീഞ്ഞ്, കണ്ണുനീർ, രക്തം, വിയർപ്പ്, തുപ്പൽ ആദിയായ ഏതെങ്കിലും ദ്രാവകം കൊണ്ടു മാമ്മോദീസാ മുക്കിയാൽ ശരിയാകയില്ലെന്നാണു വി. ലിഗോരിയും കത്തോലിക്കാസഭയും പഠിപ്പിക്കുന്നതു്. തുപ്പൽകൊണ്ടുള്ള മാമ്മോദീസാ ശരിയാണെന്നു പഠിപ്പിച്ചിരുന്ന ചില പാഷണ്ഡികളുടെ അഭിപ്രായത്തെ ഇന്നസെൻറു മാർപ്പാപ്പാ ശപിച്ചുതള്ളിക്കളഞ്ഞിട്ടുണ്ടെന്നും ലിഗോരി തൻെറ ഗ്രന്ഥത്തിൽ സ്പഷ്ടമായി എഴുതിയിരിക്കുന്നു (പുസ്തകം 6, ഖണ്ഡിക 103-104). ഇങ്ങനെ തുപ്പൽകൊണ്ടുള്ള മാമ്മോദീസാ അസാധുവാണെന്നു സ്പഷ്ടമായി പഠിപ്പിക്കുന്ന വി. ലിഗോരി തുപ്പൽകൊണ്ടുള്ള മാമ്മോദീസാ സാധുവാണെന്നു പഠിപ്പിക്കുന്നതായി ആഹാദ്‌റമ്പാനും സലാമറമ്പാനും പറയുന്നു. വാദിയെ പ്രതിയാക്കുന്ന ഈ സമ്പ്രദായം സന്യാസിമാരായ റമ്പാന്മാർക്കു യോജിച്ചതോ?

3. "ഒരുവൻ മരണത്തെ ഭയന്നു ദൈവകല്പനകളെ ലംഘിക്കുകയോ ആവശ്യമായിരിക്കുന്നതുപോലെ കുമ്പസാരിക്കാതിരിക്കുകയോ ചെയ്യാം." ഒരാൾ മരിക്കേണ്ടിവന്നാലും സ്വതേ അഥവാ ആന്തരികമായിത്തന്നെ തിന്മയായ മതത്യാഗം, ദൈവദൂഷണം, വ്യഭിചാരം, മന്ത്രവാദം ആദിയായവ ഭയംനിമിത്തം ചെയ്യുന്നതു ഭയങ്കരപാപമാണെന്നത്രേ കത്തോലിക്കാസഭയും ലിഗോരിയും പഠിപ്പിക്കുന്നതു്. (പുസ്തകം 5, ഖണ്ഡിക 19-22). മരണത്തെ ഭയന്നു ദൈവകല്പനകൾ ലംഘിക്കാമെങ്കിൽ കത്തോലിക്കാസഭയിൽ ഇത്രയധികം രക്തസാക്ഷികൾ ഉണ്ടാകുമായിരുന്നില്ല. ഈ അടുത്ത കാലത്തു പന്ത്രണ്ടു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന മരിയ ഗൊരേത്തി എന്ന ബാലിക അശുദ്ധമായ ഒരു പാപത്തിനു വശംവദയാകുന്നതിനേക്കാൾ അലക്സാണ്ടർ എന്ന ഒരു യുവാവിൽനിന്നു പതിന്നാലു കുത്തേറ്റു രക്തസാക്ഷിണിയായി മരിക്കയാണുണ്ടായതു്.

4. "കുമ്പസാരപിതാവു കുമ്പസാരസമയത്തും വ്യഭിചാരം ചെയ്യുന്നതു പാപമല്ല" ആഹാദ്‌റമ്പാനുപോലും ഈ വഷളത്തരം എഴുതുവാൻ ധൈര്യം തോന്നിയില്ല. സലാമറമ്പാൻ ഇക്കാര്യത്തിൽ ആഹാദ്‌റമ്പാനേയും ജയിച്ചിരിക്കുന്നു. വ്യഭിചാരം ആരുചെയ്താലും, എപ്പോൾ ചെയ്താലും ഭയങ്കരപാപമാണെന്നത്രേ കത്തോലിക്കാസഭയും വി. ലിഗോരിയും പഠിപ്പിക്കുന്നതു്. വി. കൂദാശകൾ കൈകാര്യംചെയ്യുമ്പോൾ പാപം ചെയ്യുന്നെങ്കിൽ പുണ്യവസ്തുദൂഷണം (Sacrilege) എന്ന ഭയങ്കര പാപംകൂടി ഉണ്ടാകുന്നു എന്നത്രേ കത്തോലിക്കാസഭയും വി. ലിഗോരിയും പഠിപ്പിക്കുന്നതു്. വ്യഭിചാരം, വേശ്യാസംഗം മുതലായവ എത്രമാത്രം കഠിനപാപങ്ങളാണെന്നു വി. ലിഗോരി തൻെറ സന്മാർഗ്ഗശാസ്ത്രം മൂന്നാംപുസ്തകത്തിൽ "വ്യഭിചാരം ചെയ്യരുതു്", അന്യൻെറ ഭാര്യയെ ആഗ്രഹിക്കരുതു്" എന്നീ ദൈവകല്പനകളെ സംബന്ധിച്ച എഴുതുകയിൽ അനേകം അദ്ധ്യായങ്ങളിലായി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

5. "കുമ്പസാരിക്കുന്നവൻ കുമ്പസാരിപ്പിക്കുന്നവനെ കുമ്പസാരത്തിൽ ചതിക്കയും, താൻ ചെയ്ത പാപം ഹൃദയത്തിൽ കുമ്പസാരിച്ചുകൊണ്ടു വായാൽ വിസമ്മതിക്കുകയും ചെയ്യാം. കുമ്പസാരസമയത്തു കള്ളം പറയാം." വി. ലിഗോരിയുടെ ഒരു പുസ്തകത്തിലും ഇങ്ങനെ പറഞ്ഞിട്ടില്ല കഠിനപാപങ്ങളേയും പ്രത്യേകമാലിന്യം വരുത്തുന്ന അവയുടെ സാഹചര്യങ്ങളേയും കുമ്പസാരത്തിൽ പട്ടക്കാരനോടു പറയുവാൻ എല്ലാവർക്കും കടമയുണ്ട്. മനഃപൂർവ്വം ഇവ പറയാതെ നടത്തുന്ന കുമ്പസാരം അസാധുവും പുണ്യവസ്തുദൂഷണവുമാണ് (Sacrilege) എന്നത്രേ കത്തോലിക്കാസഭയുടേയും വി. ലിഗോരിയുടേയും ഉപദേശം (പുസ്തകം 6, ഖണ്ഡിക 465-468). യാക്കോബായസഭയിലാണു കുമ്പസാരിക്കാൻ വരുന്നവർ കുമ്പസാരിപ്പിക്കുന്ന പട്ടക്കാരനെ ചതിക്കുന്നതും, കുമ്പസാരത്തിൽ കള്ളം പറയുന്നതുമെന്നു "എൻെറ തെരഞ്ഞേലിപ്രസംഗം" പുറം 133-142-ൽ ഞാൻ തെളിയിച്ചിട്ടുണ്ട്.

6. "അസ്വാഭാവിക ഭാര്യാഭർത്തൃബന്ധം പാപമല്ല." അസ്വാഭാവിക(പ്രകൃതിവിരുദ്ധമായ) ഭാര്യാഭർത്തൃബന്ധം മരണകരമായ പാപമാണെന്നത്രേ ലിഗോരിയുടെ പുസ്തകത്തിൽ പറയുന്നതു് (പുസ്തകം 6, ഖണ്ഡിക 915-918).

7. "പത്തു കല്പനകളേയും പാപ്പാക്കു നീക്കിക്കളയാം" മേലധികാരിയുടെ യാതൊരു കല്പനയേയും കീഴിലുള്ളവർക്കു നീക്കിക്കളയുവാൻ അധികാരമില്ല. അതുപോലെ ദൈവത്തിൻെറ കല്പനകളെ നീക്കിക്കളയുന്നതിനു പാപ്പായ്ക്കോ, ഏതെങ്കിലും മനുഷ്യനോ അധികാരമില്ലെന്നാണു ലിഗോരി പറയുന്നതു്. (പുസ്തകം 6, ഖണ്ഡിക 195-196).

8 "വിശ്വാസം നിഷേധിക്കയും വിഗ്രഹത്തിനു ആരാധന നടത്തുകയും ചെയ്യാം." മരണത്തിൽനിന്നു ഒഴിയുവാൻവേണ്ടിപ്പോലും വിശ്വാസം ഉപേക്ഷിക്കയോ, വിഗ്രഹാരാധന നടത്തുകയോ ചെയ്യാൻ പാടില്ലെന്നത്രേ ലിഗോരി പറയുന്നതു്. (പുസ്തകം 2, ഖണ്ഡിക 4, പുസ്തകം 1, ഖണ്ഡിക 175).

9. "വേദവിപരീതികളേയും അക്രൈസ്തവരേയും കൊല്ലാം." കൊല്ലരുതെന്നു ദൈവം കല്പിച്ചിരിക്കുന്നതു വേദവിപരീതികളേയും അക്രൈസ്തവരേയും കൊല്ലാമെന്നുള്ള അർത്ഥത്തിൽ ലിഗോരി ഒരിക്കലും മനസ്സിലാക്കിയിട്ടില്ല കൊലപാതകം ചെയ്യുന്നതും അതിനു സഹകരിക്കുന്നതും ഭയങ്കരപാപമാണെന്നത്രേ അദ്ദേഹം എഴുതിയിരിക്കുന്നതു്. (പുസ്തകം 3, ഖണ്ഡിക 393).

10. "ഉരുവിനെ (ഗർഭത്തിലുള്ള ശിശുവിനെ) കൊല്ലുവാൻ ഗർഭിണിക്കു മരുന്നു കുടിക്കാം. സന്തതി ഉണ്ടാകാതിരിപ്പാൻ മരുന്നുകുടിക്കാം." ഗർഭത്തിലുള്ള ശിശുവിനെ കൊല്ലുന്നതും, സന്തതി ഉണ്ടാകാതിരിക്കുവാൻ മരുന്നു കുടിക്കുന്നതും പ്രകൃതിവിരുദ്ധമായ ഭയങ്കരപാപങ്ങളാണെന്നു ലിഗോരി എഴുതിയിരിക്കുന്നു. (പുസ്തകം 3, ഖണ്ഡിക 394).

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

11. "ന്യായാധിപനു കൈക്കൂലി വാങ്ങാം, മെത്രാനു കൈക്കൂലി കൊടുക്കാം. പാപ്പാ ആയിത്തീരുവാൻവേണ്ടി കർദ്ദിനാളന്മാർക്കു കൈക്കൂലി കൊടുക്കാം." ആരാണെങ്കിലും കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും പാപമാണെന്നു ലിഗോരി പറയുന്നു. (പുസ്തകം 4, ഖണ്ഡിക 211-212). വൈദികാധികാരങ്ങളോ സ്ഥാനമാനങ്ങളോ ലഭിക്കുന്നതിനു കൈക്കൂലി വാങ്ങുന്നവരും കൊടുക്കുന്നവരും പുണ്യവസ്തുക്കളെ ക്രയവിക്രയം ചെയ്യുക (Simony) എന്നുള്ള ഭയങ്കര പാപത്തിൽ ഉൾപ്പെടുന്നെന്നു ലിഗോരി എഴുതിയിരിക്കുന്നു. (പുസ്തകം 3, ഖണ്ഡിക 52-63).

12. "ആവശ്യത്തിൻെറപേരിൽ എന്തെങ്കിലും ചെയ്താൽ സുകൃതത്തിനു ഭംഗമായിരിക്കുകയില്ല." എത്രനല്ല ഉദ്ദേശ്യത്തോടുകൂടി തിന്മചെയ്താലും തിന്മയല്ലാതെ നന്മയാകയില്ലെന്നത്രേ ലിഗോരി പഠിപ്പിക്കുന്നതു്. (പുസ്തകം 5, ഖണ്ഡിക 38-41). ഉദാഹരണമായി ഒരാളെ വലിയ അപകടത്തിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടിയാണെങ്കിലും കള്ളം പറയുന്നതു് പാപമാണ്. "End does not justify the means" (ഒരാൾ തെരഞ്ഞെടുക്കുന്ന ചീത്ത മാർഗ്ഗങ്ങൾ അയാളുടെ നല്ല ഉദ്ദേശ്യം നിമിത്തം നല്ലതാകയില്ല) എന്നത്രേ കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. മറിച്ചു പഠിപ്പിക്കുന്നതായി സലാമറമ്പാനെപ്പോലെ മററു അകത്തോലിക്കരും പറഞ്ഞു കത്തോലിക്കസഭയെ ആക്ഷേപിച്ചുവരുന്നു.

ഇത്രയും പ്രതിപാദിച്ചതിൽനിന്നും ആഹാദ് റമ്പാനും സലാമറമ്പാനും തങ്ങളുടെ ഗ്രന്ഥങ്ങളിൽ വി. ലിഗോരിയും കത്തോലിക്കാസഭയും സാക്ഷാൽ പഠിപ്പിക്കുന്നതിനു നേരേ വിപരീതമായവ പഠിപ്പിക്കുന്നുണ്ടെന്നു വായനക്കാരെ ധരിപ്പിക്കുവാനാണു ശ്രമിച്ചിട്ടുള്ളതെന്നു അനിഷേദ്ധ്യമായി തെളിയുന്നുണ്ടല്ലോ. ക്രിസ്ത്യാനികളുടെ വേദപുസ്തകത്തെപ്പററി ഒട്ടും പരിചയമില്ലാത്ത ഹിന്ദുക്കളുടെ ഇടയിൽ ക്രിസ്ത്യാനികളെ കഠിനമായി ദ്വേഷിക്കുന്ന ഒരു ഹൈന്ദവനേതാവു് ഒരു ഗ്രന്ഥം രചിക്കുന്നെന്നു് സങ്കല്പിക്കുക. അതിൽ ദൈവം മോശയ്ക്കു പ്രത്യക്ഷനായി സീനായ്‌മലമുകളിൽവച്ചു കൊടുത്ത കല്പനകൾ "നിൻെറ അപ്പനേയും അമ്മയേയും ബഹുമാനിക്കരുതു്", കൊല്ലണം, വ്യഭിചാരം ചെയ്യണം, മോഷ്ടിക്കണം, കള്ളസാക്ഷി പറയണം" എന്നെല്ലാം ആണെന്നു പ്രസ്താവിച്ചിട്ടു "1954-ൽ അച്ചടിപ്പിച്ച വേദപുസ്തകം, പുറം 75" എന്നെഴുതിയാൽ ആ ഹൈന്ദവനേതാവിനെപ്പററി എന്തുപറയണം? ആളുകളുടെ അജ്ഞതയിൽനിന്നു മുതലെടുക്കുന്ന ഒരാളല്ലേ അദ്ദേഹം? ഇതുപോലെ കത്തോലിക്കാസഭയെ ദ്വേഷിക്കുന്ന സലാമറമ്പാൻ യാക്കോബായക്കാർക്കും സാധാരണ വായനക്കാർക്കും പരിചയമില്ലാത്ത വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രത്തിൽനിന്നു അദ്ദേഹവും കത്തോലിക്കാസഭയും പഠിപ്പിക്കുന്നതിനു നേരേ വിപരീതമായവ പ്രസ്താവിച്ചിട്ടു ലിഗോരിയുടെ പുസ്തകത്തിൻെറ വാല്യവും പുറവും വായനക്കാരുടെ മുമ്പിൽ സധൈര്യം പ്രദർശിപ്പിക്കുന്നു! ഇങ്ങനെ വായനക്കാരെ വഞ്ചിക്കുന്നതാണോ സത്യസന്ധതയുടേയും പാണ്ഡിത്യത്തിൻേറയും ലക്ഷണം? ആലുവാ സെമ്മിനാരിയിൽ വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രമുണ്ടെന്നു പറഞ്ഞല്ലോ. ആലുവായിൽപോയി വി. ലിഗോരിയുടെ ആ പുസ്തകത്തിൽനിന്നു റമ്പാൻ ഉദ്ധരിച്ചിട്ടുള്ളമാതിരി ഏതെങ്കിലും സംഗതി അതിൽ ഉള്ളതായി കാണിച്ചുതരാമോ? റമ്പാച്ചൻെറ യാത്രച്ചെലവു മുഴുവനും ഞാൻ വഹിച്ചുകൊള്ളാം.

വി. ലിഗോരിയേയും കത്തോലിക്കാസഭയേയും സംബന്ധിച്ചു ഇത്രയധികം വ്യാജപ്രസ്താവനകൾ നടത്തി വായനക്കാരെ വഞ്ചിച്ചിട്ടും തൃപ്തനാകാതെ കത്തോലിക്കാസഭയെപ്പററി അജ്ഞതയും വിദ്വേഷവും വായനക്കാരിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി റമ്പാച്ചൻ ഇപ്രകാരം എഴുതുന്നു: "ഇവകൾ കൂടാതെ ഇങ്ങനെയുള്ളതും ഇവയെക്കാൾ നികൃഷ്ടവും, പ്രസ്താവിക്കുവാൻ ഞങ്ങൾ ലജ്ജിക്കുന്നതുമായ അനേകകാര്യങ്ങൾ പ്രസ്തുത പുസ്തകത്തിലുണ്ട്. യേശുക്രിസ്തുവിൻെറ നാമത്തെപ്രതി അവ ഞങ്ങൾ ഉദ്ധരിക്കുന്നില്ല." എത്ര "മര്യാദരാമ"നായിട്ടാണു റമ്പാച്ചൻ ഇവിടെ പ്രത്യക്ഷനാകുന്നതു്!

ഇതിൽ കൂടുതൽ ഇനി എന്താണു പറയുവാനുള്ളതു്? ഇനി പറയാനുള്ളവയും ഇതുപോലെയിരിക്കുമെന്നു മാന്യവായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. അല്ഫോൻസു ലിഗോരി സമർത്ഥനായ ഒരഭിഭാഷകനായിരുന്നു. ഒരു കേസിൽ അറിയാതെ തെററായ ഒരു പ്രമാണത്തെ ആസ്പദമാക്കി വാദിക്കുന്നതിനിടയായി. പിന്നീടു അദ്ദേഹത്തിനു ആ പ്രമാണം തെററായിരുന്നെന്നു മനസ്സിലായി. അറിയാതെയാണെങ്കിലും തെറുചെയ്യുവാൻ ഇടയാക്കിയ അഭിഭാഷകവൃത്തി തുടർന്നാൽ ആത്മനാശം നേരിട്ടേക്കുമെന്നു ഭയന്നു അദ്ദേഹം ജോലി ഉപേക്ഷിച്ചു് സന്യാസജീവിതം തിരിഞ്ഞെടുത്തു. കഠിനതപഃക്രിയകൾചെയ്തു മഹാപുണ്യവാനായി അദ്ദേഹം മരിച്ചു. "രക്ഷകൻെറ സഭ" (Redemptorist Order) എന്ന പേരിലറിയപ്പെടുന്ന വിശ്രുത സന്യാസസമൂഹത്തിൻെറ സ്ഥാപകനും ഇദ്ദേഹമാണ്. ആദ്ധ്യാത്മികപാരായണത്തിനു ഉപകരിക്കുന്ന അസംഖ്യം വിശിഷ്ടഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഇത്ര പരിശുദ്ധനും മഹാനും മൃദുലമനസ്സാക്ഷിയുള്ളവനുമായ വി. ലിഗോരിയെയാണു സകലവിധ വഷളത്തരങ്ങളും മ്ലേച്ഛതകളും പഠിപ്പിക്കുന്ന ഒരാളായി രണ്ടു യാക്കോബായറമ്പാന്മാർ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്!

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ ആഹാദ്‌റമ്പാൻ (ഇപ്പോൾ ബെയ്‌റൂട്ടിലെ മാർ സെവേറിയോസ് മെത്രാപ്പോലീത്താ) യാക്കോബായപാത്രിയർക്കീസായി തിരിഞ്ഞെടുക്കപ്പെട്ടു എന്ന വാർത്ത അടങ്ങിയ ഒക്ടോബർ 16-ാം തീയതിയിലെ മലയാളമനോരമയും, കേരളഭൂഷണവും എൻെറ കൈവശം കിട്ടി. ആഹാദ്‌റമ്പാൻ ഒരു പണ്ഡിതനും വിവിധ ഭാഷകൾ അറിയാവുന്ന ആളുമാണെന്നത്രെ പത്രറിപ്പോർട്ട്. ആഹാദ്‌റമ്പാനെപ്പോലെ സലാമറമ്പാനും ഒരു പാത്രിയർക്കീസാകാനുള്ള യോഗ്യതകൾ ഇല്ലാതില്ല. ദൈവം ഇവരെ രണ്ടുപേരേയും അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

(തുടരും)

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനുസമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്ക് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച ചികിൽസ നിശ്ചയിക്കുന്നതുമാണ്.

## കമ്മ്യൂണിസ്റ്റുകൾ നിരോധിച്ചതു് ജനങ്ങൾ കൂട്ടിച്ചേർക്കുന്നു

പോളണ്ടിൽ ഗ്രാസ്സോയുടെ പരിസരങ്ങളിൽ രാജ്യത്തെ ഏററവും വലിയ ഉരുക്കുവ്യവസായത്തെ ചുററി "നോവാ ഹൂട്ടാ" എന്ന ഒരു പുതിയ പട്ടണം യുദ്ധാനന്തരം സംവിധാനംചെയ്യപ്പെട്ടു. കമ്മ്യൂണിസ്റ്റുമേധാവികളുടെ കർശനമായ നിർദ്ദേശം അതിൽ യാതൊരു ദേവാലയത്തിനും സ്ഥാനമുണ്ടായിരിക്കരുതെന്നായിരുന്നു. അതങ്ങിനെതന്നെ നിർവ്വഹിക്കപ്പെടുകയും ചെയ്തു. എന്നാൽ കഴിഞ്ഞകൊല്ലത്തെ നിണരഹിതമായ ഒക്ടോബർവിപ്ലവത്താൽ കമ്മ്യൂണിസ്റ്റുഭരണം മറിച്ചിടപ്പെട്ടപ്പോൾ നഗരവാസികൾ നിശ്ചയിച്ചു, ആ വിടവു നികത്തണമെന്നു്. പോളണ്ടിൻെറ സ്വർഗ്ഗീയരാജ്ഞിയായ പരിശുദ്ധ കന്യകമറിയത്തിൻെറ നാമത്തിൽ അവിടെ ഏററവും മനോഹരമായ ഒരു ദേവാലയം പണിയുന്നതിനു തക്ക പ്ലാനുണ്ടാക്കുവാൻ ശില്പകലാകാരന്മാരുടെ ഒരു മത്സരം ഏർപ്പാടുചെയ്തിരിക്കുകയാണിപ്പോൾ. സമ്മാനാർഹമായി വിജയിക്കുന്ന പ്ലാനനുസരിച്ചായിരിക്കും നോവാ ഹൂട്ടായിലെ പ്രഥമദേവാലയം നിർമ്മിക്കപ്പെടുക.

—o—




## അദ്ധ്യായം 25 (തുടർച്ച)

## ഏകാകിത

(വി. സി. ജോർജ്ജ് ബി. എ. എൽ. ററി.)

പീലാത്തോസ് കുറഞ്ഞൊന്നു ആലോചിച്ചിട്ട പറഞ്ഞു: "ഈ കാര്യം പ്രമാണിച്ച് എനിക്കു സ്വല്പം മനഃക്ലേശം ഉണ്ടാകാതിരുന്നില്ല. എങ്കിലും ഞാൻ വാഗ്ദാനം ചെയ്തതാണ്. ബറാബാസിനെ മോചിപ്പിക്കുകതന്നെവേണം. ഈ രാജ്യം ഭരിക്കുന്നതു തങ്ങളാണെന്നു ഈ പ്രാകൃതജനം വ്യാമോഹിക്കുന്നുവെന്നു തോന്നുമാറു് അവർ അയാളുടെ മോചനത്തിനുവേണ്ടി മുറവിളികൂട്ടുന്നു. എന്നാൽ മോചനാനന്തരം അയാൾ നോട്ടപ്പുള്ളിയായിരിക്കണം. ജരൂസലേം വിട്ടുന്നയുടൻ യാതൊരു ലക്ഷ്യവും അവശേഷിക്കാത്തവിധം വധിക്കപ്പെടുകയുംവേണം. കാര്യം മനസ്സിലായില്ലേ?"

"ഉവ്വ്; ഞാൻ ഒരു യഹൂദനെക്കൊണ്ടുതന്നെ അയാളുടെ കഥ കഴിപ്പിക്കും" മാർക്കസ് ഉത്സാഹപൂർവ്വം മറുപടിനൽകി.

"കൊള്ളാം. പക്ഷേ പട്ടണത്തിനു പുറത്തുവച്ചായിരിക്കണം. വല്ല ബഹളവും ഉണ്ടാകാതിരിക്കുന്നതിനു്. ഇന്നത്തേക്കു ബഹളം ധാരാളമായി."

മാർക്കസ് കാരാഗൃഹത്തിലെത്തി, ബറാബാസിനെ സ്വതന്ത്രനാക്കുവാൻ അവിടത്തെ അധികാരികൾക്കാജ്ഞനൽകി.

കച്ചേരിയിൽനിന്നു് ജയിൽമുറിയിലേക്കു വീണ്ടും കൊണ്ടുചെന്നു് ഭിത്തിയോടുചേർത്തു ബറാബാസിനെ ഇരുമ്പുതുടലുകൊണ്ടു ബന്ധിച്ചിരിക്കുകയായിരുന്നുവല്ലോ. ഇതിന്റെയൊന്നും സാരം അയാൾക്കു മനസ്സിലായില്ല. എന്തെല്ലാം സംഭവിച്ചു? താനും നസ്രായൻ ഈശോയും, ഇങ്ങനെ ഇരുവരിൽ ആരെ മോചിക്കണമെന്നു പീലാത്തോസ് ജനങ്ങളോടു ചോദിച്ചതായും ജനങ്ങൾ തന്നെ സ്വതന്ത്രനാക്കുവാനും ഈശോയെ കുരിശിലേററുവാനും ആവശ്യപ്പെട്ടതായും ബറാബാസ് ഓർമ്മിച്ചു. ഇതിനെ വകവയ്ക്കാതെ പീലാത്തോസ് തന്നെ ക്രൂശിലേററുവാൻ കരുതുകയാണോ? അദ്ദേഹം വാഗ്ദാനലംഘനത്തിനു മുതിർന്നോ? തീർച്ചയായും വധശിക്ഷ തനിക്കനുഭവപ്പെടുമെന്നു ബറാബാസിനു ഖണ്ഡിതമായ അഭിപ്രായമുണ്ടായിരുന്ന അവസരത്തിൽ പല കാര്യങ്ങളും അയാൾ ശ്രദ്ധിച്ചില്ല. ജീവൻതന്നെ അയാൾക്കു തൃണസമാനമായിരുന്നു. എന്നാൽ ജീവനിൽ ആശയ്ക്കല്പം വകയുണ്ടായപ്പോൾ മരണത്തെപ്പററിയുള്ള ഭയം അയാളെ കിടുകിടാ വിറപ്പിച്ചു. അനിശ്ചിതാവസ്ഥയിൽ കഴിഞ്ഞ ഓരോ നിമിഷവും തീവ്രമായ മനോവേദന അയാൾക്കുളവാക്കുകയുംചെയ്തു.

ഭൂമികുലുക്കം ബറാബാസിനും അനുഭവപ്പെട്ടു. അന്തർഭൗമഗർജ്ജനം അയാൾ കേട്ടു. എന്നാൽ സൂര്യനെ അന്ധകാരം ആവരണം ചെയ്തതയാൾക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. തടവുമുറി മുഴുവനും കൂരിരുട്ടിൽ ആണ്ടുപോയിരുന്നതായിരുന്നു കാരണം. സ്വേദകണങ്ങൾ അയാളുടെ നെററിയിൽനിന്നിററിററുവീണു; കോലായിൽക്കൂടി പാദുകധ്വനി കേൾക്കുന്ന അവസരങ്ങളിൽ ഭീതിപൂണ്ടു് അയാളുടെ ഹൃദയം ചുരുണ്ടു. തന്നെ കൊലയ്ക്കു കൊണ്ടുപോകുവാൻ അവർ വരികയാണോ? അതോ, അവർ തനിക്കു സ്വാതന്ത്ര്യം നൽകുമോ?

കാലൊച്ച ഓരോ പ്രാവശ്യവും കടന്നുപോയി. ആരും തന്നെപ്പററി ചിന്തിച്ചതായി ബറാബാസിനു തോന്നിയില്ല. അപ്പോഴേക്കും അന്തിസന്ധ്യ ആയതു അയാൾ ചിന്തിച്ചു. പാസ്സോവർ ആരംഭിച്ചിരിക്കാം. അങ്ങനെയെങ്കിൽ ആ ഉത്സവംസംബന്ധിച്ച വിശ്രമത്തിനിടയിൽ തന്നെ വധിക്കുവാൻ അവർക്കു സാധിക്കുകയില്ല, നിശ്ചയം. അയാൾ വീണ്ടും ചിന്തിച്ചു. നസ്രായൻ ഈശോയുടെ കാര്യമോ? കച്ചേരിയിലെ ശാലയിൽ ദർശിച്ച നസ്രായന്റെ മുഖബിംബം മനോമുകുരത്തിൽ ബറാബാസ് വിളിച്ചുവരുത്തി. ഭീകരമായി ക്ഷതിണിച്ചവശരായ ആ മനുഷ്യക്കോലം തന്റെ ഉദ്യമങ്ങൾക്കു വിഘ്നകാരിയായിത്തീർന്നതെങ്ങനെയെന്നോ, നസ്രായന്റെ വാക്കുകളും പ്രവർത്തനങ്ങളും സ്വന്തം ജീവിതരീതിക്കു നിറം കൊടുക്കുവാൻമാത്രം താൻ അത്ര ദുർബ്ബലമനസ്സനായതെന്തുകൊണ്ടെന്നോ മനസ്സിലാക്കുവാൻ ബറാബാസിനു കഴിഞ്ഞില്ല. ഏതായാലും സ്നേഹവും ദയയും കാരുണ്യവും ഉപദേശിച്ചുകൊണ്ടിരുന്ന ആ പ്രസംഗകന്റെ അവസാനം ചിന്തനീയംതന്നെ. ജനസാമാന്യം അയാളുടെ വധമാണല്ലോ ആവശ്യപ്പെട്ടതു് എന്നിങ്ങനെ ബറാബാസ് അനുകമ്പാപൂർവ്വമെങ്കിലും ഒരു പ്രബലനു് ദുർബ്ബലന്റെ പേരിൽ തോന്നാറുള്ള അവജ്ഞയോടുകൂടി ആലോചിച്ചു.

ഒരിക്കൽക്കൂടി കോലായിലെ പാദുകധ്വനി ബറാബാസ് കേട്ടു ചിത്തോദ്വേഗംകൊണ്ടു് ശ്വാസം മുട്ടി തന്നെ ബന്ധിച്ച ചങ്ങല അനുവദിച്ചതനുസരിച്ചു് ബറാബാസ് മുട്ടുകുത്തി കുനിഞ്ഞിരുന്നു ഇപ്രാവശ്യം കാലൊച്ച അകന്നുപോകുന്നില്ല. രണ്ടു കാവൽഭടന്മാർ! ഒരുവൻ കത്തിച്ച പന്തം കരത്തിലേന്തി ബറാബാസിന്റെ ഇരുട്ടറയിൽ പ്രവേശിച്ചു ബറാബാസിന്റെ ദേഹമാസകലം വിറച്ചുവിറങ്ങലിച്ചു. ജീവനോ മരണമോയെന്ന പ്രശ്നം അയാൾ അഭിമുഖീകരിക്കേണ്ട സമയം വന്നുകഴിഞ്ഞു.

പക്ഷേ അവർ ജീവൻ കൊണ്ടുവന്നവരായിരുന്നു. ഭടന്മാർ അയാളുടെ ചങ്ങല അഴിച്ചിട്ടു് അയാൾ എണീററുനില്ക്കുന്നതുവരെ അയാളെ ആമന്ദം ഇടിക്കുകയും തൊഴിക്കുകയുംചെയ്തു. അനന്തരം അവർ അയാളെ കോലായിലേക്കു തള്ളിയിറക്കി. അവിടെ അവർ ഒരു തട്ടത്തിൽ കുറെ വെള്ളം അയാൾക്കു കാണിച്ചുകൊടുത്തു. അതിൽ അയാൾ അഴുക്കു കഴുകിക്കഴിഞ്ഞപ്പോൾ വസ്ത്രങ്ങളുടെ ഒരു ചെറിയ കെട്ട് അയാളെ ഏല്പിച്ചു. ചെളിപുരണ്ടും ചുളുങ്ങിച്ചുരുണ്ടുമിരുന്ന ബറാബാസിന്റെ വസ്ത്രങ്ങൾതന്നെയായിരുന്നു കെട്ടിൽ കണ്ടതു്. ബറാബാസ് വസ്ത്രം മാറുന്നതുവരെ നിശ്ശബ്ദരായിക്കഴിഞ്ഞ ഭടന്മാർ അനന്തരം അയാളെ പുറത്തെ വാതിക്കലേക്കു നടത്തി. ഘനമേറിയ ഓർഗളം വലിച്ചുമാററി അവർ വാതിൽ തുറന്നു. അരക്ഷണംകൊണ്ടു് ബറാബാസ് തെരുവിലായി. തന്റെ പിമ്പിൽ വാതിൽ വലിച്ചടച്ച ശബ്ദം ഉടൻതന്നെ അയാൾ കേട്ടു

ബന്ധനവിമുക്തൻ! പെട്ടെന്നു വിശ്വസിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല. വസ്തുതയോ? മതിഭ്രമമോ? തെരുവു വിജനമായിരുന്നു. പ്രഭാതപ്രകാശം വീശിത്തുടങ്ങി. ഏതാനും അടികൾവച്ചു് അവിടെനിന്നു നീങ്ങുവാൻ ബറാബാസ് ഉത്സാഹിച്ചു. ക്ഷീണാധിക്യംകൊണ്ടു സാധിച്ചില്ല. അയാൾ നിരങ്ങിമാറി വഴിയരികിലുള്ള ഒരു കല്ലിന്മേൽ ഇരിപ്പുറപ്പിച്ചു. തെരുവിൽ ആരേയും കാണാത്തതെന്തുകൊണ്ടായിരിക്കാം. അന്നത്തെ സംഭവങ്ങളെപ്പററി യാതൊന്നും ഗ്രഹിക്കുവാൻ കഴിയാതിരുന്ന ബറാബാസിനു തെരുവുകളിലെ ജനരാഹിത്യവും നിശ്ശബ്ദതയും വിസ്മയജനകമായി. ജനങ്ങളുടെയിടയിലുണ്ടായ ഹൃദയപരിവർത്തനവും, കാതരരായ മൃഗങ്ങളോടൊപ്പം ഗൃഹാന്തർഭാഗങ്ങളിൽ നുഴഞ്ഞുകയറി ഒളിച്ചിരിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ച ഭയാനകാനുഭവങ്ങളും നീതിമാനായ പുരുഷന്റെ നിഷ്കളങ്കരക്തം മൂശിയമായി ചിന്തിയതിന്റെ ദുരന്തഫലം തങ്ങളുടെമേൽ നിപതിക്കട്ടെയെന്നവർ ആർത്തുവിളിച്ചതിനെത്തുടർന്നു് ദുർഗ്രഹമായ ഒരു തറവാടിത്വഭാരം ആവിർഭവിച്ചതും, ഇവയൊന്നും ബറാബാസ് അറിഞ്ഞിരുന്നില്ല. പാസ്സോവർ ആഘോഷം സംബന്ധിച്ച ചടങ്ങുകൾ തുടങ്ങിയതായി ബറാബാസ് ഊഹിച്ചു. സ്വഭവനങ്ങളിലിരുന്നു പെസഹാക്കുഞ്ഞാടു ഭക്ഷിച്ചു്, പണ്ടേക്കാലത്തു ഫറവോന്റെ ദാസ്യത്തിൽനിന്നു് പൂർവ്വികന്മാരെ സ്വതന്ത്രരാക്കിയതിനു ജനങ്ങൾ ദൈവത്തിനു അപ്പോൾ കൃതജ്ഞത പ്രകടിപ്പിക്കുകയായിരിക്കും എന്ന ഒരു തോന്നലും അയാൾക്കുണ്ടായി.

"സ്വാതന്ത്ര്യം!" ആകസ്മികമായി അയാൾ ഉച്ചത്തിൽ ശബ്ദിച്ചു. അതെ, സ്വാതന്ത്ര്യപ്രാപ്തി അനുസ്മരിച്ചു് മഹോത്സവം കൊണ്ടാടുന്ന സുദിനം! ജനങ്ങൾ ഭൂതകാലാനുഗ്രഹം മാത്രമല്ല വർത്തമാനകാലാനുഭവത്തെയും അനുസ്മരിക്കുന്നു. ഇസ്രായേൽജനത്തിന്റെ നേതാവും ഭാവിസ്വാതന്ത്ര്യസമ്പാദകനുമായ ബറാബാസിന്റെ റോമൻകാരാഗൃഹത്തിൽനിന്നുള്ള വിമോചനം അവർ ആഘോഷിക്കുന്നു. എന്നിങ്ങനെ അയാളുടെ ചിന്ത നീങ്ങി. പക്ഷേ ആരും തന്നെ സ്വീകരിക്കുവാൻ സ്ഥലത്തില്ലാത്തതെന്തുകൊണ്ടു്? കച്ചേരിമുറിക്കു സമീപം തിങ്ങിക്കൂടി തന്റെ നാമം ഉൽഘോഷിച്ചുകൊണ്ടു് തന്റെ വിമോചനം അഭ്യർത്ഥിച്ച അനേകായിരങ്ങളിൽ ഒന്നൊഴിയാതെ എല്ലാവരും അപ്രത്യക്ഷരായതെന്തുകൊണ്ടായിരിക്കാം? ജനങ്ങളുടെ പ്രാതിനിദ്ധ്യം വഹിച്ചു് ഒരു ചെറുസംഘമെങ്കിലും കാരാഗൃഹദ്വാരത്തിങ്കൽ സന്നിഹിതരായി തങ്ങളോടുകൂടി പെസഹാവിരുന്നിൽ സംബന്ധിക്കുവാൻ തന്നെ എന്തുകൊണ്ടു് തങ്ങളുടെ ഭവനങ്ങളിലേക്കു ക്ഷണിച്ചില്ല? എസ്രാപോലും എവിടെ? എന്തുകൊണ്ടാണയാളെയെങ്കിലും അവിടെ കാണാത്തതു്?

ജരൂസലെം വീണ്ടും തനിക്കെതിരായി വേഷം മാറിയിരിക്കുന്ന സ്ഥിതിക്കു് താനെവിടേക്കാണു് പോകേണ്ടതു്? ഇപ്പോൾ ആരേയും അവിടെങ്ങും കാണാനില്ലാത്ത നിലയ്ക്കു് അനേകായിരങ്ങൾ തന്റെ നാമം ഉൽഘോഷിച്ചു എന്നു തോന്നിയതു് ഒരു സ്വപ്നമായിരുന്നില്ലേ? ഏതായാലും താൻ അപ്പോൾ ബന്ധനവിമുക്തൻതന്നെ. തന്നെ ബന്ധിച്ചിരുന്ന ചങ്ങലകൾ കാണാനേയില്ല. ഇരുട്ടറയിലെ മലിനമായ തറയിൽ താൻ കിടക്കുന്നുമില്ല...അതുകൊണ്ടു് തനിക്കു മോചനം നൽകുവാൻ ജനങ്ങൾമൂലം പീലാത്തോസ് നിർബന്ധിതനായെന്നുള്ളതു് വാസ്തവം തന്നെ. പിന്നെ ഭയങ്കരമായ ഈ നിശ്ശബ്ദത തെരുവിലുണ്ടാകുവാനെന്തു ബന്ധം? ജരൂസലേമിലെ ജനാവലി എവിടെയായിരിക്കാം?

ചാഞ്ഞും ചരിഞ്ഞും ബറാബാസ് മെല്ലെ ഓഫൽ ഭാഗത്തേക്കു മൗനമുദ്ര പതിച്ച വീഥികളിൽക്കൂടി നീങ്ങി. കുറെമുമ്പു് താൻ രാത്രികാലങ്ങൾ ഒളിവിൽ കഴിച്ചതാണതരം തവേർണയായിരുന്നു ബറാബാസിന്റെ ലക്ഷ്യം. ആരെയെങ്കിലും, ഏതുതരത്തിൽപെട്ടവരായാലും കൊള്ളാം, കണ്ടുമുട്ടണമെന്നായിരുന്നു. അയാളുടെ ആഗ്രഹം. ശുണ്ഡയിൽ ചെന്നപ്പോൾ പരിചയക്കാരായ ചില ആളുകൾ അവിടെ ഉണ്ടായിരുന്നു എങ്കിലും അവർ വിശങ്കപൂർവ്വമാണ് അയാളെ സ്വാഗതം ചെയ്തതു്. തവേർണയുടമസ്ഥൻ ബറാബാസിനു ഭക്ഷിക്കുവാൻ കൊടുത്തു, എന്നാൽ ആദാനം സംബന്ധിച്ചു് പണ്ടുണ്ടായിരുന്നൗൽസുക്യം കണ്ടില്ല. അവിടത്തെ അന്തരീക്ഷം ഉന്മേഷരഹിതമായിരുന്നു. ആളുകൾ പരസ്പരം സംസാരിക്കാതെ മുക്കിലും മൂലയിലും കഴിഞ്ഞുകൂടുകയത്രെ ചെയ്തതു്.

"നിങ്ങൾക്കെല്ലാംഎന്തുപററി? ഞാൻ വിമുക്തനായി തീർന്നതു് നിങ്ങളെ ദുർഭഗരാക്കിയിരിക്കുകയാണോ?" ബറാബാസ് സംക്ഷുബ്ധനായി ചോദിച്ചു.

ഏതാനും നിമിഷങ്ങളിൽ ആരും സംസാരിച്ചില്ല. അനന്തരം അവരിൽ ഒരുവൻ പറഞ്ഞു; "നസ്രായൻ യേശുവിനെ ക്രൂശിൽ തൂക്കിക്കൊന്നു."

ഹൈമശീതളമായ മഴത്തുള്ളികൾ കണക്കേ ആ വാക്കുകൾ ബറാബാസിൽ അനുഭവപ്പെട്ടു. കാരാഗൃഹത്തിലെ ഇരുട്ടറയിൽ വെച്ചുപോലും തോന്നാതിരുന്ന അസ്വാസ്ഥ്യത്തിന്റെയും ഏകാകിതയുടെയും വികാരഭാരം അയാളെ ഞെരുക്കി. അങ്ങനെയിരിക്കെ, എസ്രാ അവിടെ ആഗതനായി.

ബറാബാസിനെ അവിടെ കണ്ടതിൽ എസ്രാ തെല്ലും വിസ്മയഭരിതനായില്ലാ. എസ്രാ സ്നേഹപൂർവ്വം ബറാബാസിനെ സ്വീകരിച്ചഭിവദിച്ചു. എന്നാൽ അയാളുടെ ദൃഷ്ടി വിദൂരസ്ഥമായ ഏതോ വസ്തുവിന്മേൽ പതിച്ചതായും അയാളുടെ ശബ്ദം ക്ഷീണിച്ചു് അയാളുടേതല്ലാ മററാരുടേതോ ആണു്, എന്ന വിധത്തിലും തോന്നി.

"എന്താണു് കാര്യം, എസ്രാ, തനിക്കു വലിയ മാററം ഉണ്ടായിരിക്കുകയാണല്ലോ. എന്തു സംഭവിച്ചു?" ബറാബാസ് ചോദിച്ചു.

നയനങ്ങൾ ബറാബാസിന്റെനേരെ തിരിക്കാതെ ഉന്മേഷരഹിതനായി എസ്രാ പറഞ്ഞു: "മിശിഹായെ അവർ കുരിശിൽ തറച്ചു കൊല്ലുന്നതു് ഞാൻ കണ്ടു."

"മിശിഹാ! ആ സാധുപിശാചു്, നസ്രായൻ ഈശോയെ ആണോ താൻ ഉദ്ദേശിക്കുന്നതു്?" ബറാബാസ് സഗൗരവം ചോദിച്ചു.

എസ്രായുടെ കണ്ഠനാളത്തിൽനിന്നു് ആയാസപൂർവ്വം പുറപ്പെട്ട ഇടറിയ സ്വരത്തിൽ ഉത്തരമുണ്ടായി; "അദ്ദേഹം മിശിഹാ ആയിരുന്നു. അതെ മിശിഹാ ആയിരുന്നു. അവർ അദ്ദേഹത്തെ ആണിഅടിച്ചു കുരിശിൽ തറച്ചു. അദ്ദേഹം ബറാബാസ്, നിങ്ങൾക്കുവേണ്ടിയും എനിക്കുവേണ്ടിയും നമുക്കെല്ലാവർക്കുംവേണ്ടിയും മരിച്ചു."

"തനിക്കു് ഭ്രാന്തുപിടിച്ചല്ലോ, എസ്രാ" ബറാബാസ് പ്രസ്താവിച്ചു

എസ്രാ നെറിയെ നിന്നു. അശ്രുധാര മുഖത്തുകൂടിയൊഴുകി എ

(ശേഷം 9-ാംപേജിൽ)

Book Review

## THE RED BOOK

### Of the Persecuted Church

By Albert Galter

(M. H. Gill and Son Ltd., Dublin-Pages 491+11 Price 30 s. postage extra)

The book under review is an authentic translation of a treatise on communist persecution published in Paris in 1956, under the auspices of the Commission for the Persecuted Church, of the International Catholic Organisations. As Mr. Jean Bernard, the President of the Commission has said in the preface of the book, in presenting the Red Book to world public opinion, the Commission for the Persecuted Church fulfils the duty of offering objective information on communist persecution to those who are prepared to examine without prejudice documented facts. With a motto, 'The Truth is irresistible; but it must be known,' the Commission has collected in this book all the information it could possibly gather from behind the Iron and Bamboo curtains, from the experiences of Refugees and from the written accounts of the various countries. In 15 well-arranged chapters, the history of the communist persecution in the different countries has been wisely traced. A Bibliography and an Analytical Index have been appended which are very useful for references.

Communists everywhere are quite unscrupulous to deny even the most obvious truths with a shameless ease, thereby leading an ordinary inquirer into a Chaos. 'The Red Book' is intended to fill this gap. It presents in a systematic manner a great many irrefutable facts, most carefully chosen and verified. It studies them and compares them one with the other wherever possible in the light of official documents which the persecutors themselves have established We believe that it is impossible to escape from the logic of the deductions drawn from the main outlines of the contemporary persecution, says Mr. Jean Bernard in the preface of the book.

These facts will speak for themselves to any unprejudiced inquirer if only he has the patience for a calm perusal, is our firm conviction. We therefore express our unreserved appreciation for this work of inestimable merit and wish the book a profuse circulation all over the world. J P. V.

Chakola's SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

EP

Wednesday November 20 1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 31
No. 15

## ബാലരംഗം





പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

ദൈവവചനം മനുഷ്യനായി അവതരിച്ചു, കന്യകമറിയത്തിന്റെ പരിശുദ്ധമായ ഉദരത്തിൽ! ഇനിയോ?

മംഗലവാർത്തയുടെ അവസരത്തിൽ മാലാഖ മറിയത്തോടു പറഞ്ഞു, വൃദ്ധയും വന്ധ്യയെന്നു കരുതപ്പെട്ടിരുന്നവളുമായ അവളുടെ ഇളയമ്മ —എലിശ്വാ— ഗർഭിണിയായിരിക്കുന്നുവെന്നു്. മറിയത്തിന്റെ അടുത്ത ചിന്ത എലിശ്വായെ ചെന്നുകണ്ടു് അവൾക്കു ശുശ്രൂഷചെയ്യണമെന്നതായിരുന്നു. സന്താനലാഭമില്ലാതെ ദുഃഖിച്ചിരുന്ന അവരെ ദൈവത്തിന്റെ അനുഗ്രഹലബ്ധിയിൽ അനുമോദിക്കണമെന്നും മറിയം ഉദ്ദേശിച്ചിരിക്കും. കുന്നുകളുടേയും മലകളുടേയും ഇടയിൽക്കൂടി ദീർഘവും ക്ലേശപൂർണ്ണവുമായ ഒരു യാത്ര കഴിച്ചു് മറിയം എലിശ്വായുടെ ഭവനത്തിലെത്തി. മറിയം പടികടന്നുവരുന്നതു കണ്ടമാത്രയിൽ സന്തോഷഭരിതയായി എലിശ്വാ ഓടിച്ചെന്നു അവളെ കെട്ടിപ്പിടിച്ചുസ്വീകരിച്ചു. ഇത്രയും സ്വാഭാവികമായ സംഭവങ്ങളായിരുന്നു.

അതേസമയത്തു അലൗകികവും ദിവ്യവുമായ ചില രംഗങ്ങൾ അവിടെ നടക്കുകയുണ്ടായി. ബാഹ്യനയനങ്ങൾക്കു അവ ദൃശ്യമായിരുന്നില്ല. പക്ഷെ എലിശ്വായുടേയും മറിയത്തിന്റേയും അന്തരാത്മാവിൽ അവ പ്രതിഫലിച്ചു. സംഭവം എന്തായിരുന്നെന്നോ? ദൈവപുത്രനെ ഉദരത്തിൽ വഹിച്ചുകൊണ്ടു സമാഗതയായ മറിയത്തിന്റെ സാന്നിദ്ധ്യത്തിൽ, എലിശ്വായുടെ ഉദരത്തിൽ ജാതമായിരുന്ന—മിശിഹായുടെ മുന്നോടിയാകാനിരുന്ന—ശിശു പ്രത്യേകമായ ദൈവികാനുകൂല്യത്താൽ സംശുദ്ധമാക്കപ്പെട്ടു. അതു ആനന്ദാതിരേകത്താൽ കുതിച്ചുചാടിയെങ്കിൽ അതിലത്ഭുതമില്ലല്ലോ. ദിവ്യാനന്ദനിർവൃതമായ ആ അന്തരീക്ഷത്തിൽ മറിയം വിശ്വമോഹനമായ "മാഗ്നിഫിക്കാത്തു്"—എന്റെ ഹൃദയം ദൈവത്തെ വാഴ്ത്തുന്നു—എന്ന ഗാനം ആലപിച്ചു. സൗഭാഗ്യവതിയായ എലിശ്വായും അതേററുപാടി. അതായിരുന്നു മനോഹരമായ ആ രംഗം!

ഈലോകജീവിതത്തിൽതന്നെ മനുഷ്യനനുഭവിക്കാൻ സാധിക്കുന്ന അഭൗമമായ ചില ആനന്ദങ്ങളുണ്ടു്. ലോകത്തിലെ സൃഷ്ടവസ്തുക്കളിലെല്ലാം ദൈവത്തിന്റെ നന്മ വിതറിക്കിടക്കുകയാണു്. സൃഷ്ടവസ്തുക്കളോരോന്നും നന്മയെ തേടുന്നതിന്റേയും കാരണമിതുതന്നെയാണു്. പക്ഷെ ഇവിടെ ഒരു വലിയ വഞ്ചന പിശാചു് കുത്തിതിരുകിയിരിക്കുന്നു. മനുഷ്യനെ ഭൗതികമായ സന്തോഷങ്ങൾകൊണ്ടു് വ്യാമോഹിപ്പിക്കുന്നതിനും, അഭൗമികമായവയിൽനിന്നു അവനെ വ്യതിചലിപ്പിക്കുന്നതിനും. ഈ ആശങ്കാന്ധകാരത്തിലാണു് മനുഷ്യൻ തപ്പിത്തടയുന്നതു്. ഈ അന്ധകാരം നീക്കുന്നതിനാണു് സത്യദീപമായ ദൈവപുത്രൻ അവതരിച്ചതു്. അവിടുന്നു വ്യക്തമായി പഠിപ്പിച്ചു, മനുഷ്യൻ ദൈവപിതാവിന്റെ അരുമസന്താനമാണെന്നും, ആ പിതൃഭവനത്തിലെ നിത്യാനന്ദത്തിനു മാത്രമേ അവനെ പരിപൂർണ്ണസംതൃപ്തനാക്കാൻ സാധിക്കുകയുള്ളുവെന്നും, അതോടു ബന്ധപ്പെടാത്ത ലോകസന്തോഷങ്ങളോരോന്നും ക്ഷണത്തിൽ കയ്പുനിറഞ്ഞതായി പരിണമിക്കുമെന്നും, ആദ്ധ്യാത്മികതയിൽ അടിയുറപ്പിച്ചിട്ടുള്ള ദൈവേഷ്ടപ്രസാദപരമായ ജീവിതത്തിൽ മാത്രമേ ആ നിത്യാനുഭൂതി അനുഭവവേദ്യമാവുകയുള്ളുവെന്നും. ഈ വെളിച്ചത്തിൽ പരിശുദ്ധ കന്യകമറിയത്തിന്റെ സന്ദർശനത്തെ ഒന്നു ദർശിക്കുക. അതിന്റെ മനോഹാരിത നമുക്കു അനുഭവപ്പെടും. വല്യേട്ടൻ

---

## 140–ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—പ്രേഷിതത്വം

## പ്രശ്നം നമ്പർ 141

(ജേക്കബ്ബ് പുളിക്കൽ Reg. No. 214)

ഞാനൊരു പുതിയ മാർഗ്ഗമാണു്. ആധുനികരാഷ്ട്രങ്ങളെല്ലാം ഞാൻ വഴിയാണു് പുരോഗമനം ചെയ്യുന്നതു്. കാലാകാലങ്ങളിൽ ഞാൻ തുടർച്ചയായി ജന്മമെടുക്കുകയാണു് രാജ്യപുരോഗതിയെ സാധിച്ചുകൊണ്ടു്. ഇന്ത്യയിൽ എന്റെ രണ്ടാംജന്മമാണിന്നു നിലവിലുള്ളതു്. ദീർഘമായ എന്റെ ത്രിപദനാമത്തിനു അക്ഷരം എട്ടുണ്ടു്. ഒന്നാമത്തെ അക്ഷരം പണക്കാരനിലുണ്ടു്, ദരിദ്രനിലില്ല. രണ്ടാമത്തെ അക്ഷരം ഇഞ്ചയിലുണ്ടു്, സോപ്പിലില്ല. മൂന്നാമത്തെ അക്ഷരം വനത്തിലുണ്ടു്, നാട്ടിലില്ല. നാലാമത്തെ അക്ഷരം ഉത്സവത്തിലുണ്ടു്, തിരുനാളിലില്ല. അഞ്ചാമത്തെ അക്ഷരം ആയിരത്തിലുണ്ടു്, നൂറിലില്ല. ആറാമത്തെ അക്ഷരം പറമ്പിലുണ്ടു്, വ്ട്ടിലില്ല. ഏഴാമത്തെ അക്ഷരം യുദ്ധത്തിലുണ്ടു്, സമരത്തിലില്ല അവസാനാക്ഷരം യുവതിയിലുണ്ടു്, മഹിളയിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

---

## അനുസരണ

(എൻ. ഒ. ജോർജ്ജ്, നെടുമ്പറമ്പിൽ Reg. No. 153)

മനുഷ്യരായ നാം അനുസരണയുള്ളവരായി ജീവിക്കേണ്ട ആവശ്യത്തെ ലോകത്തിനു ഒന്നുകൂടി വിളംബരം ചെയ്യുന്നതിനായിട്ടാണു ദൈവപുത്രനായ ക്രിസ്തു തന്റെ മാതാവായ മറിയത്തിനും യൗസേപ്പുപിതാവിനും കീഴ്പ്പെട്ടുകൊണ്ടു് അനുസരണയോടുകൂടി ജീവിച്ചതു്. അനുസരണ എന്ന വിശിഷ്ടഗുണം പുണ്യാഭിവൃദ്ധിക്കു ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത ഒന്നാണു്. നന്മചെയ്തുകടന്നുപോയ വിശുദ്ധന്മാരും വിശുദ്ധകളും അവരുടെ ഈ ലോകജീവിതംവഴി ഇതാണു് നമ്മെ ബോദ്ധ്യപ്പെടുത്തുന്നതു്.

ദൈവമാതാവായ പരിശുദ്ധമറിയം മംഗലവാർത്തയുമായി വന്ന ദൈവദൂതനോടു പറഞ്ഞതു് എന്താണെന്നു് നമുക്കറിയാം. ഗദ്സേമിൻതോട്ടത്തിൽവെച്ചു ക്രിസ്തു തന്റെ പങ്കപ്പാടിന്റെയും കുരിശുമരണത്തിന്റെയും യാതനകൾ അടുത്തിരുന്ന യാമങ്ങളിൽ പ്രാർത്ഥിച്ചതു് ദൈവഹിതം നിറവേറണമെന്നായിരുന്നു. അവിടുത്തെ ആഗ്രഹം തന്റെ പരമപിതാവിന്റെ കല്പനയ്ക്കു കീഴ്പ്പെട്ടുകൊണ്ടു് അനുസരണയുള്ള പുത്രനായി കുരിശുമരണം കൈവരിക്കുന്നതിനായിരുന്നു.

ലോകത്തിൽ നീതിപുലരണമെങ്കിൽ ശാശ്വതമായ സമാധാനം കൈവരണമെങ്കിൽ മനുഷ്യൻ അവന്റെ അഹങ്കാരാന്ധകാരത്തിൽനിന്നു മോചനം നേടണം. അനുസരണയില്ലാത്ത ജീവിതം നയിച്ചു് ദുരിതം അനുഭവിക്കുന്നവരുടെ അനുകമ്പാർഹമായ അവസ്ഥ നാം കാണുന്നുണ്ടു്. അതേസമയം അനുസരണയോടുകൂടി ജീവിതവിജയത്തെപ്പററി നാം സന്തോഷപൂർവ്വം മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടു്.

നാം എവിടെ നോക്കിയാലും അനുസരണയില്ലായ്മയുടെ കരിനിഴൽ വീശിയിരിക്കുന്നതാണു് കാണുന്നതു്. ഇന്നു നമ്മുടെ സമുദായത്തിൽ പല യുവാക്കന്മാരും വഴിപിഴച്ച നടപടികളിൽ വ്യാപൃതരാവുകയാണു്. അവർ സ്വന്തം മാതാപിതാക്കന്മാരുടേയും മേലധികാരികളുടേയും ഉപദേശത്തെ ധിക്കരിച്ചുകൊണ്ടു് തിരുസഭയെ അധിക്ഷേപിച്ചു് ഈശ്വരാസ്തിക്യത്തെത്തന്നെ നിഷേധിച്ചുകൊണ്ടു് അന്ധകാരശക്തികളുടെ കളിപ്പാവകളായി തിരുസഭയെ വേദനിപ്പിച്ചുകൊണ്ടിരിക്കുന്നതു കാണുമ്പോൾ നാം ദുഃഖിതരാവുകയാണു്. പക്ഷെ അതിനുത്തരവാദികൾ നാം തന്നെയാണെന്നതു വിസ്മരിക്കരുതു്. നാം ഓരോരുത്തരും അനുസരണയുള്ളവരായി ജീവിച്ചുകൊണ്ടു് വിശുദ്ധന്മാരെ അനുകരിക്കുവാൻ ശ്രമിക്കുക.

ചെറുകഥ

## ആ "ജാഥ"

(ആൻറണി പാറയ്ക്കൽ Reg. No. 194)

പടിഞ്ഞാറൻകാററിനെ ആസ്വദിച്ചുകൊണ്ടു് ഞാൻ ആ പടിഞ്ഞാറെ തൈമാവിന്റെ ചുവട്ടിൽ പഴുത്തുവീഴുന്ന മാങ്ങ പ്രതീക്ഷിച്ചിരിക്കുകയാണു്. ഒരു ചെറുകുന്നിന്റെ ഉച്ചിയിലാണതു നില്ക്കുന്നതു്. അങ്ങടുത്തു് ചെരിവിലുള്ള പുഞ്ചപ്പാടത്തിൽ പച്ചനെൽക്കതിരുകൾ കാററിലാടി ഉലയുന്നതു എനിക്കു കാണാം. ആ കൊച്ചുപാടത്തിന്റെ ഹൃദയാന്തർഭാഗത്തുകൂടി ഒരു ചെറിയ കൈത്തോടു നീണ്ടുനിവർന്നു കിടപ്പുണ്ടു്. പാടത്തിനും അപ്പുറത്തായി പ്രകൃതിരമണീയമായ പച്ചപ്പുൽത്തകിടി വിരിഞ്ഞു ശയിക്കുന്നു. അതിന്റെ താഴ്വരയിലുള്ള വിശാലമായ 60 അടി റോഡിൽക്കൂടിയാണു വാഹനങ്ങൾ ഗതാഗതം ചെയ്യുന്നതു്. കുളിർമ്മയേറിയ ഒരു കൊച്ചിളംകാററു് എന്റെ ദേഹത്തുവന്നു മുട്ടിയുരുമ്മി. അപ്പോഴും ആ പഴുത്തു തുടിച്ച മാങ്ങകളെ ഒന്നൊന്നായി സ്വപ്നം കാണുകയാണു ഞാൻ!

കാകന്മാർവന്നു യഥാക്രമം മാവിൻകൊമ്പുകളിൽ വിഹരിക്കുന്നുണ്ടു്, ആ മാങ്ങകളെ മാറിമാറി പരിശോധിച്ചുകൊണ്ടു്. ഒരു അണ്ണാൻകുഞ്ഞു് ആ കാക്കകളുടെ ആഗമനത്തിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടു് "ചിൽ... ചിൽ..." എന്നു ചിലച്ചു് അടുത്തുള്ള മറെറാരു മാവിൻകൊമ്പിലേക്കു ചാടിപ്പോയി. നിരാശയുടെ ആവേശത്തിൽ ഞാൻ ഒരു കല്ലെടുത്തു് ആ കാക്കക്കൂട്ടത്തിലേക്കു എറിഞ്ഞു. കഷ്ടം! അവയിൽ ഒന്നു ആ മാവിനോടും മാങ്ങകളോടും എന്നന്നേക്കുമായി യാത്ര പറഞ്ഞു് എന്റെ മുമ്പിൽ വന്നു വീണു. കാക്കക്കൂട്ടം എന്നെ വളഞ്ഞു. അവയുടെ പ്രതിഷേധശബ്ദങ്ങൾ എന്റെ ചെവികളിൽവന്നു മുഴങ്ങി. ഒരു കൊലപ്പുള്ളിയുടെ പ്രതീതിയോടെ ഞാൻ വീട്ടിൽ ചെന്നുകയറി, സത്യദീപത്തി

(ശേഷം 8-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Mamorial Press,
Ernakulam-1